പുസ്തകം 74
ലക്കം 3
മാർച്ച് 2005
അമാൻ - 1383
മുഹറം -സഫർ 1426

**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.

*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 5520733
ഫാക്സ് : **0495 - 2721609**
e-mail: sathyadoothan@ahmadiyya.com

സ്ഥാപിതം
**1925**

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

**4** യുഗശബ്ദം

**5** മുഖക്കുറിപ്പ്

ലേഖനം

**6** *സ്വർഗത്തിന്റെ യാഥാർത്ഥ്യം*
ഹദ്റത്ത് അഹ്മദ് (അ)

**8** *പരലോകം: ഈ ലോകജീവിതാവസ്ഥകളുടെ ആത്മീയ പ്രതിഫലനം*
എൻ.ഇ. ഹഖ്

**15** *സലാഹുദ്ദീൻ അയ്യൂബി*
ഫസൽ അഹ്മദ്

**19** *'അർറൂഹ്മിൻ അംറില്ലാഹി' - ഒരു വിശദീകരണം*
മുഹമ്മദ് ഉമർ

**23** *തീവ്രവാദികളുടെ മനശ്ശാസ്ത്രം*
എം.ഏ. അഷ്റഫ്, സ്കോട്ട്ലാന്റ്

**27** *ദുൽഖർ നൈൻ ആരാണ്?*
ഏ. പി. കുഞ്ഞാമു

**30** *സിയോണിസത്തിന്റെ ആവിർഭാവം*
ഏ. എം. മുഹമ്മദ് സലീം

**35** *മനുഷ്യഹൃദയം*
സക്കരിയ്യാവിർക്

**37** *സുഡാനിലെ മഹ്ദി*
എ. ക്യു. മഹ്ദി

കുറിപ്പുകൾ, വാർത്തകൾ.

**മുഖചിത്രം : മിനാറത്ത്, ഗ്രേറ്റ് മോസ്ക് ആലിപ്പോ, സിറിയ.**

Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, CLT - 1.


## ഖുർആനിൽ നിന്ന്

'ബോധനം വഴിക്കോ അല്ലെങ്കിൽ ഒരു മറയുടെ പിന്നിൽ നിന്നോ അതുമല്ലെങ്കിൽ ഒരു ദൂതനെ അയച്ച് അവന്റെ കൽപന പ്രകാരം അവനു ദ്ദേശിക്കുന്നത് അദ്ദേഹം (ആ ദൂതൻ) ബോധനം നൽകുകയോ ചെയ്യുന്ന മാർഗ്ഗേണയല്ലാതെ ഒരു മനുഷ്യ നോടും അല്ലാഹു സംസാരിക്കുക ഉണ്ടാവില്ല. തീർച്ചയായും അവൻ സർവ്വോന്നതനും അഗാധജ്ഞനു മാണ്. ' (42: 52).

## നബിവചനം

ഓരോ ശിശുവും ദിവ്യമായ പ്രകൃ തിയോടുകൂടി ജനിക്കുന്നു. അവന്റെ രക്ഷിതാക്കളാണ് അവനെ ജൂതനൊ സൊറോസ്ത്രീ യനോ ക്രിസ്ത്യാനിയോ ആക്കി ത്തീർക്കുന്നത്. (ബുഖാരി).

# ദൈവം സ്വയം വെളിപ്പെടുന്നു



**വാഗ്ദത്ത മസീഹ്**

അനാദ്യന്തനും അദൃശ്യനുമായ ദൈവം പണ്ടേ തന്റെ വ്യക്തവും അനുഗ്രഹപൂർണ്ണ വുമായ വചനങ്ങൾ മൂലം സ്വസാന്നിദ്ധ്യത്തെ വെളിപ്പെടുത്തുകയും അതുവഴി ജന ങ്ങളെ തന്നിലേക്ക് ക്ഷണിക്കുകയും ചെയ്തുവന്നിട്ടുണ്ട്. മനുഷ്യന്റെ പ്രയത്നം ഇല്ലാ യിരുന്നുവെങ്കിൽ നിത്യനും സനാതനുമായ പ്രപഞ്ചാധീശൻ അവന്റെ സൃഷ്ടികൾക്ക് ഒരിക്കലും അറിയപ്പെടുകയില്ലായിരുന്നുവെന്നോ ഈ വിഷയത്തിൽ ദൈവം മനുഷ്യനു കടപ്പെട്ടിരിക്കുന്നുവെന്നോ തത്ത്വജ്ഞാനികൾ ഇല്ലായിരുന്നുവെങ്കിൽ പ്രപഞ്ചകർത്താവ് അജ്ഞാതനായിതന്നെ ഇരിക്കുമായിരുന്നുവെന്നോ വിചാരിക്കുന്നുവെങ്കിൽ, അതു വലിയ ധിക്കാരമാണെന്നുവേണം പറയാൻ.

**ഇസ്ലാം മത തത്വജ്ഞാനം**

മുഖക്കുറിപ്പ്

# വെളിപാടും ദൈവാസ്തിക്യവും

മതങ്ങളെല്ലാം ആരാധനയിൽ അധിഷ്ഠിതമാണ്. മനുഷ്യൻ ദൈവത്തിന് സമർപ്പിക്കുന്ന ഉദാത്തമായതിന്റെയെല്ലാം സമർപ്പണമാണ് ആരാധന. ഭക്തൻ നടത്തുന്ന ആരാധനകൾക്ക് ആരാധ്യനായ ദൈവം പ്രതികരിക്കുന്നില്ലെങ്കിൽ ദൈവത്തെ സംബന്ധിച്ച് എങ്ങനെ മനുഷ്യന് ദൃഢബോദ്ധ്യം വരും? വിഗ്രഹാരാധനയെ എതിർക്കുന്ന ഖുർആൻ യുക്തിപൂർവ്വം ഉന്നയിക്കുന്ന ഒരു ന്യായം ആ ആരാധനാമൂർത്തികൾ മനുഷ്യന്റെ അർത്ഥനകളോട് പ്രതികരിക്കുന്നില്ല അഥവാ സംസാരിക്കുന്നില്ല എന്നാണ്.

“മൂസായുടെ ജനത അദ്ദേഹം (യാത്ര പോയശേഷം) തങ്ങളുടെ ആഭരണങ്ങൾ കൊണ്ട് ഒരു കാളക്കുട്ടി (വിഗ്രഹം) അതായത് നിരർത്ഥ ശബ്ദം പുറപ്പെടുവിക്കുന്ന ഒരു ജഡത്തെ ഉണ്ടാക്കിയെടുത്തു. അത് അവരോട് സംസാരിക്കുന്നില്ലെന്നും അവർക്ക് യാതൊരു മാർഗ്ഗവും കാണിക്കുന്നില്ലെന്നും അവർ കണ്ടില്ലേ? (7:149).

ദൈവം ഉണ്ട് എന്ന് മനുഷ്യസമൂഹത്തെ ബോദ്ധ്യപ്പെടുത്തിയത് തത്ത്വജ്ഞാനികളല്ല. തത്ത്വം, യുക്തി, ശാസ്ത്രം മുതലായ മനുഷ്യനിർമ്മിത ജ്ഞാനങ്ങൾ ദൈവം ഉണ്ട് എന്നതിലേക്ക് യാതൊരു ദൃഢജ്ഞാനവും നൽകാൻ പര്യാപ്തമല്ല. വെളിപാടുകൾ മാത്രമാണ് ദൈവത്തെ പറ്റി ദൃഢമായ ജ്ഞാനം പ്രദാനം ചെയ്യുന്നതും അതൊരു അനുഭവയാഥാർത്ഥ്യമാക്കി മാറ്റുന്നതും. ഭൗതികമാർഗ്ഗത്തിൽ ദൈവത്തെ അന്വേഷിക്കുന്ന ഒരു ബുദ്ധിമാന് അദൃശ്യനായ ദൈവത്തെ പറ്റി ഒരു പക്ഷേ അനുമാനങ്ങളിലും നിഗമനങ്ങളിലും എത്തിച്ചേരാൻ പറ്റുമെന്നല്ലാതെ അയാൾക്ക് ഒരിക്കലും ദൈവം വെളിപ്പെടുന്നില്ല. ഇത് സംബന്ധിച്ച് വാഗ്ദത്ത മഹ്ദി ഹദ്റത്ത് അഹ്മദ്(അ) പറഞ്ഞ അർത്ഥപൂർണമായ ഉദാഹരണത്തിന്റെ സാരം ഇങ്ങനെയാണ്.

സാക്ഷ അകത്ത് നിന്നും ബന്ധിച്ച ഒരു വീട്ടിന്റെ കതകിൽ ഒരാൾ കുറേ നേരം മുട്ടിയിട്ടും തുറക്കുന്നില്ലെങ്കിൽ അതിനകത്ത് ആരുമില്ല എന്ന നിഗമനത്തിൽ അയാൾ എത്തിച്ചേരുന്നത് സ്വാഭാവികം. അല്ലെങ്കിൽ ഉണ്ടായിരുന്ന ആൾ ഇപ്പോൾ നിലവിലില്ല എന്ന് കരുതാം. അതുമല്ലെങ്കിൽ എന്തോ അജ്ഞാത കാരണങ്ങളാൽ സാക്ഷ അകത്തു നിന്നും വീണുപോയതായിരിക്കാം എന്നും വരാം. ഇങ്ങനെ നാനാവിധത്തിലുള്ള നിഗമനങ്ങളിൽ അയാൾക്ക് എത്തിച്ചേരാം. കതക് മുട്ടിയ മറ്റൊരാൾക്ക് അകത്ത് നിന്ന് ഒരാളുടെ ശബ്ദം കേൾക്കുന്നുവെങ്കിൽ ആ ശബ്ദം കേട്ടയാളിന്ന് അതിനകത്ത് ഒരാളുണ്ട് എന്ന ദൃഢബോദ്ധ്യം വരുകയും അയാളാണ് സാക്ഷയിട്ടതെന്ന് സത്യം അറിയുകയും ചെയ്യുന്നു. അതുപോലെയാണ് അത്ഭുതകരമായ വൈഭവത്തോടെ ഈ പ്രപഞ്ചം സൃഷ്ടിച്ച ദൈവത്തെ അദ്ധ്യാത്മിക മാർഗ്ഗത്തിൽ അന്വേഷിക്കുന്നയാൾക്ക് ദിവ്യവെളിപാടുകൾ ലഭിക്കുമ്പോൾ ദൈവാസ്തിത്വത്തെ സംബന്ധിച്ച സകല സന്ദേഹങ്ങളും ഇല്ലാതാവുന്നു. ദൈവത്തിൽ നിന്നുള്ള വെളിപാടുകളും, ബോധനങ്ങളും, ദർശനങ്ങളും, ദിവ്യസ്വപ്നങ്ങളുമാകുന്നു ആരാധനകളുടെ യഥാർത്ഥ സാക്ഷാൽക്കാരം. ആത്മീയമായ ഈ മാർഗ്ഗത്തിൽ കൂടി മാത്രമേ ദൈവാസ്തിത്വത്തെ സംബന്ധിച്ച് മനുഷ്യന് ബലവത്തായ ജ്ഞാനം ലഭ്യമാകൂ.

വെളിപാടു മുഖേന ദൈവം മനുഷ്യനോട് സംസാരിക്കുന്ന സമ്പ്രദായം ഇപ്പോൾ നിലവിലില്ല എന്ന് യാതൊരു പ്രമാണവുമില്ലാതെ ചിലർ വാദിക്കുന്നു. 'സംസാരിക്കുന്നവൻ' (മുതകല്ലിം) എന്ന ദൈവത്തിന്റെ ഗുണത്തിന് വിരുദ്ധവും ദൈവനിന്ദയുമാണ് അവരുടെ ഈ ജല്പനം. മനുഷ്യന് ദൈവം വെളിപ്പെടുന്ന പരിശുദ്ധവും സാത്വികവുമായ മാർഗ്ഗത്തെ പരിചയമില്ലാത്തവരാണ് വെളിപാടുകളെ നിഷേധിക്കുന്നത്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരുടെയടുക്കൽ മലക്കുകൾ ഇറങ്ങും. (ആ മലക്കുകൾ പറയും) നിങ്ങൾ ഭയപ്പെടേണ്ട, വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗം ലഭിച്ചതിൽ സന്തുഷ്ടരാവുക. ഐഹികജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാണ്. നിങ്ങളുടെ മനസ്സ് ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾക്ക് അവിടെ (സ്വർഗ്ഗത്തിൽ) ലഭിക്കും. നിങ്ങളാവശ്യപ്പെടുന്നതെല്ലാം നിങ്ങൾക്കവിടെ ഉണ്ടാകും.' (41:31;32).

ലേഖനം

# സ്വർഗത്തിന്റെ യാഥാർത്ഥ്യം

ഹദ്റത്ത് അഹ്മദ് (അ)

## വിശ്വാസത്തിന്റെയും സൽക്കർമ്മങ്ങളുടെയും പ്രതിഫലനമാണ് സ്വർഗ്ഗം.

'മുത്തഖീങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗ്ഗത്തിന്റെ ഉപമ ഇതാകുന്നു.' (13:36) ഇതൊരു ഉപമയാണ്. യാഥാർത്ഥ്യമല്ല. വിശുദ്ധ ഖുർആന്റെ ഈ വാക്കുകളിൽ നിന്നു മനസ്സിലാവുന്നത് ആ സ്വർഗ്ഗം മറ്റെന്തോ ആണെന്നാണ്. ബാഹ്യവും ശാരീരികവും മൗലികവും ആയ ഈ അനുഗ്രഹങ്ങളെ സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങളായി അനുമാനിക്കുവാൻ പാടില്ലെന്ന് ഹദീസിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. കാരണം സ്വർഗ്ഗത്തിലെ അനുഗ്രഹങ്ങൾ ഒരു കണ്ണിനും കാണുവാനോ ഒരു കാതിന്നും കേൾക്കുവാനോ സാധിക്കുന്നതല്ല എന്നു ഹദീസിൽ വന്നിട്ടുണ്ട്. എന്നാൽ സ്വർഗ്ഗീയാനുഗ്രഹങ്ങളെക്കുറിച്ചു പറയപ്പെട്ട ഉദാഹരണങ്ങൾ നമുക്കു കാണുവാനും കേൾക്കുവാനും സാധിക്കുന്നു.

ഒരു സ്ഥലത്ത് അല്ലാഹു സ്വർഗ്ഗത്തെക്കുറിച്ചു പ്രതിപാദിച്ചുകൊണ്ടു അരുൾ ചെയ്യുന്നു.

"സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവരെ സുവിശേഷമറിയിക്കുക. അവർക്ക് സ്വർഗ്ഗവും താഴ് വാരത്തു കൂടി ഒഴുകിക്കൊണ്ടിരിക്കുന്ന അരുവികളും ഉണ്ട്." (2:26) ഈ വചനത്തിൽ വിശ്വാസത്തെ സ്വർഗ്ഗത്തിന്റെയും സൽക്കർമ്മങ്ങളെ ഒഴുകിക്കൊണ്ടിരിക്കുന്ന അരുവികളുടെയും സ്ഥാനത്ത് വെച്ചിരിക്കുന്നു. അതായത് വിശ്വാസത്തിന്റെ ഫലം സ്വർഗ്ഗവും സൽക്കർമ്മങ്ങളുടെ ഫലം അരുവികളുമാണ്. എപ്രകാരം ഒരു ഉദ്യാനം അരുവിയും ജലസേചനവും ഇല്ലാതെ ശുഷ്ക്കിച്ച് പോവുകയും സ്ഥിരീകരണം ഇല്ലാതിരിക്കുകയും ചെയ്യുന്നുവോ അതേപ്രകാരം സൽക്കർമ്മങ്ങൾ ഇല്ലാത്ത ഈമാനും പ്രയോജനകരമാകുന്നില്ല.

മറ്റൊരു സ്ഥലത്ത് ഈമാനിനെ (വിശ്വാസത്തെ) വൃക്ഷങ്ങളുമായി സദൃശീകരിച്ചിരിക്കുകയാണ്. അതായത് മുസ്ലിംകൾ വിളിക്കപ്പെടുന്ന ഈമാൻ വൃക്ഷങ്ങളും സൽക്കർമ്മങ്ങൾ ആ വൃക്ഷങ്ങൾക്ക് ജലസേചനം നൽകുന്നവയുമാണ്.

ചുരുക്കത്തിൽ ഈ വിഷയത്തിൽ എത്ര കണ്ടു ഗഹനമായി ചിന്തിക്കുന്നുവോ അത്ര കണ്ടു അതിലടങ്ങിയിരിക്കുന്ന ദിവ്യജ്ഞാനങ്ങൾ ഗ്രാഹ്യമായിത്തീരുന്നതാണ്. എപ്രകാരം ഒരു കർഷകൻ ബീജാവാപം ചെയ്യുന്നുവോ അതേപ്രകാരം ഒരാത്മീയ കർഷകന്ന് ആത്മീയമായ ബീജാവാപം എന്ന ഈമാന്റെ ആവശ്യമുണ്ട്. എപ്രകാരം ഒരു കർഷകൻ തന്റെ വയൽ, തോട്ടം എന്നിവക്കു ജലസേചനം നൽകുന്നുവോ അതേപ്രകാരം ആത്മീയമായ ഉദ്യാനമെന്ന ജലസേചനത്തിന്നായി സൽക്കർമ്മങ്ങൾ ചെയ്യേണ്ടുന്നതിന്റെ ആവശ്യമുണ്ട്.

ഓർത്തുകൊള്ളുക. സൽ ക്കർമ്മങ്ങളില്ലാത്ത വിശ്വാസം അരുവിയോ ജലസേചനമോ ഇല്ലാതെ നിഷ്ഫലവും ശുഷ്ക്കവും ആയ ഉദ്യാനം പോലെയാണ്. ഒരു വൃക്ഷം എത്ര തന്നെ ഉത്തമവും ശ്രേഷ്ഠവും ആയ താണെങ്കിലും ഉത്തമമായ പഴങ്ങൾ തരുന്നതാണെങ്കിലും അതിന്റെ ഉടമസ്ഥൻ ജലസേചനകാര്യത്തിൽ അശ്രദ്ധ കാണിക്കുകയാണെങ്കിൽ അതിന്റെ പരിണിതഫലം എന്താണെന്ന് ആർക്കും അറിയാവുന്നതാണ്. ഇതേ അവസ്ഥ തന്നെയാണ് ആത്മീയ ജീവിതത്തിൽ ഈമാൻ എന്ന വൃക്ഷത്തിന്റേതും. ഈമാൻ ഒരു വൃക്ഷമാണ്. അതിന്നായി മനുഷ്യന്റെ സൽക്കർമ്മങ്ങൾ അതിന്റെ ജലസേചനത്തിന്നായി ആത്മീയ രീതിയിൽ അരുവികളായി മാറിക്കൊണ്ട് ജലസേചനം നടത്തുന്നു...... ആത്മീയാനുഗ്രഹങ്ങളുടെയും ഔദാര്യങ്ങളുടെയും മനോഹരമായ ഫലങ്ങൾ കരഗതമാകുന്നതിന്നായി വളരെയധികം തീവ്രയത്നം നടത്തേണ്ടിയിരിക്കുന്നു. എപ്രകാരമെന്നാൽ അല്ലാഹു അരുൾ ചെയ്യുന്നു.

"നമ്മുടെ കാര്യത്തിൽ തീവ്രയത്നം ചെയ്യുന്നവരെ നാം നമ്മുടെ മാർഗ്ഗങ്ങളിൽ നയിക്കുന്നതാണ്."

(മൽഫൂസാത്ത് 10; 394–396)

ഇതേപ്രകാരമാണ് സ്വർഗ്ഗത്തിന്റെ സുഖാനുഭൂതിയുടെ യാഥാർത്ഥ്യവും. അവിടെയുള്ള നീരുറവ് മനുഷ്യന്റെ തന്നെ സൽക്കർമ്മങ്ങളാകുന്നു. അവൻ പ്രകൃതിമതം ഉപേക്ഷിക്കാതിരിക്കുകയും സന്തുലിത കേന്ദ്രത്തിൽ നിന്നും അങ്ങുമിങ്ങും തെന്നിമാറാതി

രിക്കുകയും അങ്ങനെ ദാസത്വത്തിന്റെയും (ഉബൂദിയത്ത്) ദൈവത്വത്തിന്റെ (ഉലൂഹിയത്ത്)യും രംഗത്തുള്ള ദിവ്യപ്രകാശങ്ങളിൽ നിന്നു പങ്കു ലഭിക്കുകയും ആണെങ്കിൽ ഏതൊരുദ്ദേശ്യ ലക്ഷ്യത്തിന്നു വേണ്ടിയാണോ അല്ലാഹു അവനെ സൃഷ്ടിച്ചിരിക്കുന്നത് അതവന്നു ലഭിക്കുന്നതാണ്. അവന്നു ഒരു വേദനയും അനുഭവപ്പെടുന്നില്ല മറിച്ച് സുഖാനുഭൂതിയാണുണ്ടാവുക.

വിശുദ്ധ ഖുർആനിൽ അല്ലാഹു അരുൾ ചെയ്യുന്നു:

"വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവർക്ക് നീ സുവിശേഷം അറിയിക്കുക. അവർ താഴ്‌വാരത്തുകൂടി അരുവികൾ ഓടിക്കൊണ്ടിരിക്കുന്ന ഉദ്യാനങ്ങളുടെ അവകാശികളായിത്തീരുന്നതാണ്."

ഈ ആയത്തിൽ അല്ലാഹു വിശ്വാസത്തെ ഒരുദ്യാനമായും സൽക്കർമ്മങ്ങളെ അരുവികളുമായും ഉദാഹരിച്ചിരിക്കുന്നു. ഏതൊരു ബന്ധമാണോ ഒഴുകിക്കൊണ്ടിരിക്കുന്ന അരുവികൾക്ക് വൃക്ഷവുമായിട്ടുള്ളത് അതേബന്ധമാണ് സൽക്കർമ്മങ്ങൾക്ക് വിശ്വാസവുമായിട്ടുള്ളത്. എപ്രകാരം ഒരുദ്യാനം ജലസേചനമില്ലാതെ ശ്യാമളവും ഫലഭൂയിഷ്ഠവും ആയിത്തീരാതിരിക്കുമോ അതേപ്രകാരം സൽക്കർമ്മങ്ങളില്ലാത്ത ഒരു വിശ്വാസവും പ്രയോജനകരമാകുന്നില്ല.

ചുരുക്കത്തിൽ സ്വർഗ്ഗം എന്നാലെന്താണ്?

ഈമാന്റെയും സൽക്കർമ്മങ്ങളുടെയും പ്രതീകദൃശ്യങ്ങളാണ്. അതും നരകത്തെപ്പോലെ ബാഹ്യമായ ഒരു വസ്തുവല്ല. മറിച്ച് മനുഷ്യന്റെ സ്വർഗ്ഗവും അവന്റെ അന്തർഭാഗത്ത് നിന്നുതന്നെ ബഹിർഗമിക്കുന്ന ഒന്നാണെന്ന് ഓർത്തുകൊള്ളുക. മനുഷ്യൻ ഇഹത്തിൽ രൂപീകരിക്കുന്ന പരിശുദ്ധ നഫ്സ് തന്നെയാണ് പരത്തിൽ സുഖാനുഭൂതിയായി ലഭിക്കുന്നത്. പരിശുദ്ധ വിശ്വാസത്തെ ചെടിയുമായി സാദൃശ്യപ്പെടുത്തിയിരിക്കുന്നു. സൽക്കർമ്മങ്ങളും സദാചാരങ്ങളും ഈ ചെടിയുടെ ജലസേചനത്തിന്നായുള്ള അരുവികൾ പോലെയാണ്. അത് ആ ചെടിയുടെ ശ്യാമളതക്കും ഫലപുഷ്ടിക്കും ഉതകുന്നു. ഈ ലോകത്ത് ഇവയൊക്കെ സ്വപ്നത്തിൽ കാണപ്പെടുന്നത് പോലെയാണെങ്കിലും പരലോകത്ത് അത് പ്രത്യക്ഷത്തിൽ അനുഭവരൂപേണ കാണപ്പെടുന്നു. അതുകൊണ്ടാണ് സ്വർഗ്ഗവാസികൾ പ്രസ്തുത ഇനാമുകൾ ലഭിക്കുമ്പോൾ ഇപ്രകാരം പറയുന്നത്:

"ഇത് മുമ്പ് തങ്ങൾക്ക് നൽകപ്പെട്ടതായിരുന്നുവെന്നും അന്യോന്യം സാദൃശ്യമായ രീതിയിൽ നൽകപ്പെട്ടതായിരുന്നുവെന്നും അവർ പറയുന്നതാണ്" (2:26) ഇതിന്റെ അർത്ഥം, ഈ ലോകത്ത് നമുക്കു ലഭിച്ചുകൊണ്ടിരിക്കുന്ന പാൽ, തേൻ, മുന്തിരി, മാതളം മുതലായ നാം ഭക്ഷിച്ചുകൊണ്ടിരിക്കുന്ന വസ്തുക്കൾ തന്നെ അവിടെ ലഭിക്കുന്നതാണെന്നല്ല. ആ വസ്തുക്കൾ അവയുടെ പ്രത്യേകാവസ്ഥയിലും രൂപത്തിലും വളരെ വ്യത്യസ്തമായവയായിരിക്കും. വെറും പേരിൽ മാത്രം അവ അനുരൂപങ്ങളാണ്. എന്നാൽ ആ എല്ലാ അനുഗ്രഹങ്ങളുടെയും ചിത്രം ജഡികമായി കാണിക്കപ്പെട്ടിരിക്കും. അതോടൊപ്പം ആ വസ്തുക്കൾ ആത്മാവിനെ പ്രകാശമാനമാക്കുന്നതും ദൈവികജ്ഞാനം സംജാതമാക്കുന്നതും ആയിരിക്കുമെന്നു പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. അവയുടെ ഉറവിടം ആത്മാവും സത്യസന്ധതയുമായിരിക്കും. 'റുസിഖ്നാ മിൻഖബിലു' - ഇതിന്നു മുമ്പ് തങ്ങൾക്കു നൽകപ്പെട്ടതാണ് - എന്നതുകൊണ്ട് ഇവ ഭൗതികമായ അനുഗ്രഹങ്ങളാണെന്നു കരുതുന്നത് തികച്ചും തെറ്റാണ്. മറിച്ചു ഈ ആയത്തുകൊണ്ടുള്ള അല്ലാഹുവിന്റെ ഉദ്ദേശ്യം, സൽക്കർമ്മങ്ങൾ ചെയ്ത വിശ്വാസികൾ സ്വന്തം കരങ്ങൾ കൊണ്ട് ഒരു സ്വർഗ്ഗം പണിതുവെന്നും അതിന്റെ ഫലം ഈ ദ്വിതീയ ജീവിതത്തിലും ഭുജിക്കുമെന്നുമാണ്. ആ ഫലം ഇഹത്തിൽ ആത്മീയമായ നിലയിൽ അവർ ഭുജിച്ചിരുന്നത് കൊണ്ടു ആ പ്രപഞ്ചത്തിൽ അവർക്കതിനെ തിരിച്ചറിയുവാൻ സാധിക്കുന്നതാണ്. ഇത് അതേ ഫലമാണെന്നു തോന്നുന്നു വല്ലോ എന്നവർ പറയും. ലോകത്ത് തങ്ങൾക്ക് ലഭിച്ചിരുന്ന ആത്മീയ പുരോഗതികളാണവയെന്ന് ആബിദീങ്ങളും ആരിഫീങ്ങളും അവയെ കണ്ടറിയുന്നതാണ്. (മൽഫൂസാത്ത് വാല്യം 3 പേജ് 26-29) ഈമാൻ വലിയ സമ്പത്താണ്. ജ്ഞാനം അതിന്റെ സമ്പൂർണ്ണതയിലെത്താതെയും ഇപ്പോഴും സന്ദേഹങ്ങളും സംശയങ്ങളുമായി പോർ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്ന അവസ്ഥയിൽ ഏതൊരാൾ ഹൃദയാത്മനാ സാക്ഷ്യപ്പെടുത്തുകയും നാവുകൊണ്ട് ഏറ്റുപറയുകയും ചെയ്യുന്നുവോ ആ അവസ്ഥയിൽ വിശ്വസിക്കുന്ന ആൾക്കാണ് മുഅ്മിൻ എന്നു പറയുന്നത്: അല്ലാഹുവിന്റെ തിരുസന്നിധിയിൽ അയാളുടെ നാമം സാത്വികനും വിശ്വസ്തനും ആയി ഗണിക്കപ്പെടുന്നു. ഒരാളുടെ സൽപ്രവൃത്തിയിൽ ദൈവഭാഗത്ത് നിന്നു ഒരനുഗ്രഹമെന്നോണം പരിപൂർണ്ണ ദൈവികജ്ഞാനത്തിന്റെ - മഅ്‌രിഫത്തിന്റെ - പദവികൾ - അയാളുടെ മേൽ തുറക്കപ്പെടുന്നു. യഥാർത്ഥത്തിലുള്ള സ്വർഗ്ഗം ഇതേ ഈമാനിൽ നിന്നും സമാരംഭിക്കുന്നു. വിശുദ്ധ ഖുർആൻ സ്വർഗ്ഗത്തെപ്പറ്റി പ്രതിപാദിച്ച സ്ഥലത്ത് ആദ്യമായി ഈമാനെക്കുറിച്ചാണ് പ്രസ്താവിക്കുന്നത്. അതിന്നുശേഷം സൽക്കർമ്മങ്ങളെക്കുറിച്ചു പറയുന്നു. വിശ്വാസത്തിന്റെയും സൽക്കർമ്മങ്ങളുടെയും ഫലമായി താഴ്‌വരയിൽ കൂടി അരുവികൾ ഒഴുകുന്ന സ്വർഗ്ഗങ്ങളെക്കുറിച്ചു ഇവിടെ പ്രതിപാദിക്കുന്നു. അതായത് ഈമാനുള്ള പ്രതിഫലം സ്വർഗ്ഗമായിരിക്കും. ഈ സ്വർഗ്ഗത്തെ സസ്യശ്യാമളവും ഫലഭൂയിഷ്ഠവും ആക്കുന്നതിന്നായി അരുവികളുടെ ആവശ്യമുണ്ട്. ആ അരുവികൾ സൽക്കർമ്മങ്ങളുടെ ഫലമായിരിക്കും. യാഥാർത്ഥ്യവും ഇതുതന്നെയാണ്. അതായത് സൽക്കർമ്മങ്ങൾ ആ പ്രപഞ്ചത്തിൽ (പരലോകത്ത്) ഒഴുകുന്ന അരുവികളുടെ പ്രതീകമായിട്ടുണ്ടാകുന്നതാണ്.

*(ശേഷം 14-ാം പേജിൽ)*

## ലേഖനം

# പരലോകം: ഈ ലോകജീവിതാവസ്ഥകളുടെ ആത്മീയപ്രതിഫലനം

**എൻ.ഇ. ഹഖ്**

✻

**പരലോകത്തിന്റെ ആത്മീയമായ രൂപവർണ്ണങ്ങൾക്ക് ജഡികമായ ആവിഷ്കാരങ്ങൾ നൽകുന്ന ബഹിർദർശകരായ പണ്ഡിതന്മാർ ഖുർആന്റെ അദ്ധ്യാത്മികമായ ഉൾസാരം ഗ്രഹിക്കാൻ ശേഷിയില്ലാത്തവരാണ്.**

✻

മരണാനന്തര ജീവിതത്തെ കുറിച്ചുള്ള ഇസ്‌ലാമിക വിശ്വാസവും വിശുദ്ധ ഖുർആൻ നൽകുന്ന വിശദീകരണങ്ങളും യുക്തിയുടെ ഭദ്രമായ അടിത്തറയിലൂന്നിയതും മറ്റൊരു മതഗ്രന്ഥത്തിലും മതവിശ്വാസത്തിലും കണ്ടെത്താനാവാത്ത തരത്തിൽ അദ്വിതീയവുമാണ്. എന്നാൽ അതിനെകുറിച്ചുള്ള ശരിയായ തിരിച്ചറിവ് ദൈവികവെളിപാടിന്റെ സ്വീകർത്താക്കളായ പുണ്യാത്മാക്കളുടെ വിശദീകരണങ്ങളിൽ നിന്നു മാത്രമേ നമുക്ക് ലഭിക്കുകയുള്ളൂ. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ ഇപ്രകാരം ഓർമ്മപ്പെടുത്തുന്നത്.

''ഇതു ശ്രേഷ്ഠമായ ഖുർആൻ ആകുന്നു. സുരക്ഷിതമായി സൂക്ഷിക്കപ്പെട്ട ഗ്രന്ഥത്താളുകളിലാണത്. പരിശുദ്ധന്മാരായിട്ടുള്ളവരല്ലാതെ അതിൽ സ്പർശിക്കുകയില്ല." – (56:78–80).

വിശുദ്ധ ഖുർആന്റെ അക്ഷരങ്ങളെ സ്പർശിക്കാൻ, അർത്ഥസൂചനകൾ ഗ്രഹിക്കാൻ അറബിഭാഷയറിയുന്ന ആർക്കും കഴിയും. എന്നാൽ ആ വിശുദ്ധ ഏടുകളുടെ രഹസ്യതലങ്ങളോളമെത്താൻ, അതിന്റെ അക്ഷരങ്ങൾക്കടിയിലുള്ള ആത്മീയ രഹസ്യങ്ങളുടെ ചുരുൾ നിവർത്താൻ ദൈവിക വെളിപാടിന്റെ വെളിച്ചം ഏറ്റുവാങ്ങിയ പരിശുദ്ധന്മാർക്കു മാത്രമേ സാധിക്കുകയുള്ളൂവെന്നാണ് ഇതിനർത്ഥം. ദിവ്യജ്ഞാനത്തിന്റെ പ്രകാശം ഏറ്റിട്ടില്ലാത്തവർക്ക്, ഭൗതികമനോവിലാസങ്ങൾക്കപ്പുറം കാര്യങ്ങൾ നോക്കിക്കാണാൻ കഴിയാത്തവർക്ക് തങ്ങളുടെ മതപരമായ വെറും പാണ്ഡിത്യം കൊണ്ടു മാത്രം വിശുദ്ധ ഗ്രന്ഥത്തിന്റെ ആത്മീയ രൂപകഭാഷ മനസ്സിലാക്കാനാവില്ല. അവർക്കാവുന്നത്, അക്ഷരാർത്ഥങ്ങളിൽ മാത്രം മേഞ്ഞു നടക്കാനും പുതിയതൊന്നും പറയാനില്ലാതെ നീട്ടിനിവർത്തി കുറേ കഥകൾ പറഞ്ഞുതരാനും മാത്രമാണ്. പരലോകത്തെക്കുറിച്ചു വിവരിക്കാൻ തുടങ്ങുമ്പോഴാകട്ടെ, ഇവരുടെ ഭൗതികദുരകളും വിഷയസുഖവാഞ്ചകളും, ഫണം വിടർത്തുകയും ഇസ്‌ലാമിനെ പരിഹാസപാത്രമാക്കുകയും ചെയ്യുന്നു.

### മൗദൂദിയുടെ സ്വർഗ്ഗം:

ഉദാഹരണമായി 'ജമാഅത്തെ ഇസ്‌ലാമി' സ്ഥാപകനായ അബുൽ അഅ്‌ലാ മൗദൂദി സാഹിബ്, വെളിപാടിന്റെ ആവശ്യകതയെ തന്നെ പരിഹസിക്കുകയും ഇനി ലോകത്ത് അതൊരു ശാപമായിരിക്കുമെന്നു സിദ്ധാന്തിച്ചുകളയുകയും ചെയ്ത പണ്ഡിതനായിരുന്നു. ഇദ്ദേഹം, പാരത്രികലോകത്ത് സ്വർഗ്ഗവാസികൾക്കുണ്ടാകുന്ന അനുഭവങ്ങളെക്കുറിച്ചും സ്വർഗ്ഗീയ 'ഹൂറി' കളെ കുറിച്ചും മറ്റുമുള്ള വിശുദ്ധ ഖുർആന്റെ പരാമർശങ്ങൾക്ക് എങ്ങോട്ടൊക്കെയോ കാടുകയറി എഴുന്നള്ളിക്കുന്ന ഭാഷ്യം, തികഞ്ഞ അസംബന്ധമെന്നതിനപ്പുറം ആഭാസകരം കൂടിയാണ്. സ്വർഗ്ഗവാസികളായ പുരുഷന്മാരുടെ ലൈംഗീകാഗ്രഹ

പൂർത്തിയ്ക്കാ യി സ്വർഗ്ഗത്തിന് പുറത്ത് അങ്ങിങ്ങായി തമ്പുകളിൽ പാർത്ത്, അവർക്ക് ആനന്ദമൊരുക്കുന്ന സുന്ദരികളും തരുണീമണികളുമൊക്കെയാണ് മൗലവി മൗദൂദിയെ സംബന്ധിച്ചിടത്തോളം 'ഹൂറി'കൾ! സ്വർഗ്ഗസ്ഥരായ പുരുഷന്മാർ തങ്ങളുടെ 'സ്വർഗ്ഗീയ മാളിക' കളിൽ 'ഭാര്യ'മാരോടൊപ്പം വിഹരിക്കുന്നതോടൊപ്പം രാത്രികാലങ്ങളിൽ പുറത്തിറങ്ങി ഹൂറികൾ കൂടിയിരിക്കുന്ന ആ രതിനിർവേദകൂടാരങ്ങളിൽ കയറിയിറങ്ങി നിർവൃതിയടഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുമത്രെ. സ്വർഗ്ഗവാസികൾക്ക് സുഖിക്കാനുള്ള ഏർപ്പാടുകൾ ചെയ്തുകൊണ്ടിരിക്കുക എന്നതാണ് ഭൂമിയിൽ "അമുസ്‌ലിംകളുടെ മക്കളായി ജനിച്ച് അകാലത്തിൽ മരിച്ചുപോയ" ഈ ബാലികമാർക്ക് പരലോകത്തുള്ള റോൾ! പുരുഷസേവയ്ക്കുമപ്പുറം, തിരിച്ചു സ്വർഗ്ഗത്തിലെ സ്ത്രീകൾക്ക് ഇത്തരം വിശേഷാൽ 'സുഖ'ങ്ങളൊന്നും ഇല്ലതാനും.* ചുരുക്കത്തിൽ ''ലോകപ്രശസ്ത ഖുർആൻ വ്യാഖ്യാതാവിന്റെ" ഈ തലതിരിഞ്ഞ വ്യാഖ്യാനക്കുറിപ്പടിയനുസരിച്ച് അല്ലാഹു ഈ ജീവിതത്തിൽ നിഷിദ്ധമാക്കിയ അതേ ദുർനടപ്പുകളും മൻമഥലീലകളുമൊക്കെയായിരിക്കും, പാരത്രിക ജീവിതത്തിൽ അവൻ പുരുഷന്മാരായ സ്വർഗ്ഗവാസികൾക്ക് സുഖമെടുക്കാനായി അനുവദിക്കുന്നത്!!

കഷ്ടം!! ഈ ലോകത്തിലെ വിഷയവികാരങ്ങളുടെ അടിമകൾ അനുഭവിച്ചുമടുത്ത നൈമിഷികമായ ലൗകീകസുഖങ്ങൾ പരലോകത്ത് സ്വർഗ്ഗമെന്നപേരിൽ പ്രതീക്ഷിക്കുന്നത് തികഞ്ഞ വിവരക്കേടെന്നേ പറയേണ്ടതുള്ളു. ഈ ലോകത്തെ അപഥസഞ്ചാരികൾ അനുഭവിച്ചുതീർത്ത വഴിപിഴപ്പിന്റെ ഭോജനങ്ങളാണ് സർവ്വസ്വവും ദൈവമാർഗ്ഗത്തിലർപ്പിച്ചുപോയ പരിശുദ്ധാത്മാക്കൾ പരലോകത്ത് സ്വർഗ്ഗമായി ഏറ്റുവാങ്ങുകയെന്നു തട്ടിവിടുന്നതിനെക്കാൾ ദൈവദൂഷണം മറ്റെന്താണ്?!

വിശുദ്ധ ഖുർആനാകട്ടെ പരലോകജീവിതത്തെ ഈ ജീവിതത്തിന്റെ ആത്മീയദർപ്പണമായിട്ടാണ് മനസ്സിലാക്കിത്തരുന്നത്. ഈ ജീവിതത്തിലെ ആത്മീയ സമ്പത്തു പരലോകത്തു സ്വർഗ്ഗമായും, ആത്മീയ ദാരിദ്ര്യം നരകമായും പ്രത്യക്ഷപ്പെടുകയാണെന്നു അതു പഠിപ്പിക്കുന്നു. ഖുർആൻ പറയുകയാണ്: "ആരാണോ ഈ ലോകത്ത് അന്ധനായിട്ടുള്ളത്, അവന് പരലോകത്തും അന്ധനായിരിക്കുന്നതാണ്" (17:72) പാരത്രിക ജീവിതം ഈ ജീവിതത്തിന്റെ ഏറ്റവും വികസിതമായ ആത്മീയപകർപ്പാണെന്നിരിക്കെ, ഖുർആൻ ആ ജീവിതത്തിലെ സുഖദുഃഖങ്ങൾ നമുക്കു മനസ്സിലാക്കാനാവുന്ന വാക്കുകളിൽ വിവരിച്ചുവെന്നേയുള്ളൂ. അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ, വാഗ്ദത്ത മസീഹ്, ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) പറയുകയാണ്:

"ദൈവം യഥാർഥ വസ്തുക്കളെ സാധാരണരീതിയിൽ സൃഷ്ടിക്കുന്നതു പോലെതന്നെ ചില വസ്തുക്കളെ അവൻ രൂപാലങ്കാരികമായും സൃഷ്ടിക്കുന്നുവെന്നത് ഒരു ദൈവിക രഹസ്യമാണ്. ഉദാഹരണമായി, നിങ്ങൾ കണ്ണാടിയിൽ നിങ്ങളുടെ പ്രതിഫലനം കാണുന്നു. നിങ്ങൾ നിങ്ങളുടെ സ്വന്തം ചിത്രം അവിടെ കണ്ടെത്തുന്നു. നിങ്ങളുടെ എല്ലാ രൂപഭാവങ്ങളും കണ്ണാടിയിൽ കിറുകൃത്യതയോടെ പുനരാവിഷ്കരിക്കപ്പെടുന്നു. അപ്പോൾ ദൈവം ആത്മീയ സത്യങ്ങളുടെ ഒരു ചിത്രം സൃഷ്ടിക്കുകയും യഥാർത്ഥ ജീവിതത്തിൽ അത് നിവേശിപ്പിക്കുകയും എന്നിട്ടു നിങ്ങളുടെ കണ്ണുകൾക്കു മുമ്പിൽ ആ ചിത്രം വെച്ചുതരുകയും ചെയ്യുന്നുവെങ്കിൽ നിങ്ങളെന്തിനു അത്ഭുതപ്പെടണം? ദൈവം സത്യാന്വേഷികൾക്ക് അത്തരം സത്യങ്ങൾ ഈ ലോകത്തു തന്നെ വെളിപ്പെടുത്താറുണ്ട്. ഈ ലോകത്ത് കണ്ടെത്തപ്പെടാനാവാത്ത ആത്മീയമായ ഒരനുഭൂതി വിശേഷവും പരലോകത്ത് അനുഭവിക്കുകയില്ല" - (ആയിനെ കമാലാത്തെ ഇസ്‌ലാം)

## പരലോകം ഖുർആനിൽ:

പാരത്രിക ജീവിതത്തിലെ അനുഭൂതികളെ ഈ ജീവിതത്തിലെ ഭൗതികാനുഗ്രഹങ്ങളുമായി ബന്ധിപ്പിച്ച് ഖുർആനിലും തിരുനബി വചനങ്ങളിലുമുള്ള വിവരണങ്ങളൊക്കെ അവയുടെ പേരിലല്ലാതെ മറ്റൊന്നിലും സാദൃശ്യമില്ലെന്നുള്ളതാണ് സത്യം. ഖുർആൻ വ്യാഖ്യാതാവായ ഇബ്നു അബ്ബാസ് (റ) ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. തികച്ചും അഗാധമായ ആത്മീയ വിവക്ഷകളടങ്ങിയ ഇത്തരം പരാമർശങ്ങൾക്കാണ് മൗലവി മൗദൂദിയെ പോലുള്ള ലൗകീക ബുദ്ധികളായ പണ്ഡിതന്മാർ പാഞ്ഞുകയറി അറുവഷളൻ ഭൗതികവ്യാഖ്യാനങ്ങൾ നൽകി മലിനമാക്കിയത്. നബി(സ) തിരുമേനി പരലോകയാഥാർഥ്യങ്ങളെക്കുറിച്ച് ഒരു കണ്ണും കണ്ടിട്ടില്ലാത്തതും, ഒരു കാതും കേട്ടിട്ടില്ലാത്തതും, ഒരു ഹൃദയവും ഗ്രഹിച്ചിട്ടില്ലാത്തതുമാണെന്നു വ്യക്തമാക്കിയിരിക്കെ, ** ഇക്കൂട്ടർ സ്വന്തം ഭാവനയ്ക്കനുസരിച്ച് ഇസ്‌ലാമിലെ സ്വർഗ്ഗനരക സങ്കൽപങ്ങളെക്കുറിച്ച് വഴിവിട്ടു വിവരിച്ചു ആഭാസകഥകളെയും അപസർപ്പക നോവലുകളെയും പോലും പിന്നിലാക്കുന്നു! വിശുദ്ധ ഖുർആന്റെ സ്വർഗ്ഗസങ്കല്പങ്ങളെ കുറിച്ച് കാമാതുര സ്വർഗ്ഗം (sensuous paradise) എന്നും ഭോഗാസക്ത സ്വർഗ്ഗം (Voluptuous paradise) എന്നുമൊക്കെയുള്ള വില്യം മ്യൂറിനെപോലുള്ള ക്രൈസ്തവ പണ്ഢിതന്മാരുടെ അന്തസ്സാരശൂന്യമായ ആക്ഷേപങ്ങൾ സാധൂകരിക്കാൻ സഹായിക്കുക മാത്രമാണ് ഖുർആന്റെ അക്ഷരങ്ങളിൽ മേഞ്ഞു നടക്കുന്ന ഇത്തരക്കാർക്ക് ചെയ്യാനാവുന്ന 'സേവനം'!

ഉദാഹരണമായി കേരളത്തിലെ 'ജമാഅത്തെ ഇസ്‌ലാമി' അമീർ ആയിരുന്ന പരേതനായ കെ.സി. അബ്ദുല്ല മൗലവി എഴുതിയ 'പരലോകം ഖുർആനിൽ' എന്ന കൃതി ഇതുപോലെ അക്ഷരങ്ങൾ അണ്ണാക്കു തൊടാതെ വിഴുങ്ങി ഇസ്‌ലാമിലെ സ്വർഗ്ഗവും നരകവും വർണ്ണിച്ചു വശം കെടുത്തുന്ന ഒന്നാണ്. നീണ്ട കഥകളിലെ വർണ്ണനകൾ പോലെ കാടുകയറിയ ആഖ്യാനങ്ങളിൽ കരകാണാ കാനനമായി

സ്വർഗ്ഗത്തെ അതിൽ വിവരിച്ചിരിക്കുന്നതു കാണാം.

''നമ്മുടെ എല്ലാ മാനദണ്ഡങ്ങൾക്കും അതീതമായ വിസ്തൃതിയുള്ള ഒരു തോട്ടം, അതെ തോട്ടത്തിന്റെ ഒരു മഹാപ്രപഞ്ചം തന്നെയാണ് സ്വർഗ്ഗം.... പ്രപഞ്ച സമാനം വിസ്തൃതമായി കിടക്കുന്ന ആ മഹാസ്വർഗ്ഗത്തെയാകമാനം തണലിടത്തക്കവിധം പടർന്നു വളർന്നു പന്തലിച്ചു നിൽക്കുകയാണ് അതിലെ വൃക്ഷലതാദികൾ.... തണലിന് മാത്രമല്ല, പഴത്തിനും കൂടിയാണവ വളർത്തപ്പെട്ടിട്ടുള്ളത്'' – ഇങ്ങനെ പോകുന്നു സ്വർഗ്ഗത്തെ പരിചയപ്പെടുത്തികൊണ്ടുള്ള കഥാകഥനം!

നരകത്തെ വർണ്ണിച്ചുകൊണ്ടുള്ള വാറോല ഇങ്ങനെ തുടങ്ങുന്നു: ''അഗാധതയിലേയ്ക്ക് താണുകിടക്കുന്ന ഒരു മഹാകിടങ്ങാണ് നരകം... താഴോട്ട് താഴോട്ട് വേദനകളും കഷ്ടപ്പാടുകളും കൂടുതൽ കൂടുതൽ കഠിനതരമായിരിക്കുമെന്നു താത്പര്യം. കിടങ്ങ്, കുഴി എന്നൊക്കെ കേൾക്കുമ്പോൾ പരിമിതമായ ഭാവനയുണ്ടാവരുത്. എത്രയോ വിസ്തൃതമായ അഗാധതലമുള്ള ഒരു മഹാപാതാളലോകം എന്നുതന്നെ മനസ്സിലാക്കണം'' – പരലോകം ഖുർആനിൽ)

ഇങ്ങനെ നരകത്തെ പാതാളമായി വർണ്ണിച്ചു എഴുതിവിടുന്നതിനിടയിൽ കപ്പിയും കയറുമൊക്കെ കയറിവരുന്നുണ്ട്! സ്വർഗ്ഗത്തെ പറ്റിയുള്ള വിവരണത്തിലാകട്ടെ, സ്വർഗ്ഗവാസികളുടെ 'ഷോപ്പിങ്ങ്' തുടങ്ങിയവയെ കുറിച്ചൊക്കെയുള്ള ആഖ്യായികയും കാണാം! വിശുദ്ധ ഖുർആനിലും തിരുഹദീസുകളിലും സ്വർഗ്ഗീയാനുഭവങ്ങളെക്കുറിച്ച് രൂപകപരമായി മാത്രം പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ അക്ഷരാർത്ഥത്തിലെടുത്ത് അമ്മാനമാടുമ്പോൾ ഇങ്ങനെയൊക്കെയല്ലാതെ മറ്റെന്തു കുറിച്ചിടാനാണ്?! ഇത്തരത്തിലുള്ള 'പരലോക സാഹിത്യ'ങ്ങളാണ് അഗാധമായ ആത്മീയ തത്ത്വശാസ്ത്രമടങ്ങിയ ഖുർആനിക സൂക്തങ്ങളെ പരിഹാസ്യമാക്കാൻ ഇസ്‌ലാമിന്റെ ശത്രുക്കളെ സഹായിക്കുന്നത്.

ആത്മീയദർശനം വഴി സിദ്ധിക്കേണ്ട പരലോകജ്ഞാനം കേവല ബുദ്ധികൊണ്ടു നേടിയെടുക്കാനാവില്ലെന്നതാണ് സത്യം. അതാണ് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ, വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ), തനിയ്ക്കു കിട്ടിയ ദിവ്യ വെളിപ്പാടുകളുടെ വെളിച്ചത്തിൽ നമ്മെ ബോധ്യപ്പെടുത്തുന്നത്. പാരത്രികജീവിതത്തെ കുറിച്ചുള്ള ഇസ്‌ലാമിക പാഠങ്ങളുടെ യാഥാർത്ഥ്യം അദ്ദേഹം നമുക്ക് ഇപ്രകാരം സംഗ്രഹിച്ചു തരുന്നു:

"വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമുസരിച്ച്, സ്വർഗ്ഗവും നരകവും മനുഷ്യന്റെ ഐഹികജീവിതാവസ്ഥകളുടെ പ്രതിരൂപങ്ങളാകുന്നു. അവ പുറമെ നിന്നു വരുന്ന നവ്യമായ ജഢികലോകങ്ങളല്ല. സ്വർഗ്ഗനരകങ്ങൾ ജഢരൂപത്തിൽ പ്രത്യക്ഷമാകുന്നവയാണെങ്കിലും അവ ഈ ജീവിതത്തിലെ ആത്മീയാവസ്ഥകളുടെ പ്രതിച്ഛായകൾ മാത്രമാകുന്നു. സ്വർഗ്ഗം ഈ ലോകത്തുള്ളതുപോലെ വൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചിട്ടുള്ള ജഢികമായ ലോകമാണെന്നോ നരകം ഗന്ധകശിലകളോടും മററും കൂടിയ സാധനപരമായ കുടീരമാണെന്നോ ഞങ്ങൾ വിശ്വസിക്കുന്നില്ല, നേരെ മറിച്ച് സ്വർഗ്ഗവും നരകവും ഇസ്‌ലാം മതം പഠിപ്പിക്കുന്ന പ്രകാരം മനുഷ്യന്റെ ഐഹികജീവിതത്തിലെ കർമ്മാവസ്ഥകളുടെ പ്രതിഫലനങ്ങളാകുന്നുവെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്" – (ഇസ്‌ലാം മത തത്ത്വജ്ഞാനം)

ഇസ്‌ലാമികവീക്ഷണത്തിൽ സ്വർഗ്ഗനരകങ്ങളെന്നത് ഈ ലോകജീവിതത്തിലെ വിശ്വാസത്തിന്റെയും വിചാരകർമ്മങ്ങളുടെയും പ്രതിഫലനമാണെന്നാണ് വാഗ്ദത്ത മസീഹ് (അ) ഇവിടെ വ്യക്തമാക്കുന്നത്. മനുഷ്യന്റെ പ്രവൃത്തികളും വിചാരഗതികളും സൃഷ്ടിച്ചെടുത്ത ഫലങ്ങൾ പാരത്രികജീവിതത്തിൽ രക്ഷയായും ശിക്ഷയായും വന്നടുക്കുകയാണ് ചെയ്യുന്നത്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, സ്വർഗ്ഗവും നരകവും മനുഷ്യന്റെ സ്വത്വത്തിൽ നിന്നുതന്നെ ഉരുവം കൊള്ളുന്നതും അവൻ തന്നെ ആത്മീയമായി സൃഷ്ടിച്ചെടുക്കുന്നതുമാണ്. മറിച്ചുള്ള എല്ലാ വർണ്ണനകളും ആത്മീയദൃഷ്ടിയില്ലാത്തവരുടെ നിരർത്ഥകമായ അതിഭാവുകങ്ങൾ മാത്രം!

## മരണാനന്തര ജീവിതത്തിലെ ആത്മീയ സ്ഥിതി

മരണാനന്തരജീവിതത്തിലെ ആത്മീയ സ്ഥിതിയെ വിശുദ്ധ ഖുർആൻ മനുഷ്യന്റെ ഉറക്കവുമായി ബന്ധപ്പെടുത്തി ഉദാഹരിക്കുന്നു (39:43) ഉറക്കത്തിൽ താത്ക്കാലികമായും മരണത്തിൽ സ്ഥിരമായും ആത്മാവ് ശരീരത്തിൽ നിന്നു വേർപെടുന്നുണ്ട്. ഉറക്കത്തിലുള്ള അനുഭവങ്ങളെക്കുറിച്ചു ചിന്തിക്കുക വഴി മരണാനന്തരം ആത്മാവിനുണ്ടാകുന്ന അവസ്ഥകളെ കുറിച്ചും ആത്മാവിന്റെ സ്വഭാവത്തെക്കുറിച്ചും മനസ്സിലാക്കാൻ കഴിയുന്നതാണ്. വാഗ്ദത്ത മസീഹ് (അ) ഈ വസ്തുത നമുക്ക് ഇപ്രകാരം സ്ഫുടമാക്കി തരുന്നു.

"സ്വപ്നം നമ്മിൽ പ്രത്യേകതരത്തിലുള്ള ഒരു മാറ്റം വരുത്തിതീർത്തുകൊണ്ട് ആന്തരീയമായ ആത്മസ്ഥിതികളെ ജഢരൂപത്തിൽ കാണിച്ചുതരുന്നു. അപ്രകാരം ഐഹികജീവിതത്തിലെ നമ്മുടെ ആത്മീയാവസ്ഥ പരലോകത്ത് പ്രത്യക്ഷഗോചരമായിരിക്കുന്നതാണ്" – (ഇസ്‌ലാം മത തത്ത്വജ്ഞാനം)

മനുഷ്യന്റെ ഉറക്കം മരണത്തിന്റെ ഒരു ചിത്രമാണ് നൽകുന്നതെങ്കിൽ, സ്വപ്നം മരണാന്തരജീവിതത്തിലേക്കുള്ള സൂക്ഷ്മമായ ഒരു കിളിവാതിലാണെന്നാണ് ഇവിടെ നൽകുന്ന സൂചന. സ്വപ്നത്തിൽ ശരീരത്തിന്റെ ആവശ്യമില്ലാതെ സംഭവങ്ങൾ അനുഭവവേദ്യമാകുന്നതുപോലെ മരണാനന്തരം ഭൗതികശരീരത്തിന്റെ ആവശ്യമില്ലാതെ തന്നെ മനുഷ്യൻ പുതിയൊരു ജന്മത്തിന് വിധേയമാവുകയാണ് ചെയ്യുന്നത്. ഈ പുനർജീവിതത്തിൽ മനുഷ്യന്റെ സ്വഭാവത്തെയും

പ്രകൃതിയെയും നിർണ്ണയിക്കുന്നത്, ഈ ജീവിതത്തിലെ വിചാരങ്ങളും പ്രവൃത്തികളുമാണെന്നു വാഗ്ദത്ത മസീഹ് (അ) മനസ്സിലാക്കിത്തരുന്നു.

മരണാനന്തരമുള്ള ആത്മാവിന്റെ പുനരുജ്ജീവനത്തെ വിശുദ്ധ ഖുർആൻ ഈ ജീവിതത്തിലെ മനുഷ്യന്റെ ശാരീരികമായ ജനനപ്രക്രിയയുമായി ബന്ധപ്പെടുത്തിയാണ് വിവരിക്കുന്നത് (22:6) മനുഷ്യശരീരം ബീജത്തിൽ നിന്ന് ആരംഭിച്ച് പിന്നെ ഗർഭാശയത്തിൽ ഭ്രൂണമായി വളർന്ന് ഒരു മനുഷ്യകുഞ്ഞായി പിറവിയെടുക്കുന്നു. തുടർന്ന് അവൻ ശൈശവദശ തരണം ചെയ്യുകയും പരിപക്വമായ ഒരാളായി രൂപം പ്രാപിക്കുകയും ചെയ്യുന്നു. ഇതേ തരത്തിലുള്ള ഒരു പ്രക്രിയയാണ് മരണാനന്തരം ആത്മാവും വിധേയമാവുന്നതെന്നാണ് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നത്. മരണത്തോടെ ആത്മാവ് ശരീരത്തെ ഉപേക്ഷിക്കുകയും മനുഷ്യജീവിതത്തിന്റെ ആദ്യദശകത്തിലെന്നപോലെ മറ്റൊരു ലോകത്തിലേക്കുള്ള ഗർഭഗൃഹത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. ആത്മാവിനെ മറ്റൊരു ജനന പ്രക്രിയയിലേയ്ക്ക് നയിക്കുന്ന ഈ ഗർഭഗൃഹത്തെയാണ് ഖുർആൻ ''ബർസഖ്'' എന്നും 'കബർ' എന്നും വിശേഷിപ്പിക്കുന്നത്.

"പിന്നെ ഓരോ മനുഷ്യനെയും മരിപ്പിക്കുകയും ഖബറിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നു" (80:22)

അതായത്, ആത്മാവ് ഇവിടെ മാതാവിന്റെ ഗർഭാശയത്തിലെത്തിയ ബീജബിന്ദുവിനെ പോലെയാണ്. ഈ ഘട്ടത്തിൽ അത് പരലോകജീവിതാവസ്ഥയ്ക്ക് അനുസൃതമായ കഴിവുകൾ ഈ ലോകത്തിലെ അതിന്റെ കർമ്മങ്ങളുടെയും വിചാരങ്ങളുടേയും പ്രതിച്ഛായയിൽ വളർത്തിയെടുക്കുന്നു. ഈ പ്രക്രിയയ്ക്ക് ശേഷം പുതിയൊരു ജീവിതത്തിലേക്ക് ആത്മാവ് പ്രവേശിക്കുന്നു. ഇതിനെയാണ് 'പുനരുത്ഥാനം' എന്നു പറയുന്നത്. ഈ ആത്മീയ പുനർജന്മത്തിൽ പരലോകാവസ്ഥയ്ക്ക് അനുയോജ്യമായ ഒരു പുതിയ ദേഹം ആത്മാവിന് ആവശ്യമാണ്. ഓരോ ആത്മാവും സ്വായത്തമാക്കുന്ന ദേഹം ഈ ജീവിതത്തിൽ ആത്മാവിന്റെ സ്വഭാവപ്രകൃതിയ്ക്ക് അനുസരിച്ചുള്ളതായിരിക്കുമെന്ന് വാഗ്ദത്ത മസീഹ് (അ) പറയുന്നു. അങ്ങനെ ഈ ലോകത്ത് നമ്മുടെ ശരീരമാണ് ആത്മാവിന്റെ ജനയിത്രിയെങ്കിൽ പരലോകത്ത് ആത്മാവ് ശരീരമായി പരിണമിക്കുകയും ഈ ആത്മശരീരം മറ്റൊരു ആന്തരാത്മാവിന്റെ ജനയിത്രിയാവുകയുമാണ് ചെയ്യുന്നത്. ഈ ലോകത്തിലെ ആത്മീയാനുഭവങ്ങളും അവസ്ഥകളും സാകാരം പ്രതീകവൽക്കരിക്കപ്പെട്ടായിരിക്കും പരലോകത്ത് പ്രത്യക്ഷപ്പെടുകയും ചെയ്യുക

## സ്വർഗ്ഗത്തിന്റെ ഉപമ:

വിശുദ്ധ ഖുർആൻ സ്വർഗ്ഗത്തെയും, പാപമോചനത്തെയും ദൈവികസംതൃപ്തിയെയും പരസ്പരപൂരകമായാണ് അവതരിപ്പിക്കുന്നത്. സത്യത്തിൽ, സ്വർഗ്ഗമെന്നതുകൊണ്ട് ദൈവികസംതൃപ്തിയാണ് ഖുർആൻ അർത്ഥമാക്കുന്നതെന്നു ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പ്രസ്താവിച്ചിട്ടുണ്ട്. ***

''ഭക്തജനത്തിനു വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗ്ഗം, ഒരിക്കലും മലിനമാകാത്ത തെളിനീരരുവികളും, രുചിഭേദം വരാത്ത പാലരുവികളും, സ്വാദിഷ്ടവും നിർദോഷവുമായ മദ്യസരിത്തുകളും, സംശുദ്ധമായ തേനരുവികളും നിറഞ്ഞ തോട്ടം പോലെയാണ്. അവർക്കതിൽ എല്ലാതരം പഴങ്ങളും ലഭിക്കുന്നതാണ്. സർവ്വോപരി, തങ്ങളുടെ നാഥനിൽ നിന്നുള്ള പാപവിമോചനവും" – (47:16).

തങ്ങളുടെ വിശ്വാസവും സാത്വികമായ ജീവിതകർമ്മങ്ങളും മുഖേന ദൈവദാസന്മാർ പരലോകജീവിതം സചേതനവും ഫലസമൃദ്ധവുമായ ആരാമങ്ങളായി കാണുകയും തങ്ങളുടെ വിശ്വാസവും പ്രവൃത്തികളും ഒട്ടും പാഴായില്ലെന്നു അതു കാണുമ്പോൾ അവർ തിരിച്ചറിയുകയും ചെയ്യുന്നു. വാഗ്ദത്ത മസീഹ് പറയുന്നത്, പരലോകത്തെ പാലരുവി ഒരു ദൈവദാസൻ ഈ ജീവിതത്തിൽ ശിശുവിനെപോലെ ആത്മീയമായി കുടിച്ചിട്ടുള്ള ദൈവജ്ഞാനമാകുന്ന പാലിന്റെ രൂപാവിഷ്കാരമാണെന്നാണ്. തേനാകട്ടെ, ഇവിടെ അനുഭവിച്ച ദൈവകാരുണ്യത്തിന്റെയും ദൈവാനുഗ്രഹത്തിന്റെയും, മദ്യം ഈ ജീവിതത്തിലെ ദൈവസ്നേഹമാകുന്ന മദ്യത്തിന്റെയും രൂപാവിഷ്കാരമാണ്.

"തീർച്ചയായും സച്ചരിതരായ ആളുകൾ സുരക്ഷിതമായ വാസസ്ഥലത്താകുന്നു. തോട്ടങ്ങൾക്കും അരുവികൾക്കുമിടയിൽ, പരസ്പരം അഭിമുഖമായിരുന്നു, മേത്തരം പട്ടുതുണിയും അലംകൃതമായ മേലങ്കിയും ധരിച്ച്, അങ്ങനെയായിരിക്കും അവരു നില" – (44;52–55). സച്ചരിതരായ ആളുകൾ തങ്ങളുടെ വിശ്വാസത്തെ സൽകർമ്മങ്ങൾ കൊണ്ട് സാക്ഷാൽക്കരിച്ചവരാണ്. അരുവികളുടെ സാന്നിദ്ധ്യം തോട്ടങ്ങളെ എപ്രകാരം ജീവത്താക്കിനിറുത്തുന്നുവോ അപ്രകാരം അവരുടെ സൽകർമ്മങ്ങൾ അവരുടെ സത്യവിശ്വാസത്തെ ജീവത്താക്കി നിറുത്തുന്നു. വാഗ്ദത്ത മസീഹ് (അ) പറയുന്നത്, "ഓരോരുത്തനും ലഭിക്കുന്ന സ്വർഗ്ഗം, അവന്റെ സത്യവിശ്വാസവും സൽകർമ്മങ്ങളും കൊണ്ട് രൂപവൽകൃതമാവുന്നതും അതിലെ ആനന്ദാനുഭൂതി അവനു ഈ ലോകത്തുവെച്ചുതന്നെ അനുഭവപ്പെട്ടു തുടങ്ങുന്നതുമായിരിക്കും." (ഇസ്‌ലാം മതതത്വജ്ഞാനം) എന്നാണ്.

"വശ്യവും സുന്ദരവുമായ നേത്രങ്ങളോടുകൂടിയ സുന്ദരികളായ ഇണകളെ നാമവർക്ക് പ്രദാനം ചെയ്യും. സുരക്ഷിതത്വബോധത്തോടുകൂടി എല്ലാവിധ പഴങ്ങളും അവർ അവിടെ ആവശ്യപ്പെടുന്നതാണ്." – (44:56)

ഈ ജീവിതത്തിൽ ഒരു നല്ല ഇണ ആനന്ദവും ആശ്വാസവും പ്രദാനം ചെയ്യുന്നതുപോലെ പരലോകത്തെ ഇണ ദൈവാർപ്പിതർക്ക് ലഭിക്കുന്ന ആനന്ദത്തിന്റെയും ആശ്വാസത്തിന്റെയും പ്രതീകമാണ്. ഇണ ഈ

ലോകത്ത് പ്രത്യുൽപാദനത്തിനും വംശവർദ്ധനവിനും കൂടിയുള്ളതാണ്. പരലോകത്ത് ആ പ്രശ്നമുദിക്കുന്നില്ലെന്നിരിക്കെ, 'ഭാര്യാഭർത്താക്കന്മാർ' എന്ന അർത്ഥത്തിൽ ഇണയുടെ ആവശ്യമെന്ത്? അതൊരു ആത്മീയ സംയുക്ത പ്രതീകം മാത്രമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നത്, പാരത്രികലോകത്തെ പഴങ്ങളെന്നത് തങ്ങളുടെ തന്നെ കർമ്മങ്ങളുടെ പ്രതീകങ്ങളാണെന്നാണ്. ഓരോരുത്തരുടെയും കർമ്മങ്ങളുടെ ആത്മാർത്ഥതയുടെ തോതാണ് അവർക്ക് ലഭിക്കുന്ന പഴങ്ങളുടെ ഗുണമേന്മ നിർണ്ണയിക്കുക. മനുഷ്യൻ പരലോകത്ത് ദർശിക്കാനിരിക്കുന്ന യഥാർത്ഥ ദൈവികസമ്മാനങ്ങളുടെ ഒരു പ്രതിരൂപം മാത്രമേ നാമിവിടെ ആസ്വദിക്കുന്നുള്ളൂവെന്നും ആ മഹാത്മാവ് വ്യക്തമാക്കുകയുണ്ടായി.

## നരകത്തിന്റെ ഉദാഹരണം :

ഈ ജീവിതത്തിലെ ആത്മീയ പീഡകളാണ് പാരത്രികജീവിതത്തിൽ ഭൗതികശിക്ഷകളായി രൂപപ്പെടുന്നത്. തങ്ങളുടെ രക്ഷിതാവായ ദൈവത്തെ കുറിച്ച് നിർബോധമായ തരത്തിൽ ആത്മാവിനെ രോഗിയാക്കിക്കൊണ്ടുള്ള അന്ധവും ദൂഷിതവുമായ ജീവിതത്തിൽ നിന്നു ഉടലെടുക്കുന്നതാണ് നരകം. വിശുദ്ധ ഖുർആൻ പറയുകയാണ്:

"സ്വർഗ്ഗത്തിലെ ആരാമങ്ങളോ അതോ 'സഖൂം' വൃക്ഷമോ ഉത്തമമായത്? നിശ്ചയമായും നാം അതിനെ ദുഷ്ടന്മാർക്ക് ഒരു പീഡനമാക്കിയിരിക്കുന്നു. അതു നരകത്തിന്റെ മുരടിൽ നിന്നു തഴച്ചുവളരുന്നതാകുന്നു" – (37:63–65)

വിഷയസുഖങ്ങളുടെയും അഹന്തയുടെയും നടുവിൽ ഈ ലോകത്ത് നട്ടുവളർത്തിയ വിഷവൃക്ഷത്തിന്റെ ദുഷ്ഫലം നരകദുരിതങ്ങളുടെ രൂപത്തിൽ അവർ അനുഭവിക്കുന്നു. നരകത്തിന്റെ അസ്ഥിവാരമായ അഹംഭാവത്തിന്റെ ദുഷ്ഫലമാണ് 'സഖൂം' എന്നാണ് വാഗ്ദത്ത മസീഹ് (അ) വിശദീകരിക്കുന്നത്.

"അല്ലയോ സത്യനിഷേധികളായ പിഴച്ചവരേ, തീർച്ചയായും നിങ്ങൾ സഖൂമിന്റെ വൃക്ഷത്തിൽ നിന്നു ഭക്ഷിക്കുന്നവരാകുന്നു. അങ്ങനെ അതിൽ നിന്നു വയറു നിറയ്ക്കുന്നവരും, അതിനു മീതെ തിളച്ചുപൊള്ളുന്ന വെള്ളത്തിൽ നിന്നു കുടിക്കുന്നവരും, ഒടുങ്ങാത്ത ദാഹവുമായി വലയുന്ന ഒട്ടകത്തെപോലെ കുടിക്കുന്നവരുമാകുന്നു" – (56:52–56).

ഭൂമിയിലെ അവരുടെ ഉദ്ധണ്ഡത, പാരത്രിക ജീവിതത്തിൽ അതിതീക്ഷ്ണമായ ദുഃഖത്തിന് കാരണമായിത്തീരുന്നതാണ്. തിളച്ചുമറിയുന്ന വെള്ളം അവരുടെ ദുഃഖത്തിന്റെ ആധിക്യം വെളിപ്പെടുത്തുന്നു. വാഗ്ദത്ത മസീഹ് (അ) പറയുന്നു: ''നരകാവകാശിയായി തീരുന്ന ആ പാപി അഹംഭാവം കാട്ടാതിരിക്കുകയും തന്റെ അന്തസ്സും മാന്യതയും വിചാരിച്ച് സത്യത്തിന്റെ നേർക്ക് വൈമുഖ്യം പ്രദർശിപ്പിക്കാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ അവന് ഈ തിക്തഫലം അനുഭവിക്കേണ്ടതിനോ, കഷ്ടം സഹിക്കേണ്ടതിനോ ഇട വരുമായിരുന്നില്ലെന്നാണ് പ്രസ്തുത വാക്യം മനസ്സിലാക്കിതരുന്നത്" – (ഇസ് ലാംമത തത്ത്വജ്ഞാനം)

''അല്ലയോ ദുർമാർഗ്ഗികളേ, നിങ്ങൾക്കു തണൽ നൽകുകയോ തീജ്വാലയിൽ നിന്നു സംരക്ഷണം നൽകുകയോ ചെയ്യാത്ത മൂന്നു ശാഖകളുടെ ചുവട്ടിലേയ്ക്ക് – നിങ്ങൾ പോവുക" – (77:31, 32)

ഈ മൂന്നു ശാഖകൾ എന്നാൽ, മനുഷ്യാത്മാവിൽ രൂപപ്പെടുന്ന ദുഷ്ടവും നിർദ്ദയവും ആശങ്കാകുലവുമായ പ്രകൃതികളാണ്. വാഗ്ദത്ത മസീഹ് (അ) പറയുന്നത്. ഈ മൂന്നു സ്വഭാവങ്ങളെയും നിയന്ത്രിച്ച് ധാർമ്മിക ഗുണങ്ങളായി രൂപപ്പെടുത്താതിരിക്കുന്നവർക്ക്, അവ പരലോകത്ത് ഇലകളില്ലാത്ത വൃക്ഷത്തിന്റെ മൂന്നു കൈവഴികളെന്നോണം അനുഭവവേദ്യമാകുമെന്നാണ്.

''അവയ്ക്ക് ഉഷ്ണത്തെ തടുക്കാൻ കഴിവില്ലാത്തതിനാൽ ചുവട്ടിൽ നിൽക്കുന്നവൻ താപം കൊണ്ട് ദുഃഖിക്കുന്നതാണ്." – (ഇസ്‌ലാം മതതത്ത്വജ്ഞാനം)

ദുർമാർഗ്ഗികൾക്കെതിരിൽ അവരുടെ അവയവങ്ങൾ തന്നെ സാക്ഷ്യം വഹിക്കുമെന്നു വിശുദ്ധ ഖുർആൻ ചൂണ്ടിക്കാട്ടുന്നു. ഈ അവയവങ്ങളാണ് അവരിൽ നരകം കടന്നുവരുന്ന വാതിലുകൾ.

''നരകത്തിന് ഏഴു വാതിലുകളുണ്ട്. ഓരോ വാതിലിലൂടെയും ശിക്ഷാവിധിയ്ക്ക് ഇരയായവരുടെ ഓരോ അംശം കടന്നുപോകും" (15:45)

നരകാവകാശി തന്റെ ഏഴുബോധേന്ദ്രിയങ്ങളുടെ തുറവുകളിലൂടെ തന്റെ ശിക്ഷകൾ അനുഭവിച്ചറിയുമെന്നാണ് ഇതിന്റെ അർത്ഥം. മുസ്‌ലിഹ് മൗഊദ് (റ) പറയുകയാണ്:

"നരകത്തിന്റെ എഴുതുറവുകൾ എന്നു പറയപ്പെടുന്നതിന്റെ അർത്ഥം, ഈ ലോകത്ത് മനുഷ്യൻ പാപം ചെയ്യാൻ ഉപാധികളാക്കിയിരുന്ന ബോധേന്ദ്രിയങ്ങളാകുന്നു. ഈ ഏഴു ബോധേന്ദ്രിയങ്ങൾ തന്നെ പരലോകത്ത് അവന് ശിക്ഷ രുചിച്ചറിയാനുള്ള ഉപാധികളായിത്തീരും. തിന്മ ചെയ്യുന്നതിനുള്ള ശീലം നിമിത്തം ഈ ഏഴു ബോധേന്ദ്രിയങ്ങളും ദുർബ്ബലവും രോഗഗ്രസ്ഥവുമായിത്തീരുന്നതാണ്" (അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം)

## ആത്മാവിന്റെ മരണവും പുനരുജ്ജീവനവും:

അനിയന്ത്രിതമായ ശാരീരികസുഖങ്ങളും ചപലവാസനകളും ആത്മാവിൽ ചെലുത്തുന്ന സ്വാധീനത്തിന്റെ ഭവിഷ്യത്തുകളാണ് നാരകീയജീവിതത്തിൽ അനാവൃതമാവുന്നത്. എന്നാൽ വിചാരശുദ്ധിയോടുകൂടിയ ശാരീരിക പ്രവർത്തനങ്ങളും സാത്വികമായ കർമ്മങ്ങളും ആത്മാവിനെ മഹത്തായൊരു പരിണാമത്തിന് വിധേയമാക്കിത്തീർക്കുന്നുണ്ട്. ഈ പരിണാമം മറ്റൊരു ആത്മീയ ജന്മത്തിലേക്കെത്തിക്കുന്നു. ഇങ്ങനെ ആത്മാവിനെ ശരീരത്തിൽ നിന്നു സൃഷ്ടിച്ചിട്ടുള്ളതു

പോലെ അതിനു ശരീരത്തിൽ കൂടി തന്നെ ഒരു പുനർജന്മം സാധിക്കുന്നതിനും ദൈവം ഇച്ഛിക്കുന്നതായി വാഗ്ദത്ത മസീഹ്, ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) പറയുന്നു. ഈ ആത്മീയ പുനർജന്മമാണ് സ്വർഗ്ഗീയ ജീവിതമൊരുക്കുന്നത്. അതുകൊണ്ടാണ് ദൈവികഗ്രന്ഥങ്ങൾ മനുഷ്യന്റെ ശാരീരിക പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ ആത്മീയ പരിപോഷണത്തിനുള്ള വഴികൾ മുന്നോട്ടുവെക്കുന്നത്. ഒരാൾക്ക് തന്റെ സത്യവിശ്വാസവും സൽപ്രവൃത്തികളും മുഖേന ഈ ജീവിതത്തിൽ തന്നെ ഈ ആത്മീയ പുനർജന്മം സ്വായത്തമാക്കാൻ കഴിയുമെന്നു വാഗ്ദത്ത മസീഹ് (അ) പറയുന്നു. എന്നാൽ ഈ ലോകജീവിതത്തിലെ ലൗകീകതയുടെ ദൂഷിതവലയത്തിൽ നിന്നു പൂർണ്ണമായും പുറത്തു കടന്ന് ദൈവത്തിനു വേണ്ടി തന്റെ ആത്മാവിന് നേരത്തേ ഒരു മരണം വരുത്തിയവർക്കു മാത്രമേ ഈ പുനർജന്മമുള്ളൂ.

യഥാർഥ ദൈവദാസന്മാർ സ്വയമേവ തങ്ങളിൽ ഒരു മരണം സ്വീകരിച്ചവരാണ്. ഭൗതികമായ രീതിയിൽ മരിക്കുന്നവർ പുനരുജ്ജീവിപ്പിക്കപ്പെടുന്നതുപോലെ ഈ ജീവിതത്തിൽ തന്നെ തങ്ങളുടെ ഒരു മരണം ഏർപ്പെടുത്തുന്നവരെയും അല്ലാഹു പുനരുജ്ജീവിപ്പിക്കുന്നതാണെന്നു വാഗ്ദത്ത മസീഹ് ചൂണ്ടിക്കാട്ടുന്നു. ഈ മരണത്തെയും പുനർജീവനത്തെയും അതുവഴിയുള്ള മഹത്തായ ദൈവദർശനത്തെയുമാണ് സൂഫികൾ 'ഫനാ' എന്നും 'ബഖാ' എന്നും 'ലിഖാ' എന്നും വിശേഷിപ്പിച്ചിട്ടുള്ളത്. മനുഷ്യന്റെ സൃഷ്ടിലക്ഷ്യത്തിന്റെ സാക്ഷാത്കാരം തന്നെ ഇതുമായി ബന്ധപ്പെട്ടാണിരിക്കുന്നത്. എന്നാൽ, ഈ മരണവും അതിനുശേഷമുള്ള ആത്മീയ പുനർജീവനവും എന്താണ്? വിശുദ്ധ ഖുർആന്റെ അടിസ്ഥാനത്തിൽ വാഗ്ദത്ത മസീഹ് (അ) അത് ഇപ്രകാരം വിശദീകരിക്കുന്നു:

"മനസ്സിൽ താലോലിച്ചു പോരുന്നതും സ്വാഭാവികവുമായ എല്ലാതരം അഭിനിവേശങ്ങളിൽ നിന്നും പൊടുന്നനെ പിൻവാങ്ങുകയും നീണ്ടകാലത്തെ പ്രവൃത്തി മൂലം ശീലമായി മാറിയ എല്ലാതരം സ്വാർത്ഥതകളെയും ഒറ്റയടിക്ക് ഉപേക്ഷിക്കുകയും ബഹുമതിയുടെയും അന്തസ്സിന്റെയും അഭിമാനത്തിന്റെയും പ്രകടനപരതയുടെയും സർവ്വ പരിഗണനകളും കൈവെടിയുകയും അല്ലാഹുവിന് പുറമെയുള്ളതെല്ലാം നിശ്ചേതനമായി കരുതി ദൈവത്തിലേയ്ക്ക് പൂർണ്ണമായും മുഖംതിരിക്കുകയും ചെയ്യുക എന്നുള്ളത് ഒരു തരത്തിലുള്ള മരണമാണ്. എന്നാൽ ഈ മരണം ആത്മീയ ജനനത്തിന്റെ നാന്ദിയാണ്. ഒരു ധാന്യവിത്ത് മണ്ണിൽ ലയിച്ച് ഇല്ലാതാകുവോളം പുതിയൊരു ധാന്യച്ചെടി മുളച്ചു വരുക സാധ്യമല്ലല്ലോ. ആത്മീയ ജനനം, ഇങ്ങനെ ആത്മസംഹരണത്തെ (ഫന) യാണ് ആശ്രയിച്ചിരിക്കുന്നത്. സ്വാർത്ഥത പിൻവലിക്കുകയും, മനുഷ്യന്റെ ഇച്ഛാശക്തിയും കർമ്മങ്ങളും സൃഷ്ടികളിലുള്ള താത്പര്യവുമെല്ലാം യഥാസ്ഥാനത്താവുകയും ചെയ്യുമ്പോൾ മാത്രമേ ആത്മീയ ജനനത്തിനുള്ള അവയവങ്ങൾ രൂപപ്പെടാൻ തുടങ്ങുകയുള്ളൂ. തുടർന്ന് സ്വാർഥതയുടെ പൂർണ്ണമായ ഉന്മൂലനം സാധുവാകുകയും അതോടെ പുതിയൊരു ശരീരത്തിന്റെ മേലാട പ്രദാനം ചെയ്യപ്പെടുമാറാകുകയും ചെയ്യുന്നു. അനന്തരം "സുമ്മ അൻശഅ്നാഹു ഖല്ഖ ആഖറ" അങ്ങനെ നാം അവനെ മറ്റൊരു സൃഷ്ടിയായി രൂപപ്പെടുത്തുന്നു." (23:15) എന്ന അവസ്ഥയിൽ എത്തിച്ചേരുകയും ചെയ്യുന്നു." (ബറാഹീനെ അഹ്മദിയ്യാ). പേ: 572,573.

## രണ്ടു സ്വർഗ്ഗങ്ങൾ

ഈ പുതിയ ആത്മീയ ജന്മം തന്നെയാണ് സ്വർഗ്ഗീയ ജീവിതമെന്നു പറയുന്നത്. ഈ ആത്മീയ ജന്മം നേടിയവർ ഈ ജീവിതത്തിലും പാരത്രിക ജീവിതത്തിലുമായി രണ്ടു സ്വർഗ്ഗങ്ങൾക്ക് അവകാശികളായിരിക്കുമെന്ന് ഖുർആൻ പ്രഖ്യാപിക്കുന്നു.

"തന്റെ നാഥന്റെ സ്ഥാനത്തെ ഭയപ്പെടുന്നവന് രണ്ടു സ്വർഗ്ഗീയാരാമങ്ങളുണ്ട്" – (55:47)

ദൈവത്തിന്റെ ഇഷ്ടജനം, ദൈവമാർഗ്ഗത്തിൽ വിവിധ ദുരിതങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും കടന്നുപോകുന്നവരാണ്. ഈ ദുരിതങ്ങളും യാതനകളും അവർക്ക് ആനന്ദമല്ലാതെ മറ്റൊന്നും പ്രദാനം ചെയ്യുന്നില്ല. ഈ ആനന്ദങ്ങളിലാണ് ഈ ജീവിതത്തിൽ തന്നെ ദൈവാർപ്പിതരിൽ യാഥാർഥ്യമാക്കപ്പെടുന്ന സ്വർഗ്ഗീയാരാമം. ഈ ആത്മീയാരാമമാണ് ഭാവിയിലെ പാരത്രികജീവിതത്തിൽ സ്ഥൂലരൂപത്തിൽ യഥാർത്ഥ സ്വർഗ്ഗമായി രൂപാന്തരപ്പെടുന്നത്. 'നരകം ആശകളാലും സ്വർഗ്ഗം ദുരിതങ്ങളാലും ആവരണം ചെയ്യപ്പെട്ടിരിക്കുകയാണെ' ന്നു ഹദീസുകൾ മനസ്സിലാക്കി തരുന്നുണ്ട്. ''നരകത്തിലൂടെ കടന്നുപോകാത്തവരായി നിങ്ങളിൽ ആരും തന്നെയില്ല." – (19:72) എന്നാണ് താനും വിശുദ്ധ ഖുർആൻ ഓർമ്മപ്പെടുത്തുന്നത്. ഈ അടിസ്ഥാനത്തിൽ പരലോകത്ത് സ്വർഗ്ഗം അവകാശമാക്കുന്നവർ ഇവിടെ ദുരിതങ്ങളുടെ നരകം തങ്ങൾക്കായി സ്വയം തെരഞ്ഞെടുത്തവരാകുന്നു. മറ്റുള്ളവർ നരകമായി കാണുന്നതിനെ ദൈവാനുഗ്രഹത്താൽ അവർ സ്വർഗ്ഗമായി തിരിച്ചറിയുന്നു! വാഗ്ദത്തമസീഹ്, ഹസ്രത്ത് അഹ് മദ് (അ) പറയുകയാണ്:

"എന്തെന്നാൽ അല്ലാഹുവിനോടുള്ള തങ്ങളുടെ സർവ്വാശ്ലേഷകമായ സ്നേഹത്തിൽ ദുരിതങ്ങൾ അവർ ഉപഹാരങ്ങളായി കാണുന്നു. ആ സ്നേഹലഹരിയിൽ ഉൻമത്തരാവുക മൂലം തങ്ങളുടെ യഥാർഥ കൂട്ടുകാരനിൽ നിന്നു ഏറ്റുവാങ്ങുന്ന ഓരോ പ്രഹരവും ഓരോ വേദനയും അവരെ സംബന്ധിച്ചിടത്തോളം ആനന്ദത്തിന്റെ ഉറവിടമാണ്. ഇതാണ് ദൈവികസന്നിധാനത്തിലേയ്ക്കുള്ള ആത്മീയ പുരോയാനത്തിന്റെ ദ്വിതീയ ഘട്ടം... ഈ അവസ്ഥ മരണത്തിനുശേഷം പുനരുജ്ജീവനത്തിലേയ്ക്ക് വരുന്നതിന് തുല്യമാണ്.... മറ്റു വാക്കുകളിൽ പറഞ്ഞാൽ, ഈ അവസ്ഥയെയാണ് 'ബഖാ' (പുനർജീവനം) എന്നു വിശേഷിപ്പിക്കപ്പെടുന്നത്. എന്തെന്നാൽ ഈ

അവസ്ഥയിൽ ആത്മീയയാത്രികന് താൻ മരിച്ചവനായിരുന്നുവെന്നും ഇപ്പോൾ ജീവിതത്തിലേയ്ക്ക് തിരിച്ചു വന്നിരിക്കുകയാണെന്നുമുള്ള അനുഭൂതിയുണ്ടാവുന്നു. മഹത്തായ ഒരാനന്ദവും പുളകവും അവർ അനുഭവിക്കുന്നു." (ബറാഹീനെ അഹ്മദിയ്യാ, ഫുട്നോട്ട് - 574, 575)

ചുരുക്കത്തിൽ ഇതാണ് വാഗ്ദത്ത മസീഹ്, ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) വിവരിച്ചു തരുന്ന പരലോകത്തെ സംബന്ധിച്ച യുക്തിഭദ്രവും അഗാധവുമായ ഖുർആനിക ദർശനത്തിന്റെ സംക്ഷേപം - ഇഹലോക ജീവിതാവസ്ഥകളുടെ ആത്മീയ പ്രതിഫലനം, അതായത്, തന്റെ ദൈവവിശ്വാസവും സൽപ്രവൃത്തികളും മുഖേന സ്വർഗ്ഗം സൃഷ്ടിച്ചെടുത്തവന് മാത്രമേ പരലോകത്തും സ്വർഗ്ഗം ക്ഷിപ്രസാധ്യമാക്കപ്പെടുന്നുള്ളു. ഈ ലോകത്ത് ആത്മീയ പുനർജന്മം നേടിയവർ മാത്രമേ പരലോകത്തും ജീവനുള്ളവരായി പ്രവേശിക്കുന്നുള്ളൂ. ഈ ജീവിതത്തിൽ നിന്നു ആത്മീയ നരകം കൊണ്ടുപോകുന്നവർ ആ ജീവിതത്തിലും നരകം കണ്ടെത്തുന്നു. എന്തെന്നാൽ, ആത്മീയമായി "ഈ ലോകത്തു അന്ധനായവൻ പരലോകത്തും അന്ധനായിരിക്കും" (17:72) എന്നുള്ളതാണ് പാരത്രിക ജീവിതത്തെ സംബന്ധിച്ച വിശുദ്ധ ഖുർആന്റെ ഹൃദയഹാരിയായ ആത്മീയ തത്ത്വശാസ്ത്രത്തിന്റെ സാരാംശം.

* (തഹ്ഫീമുൽ ഖുർആൻ വോ. 5, പേ 271 നോക്കുക. പ്രബോധനം വാരിക, 1994 ഡിസംബർ 17, പേ. 30)

** (ബുഖാരി - കിതാബുൽ തഫ്സീർ, അൽസജ്ദ: 18)

*** വിശുദ്ധ ഖുർആൻ 57: 21, 22 (Holy Qur'an with English Trans. & Comm., P. 2584 vol. Iv 89:28-31)

*(7 -ാം പേജിൽ നിന്ന് തുടർച്ച)*

എത്ര കണ്ടു ഒരു മനുഷ്യൻ സൽക്കർമ്മങ്ങളിൽ പുരോഗതി പ്രാപിക്കുകയും അല്ലാഹുവിനോടുള്ള അനുസരണക്കേടിൽ നിന്നും രക്ഷ പ്രാപിക്കുകയും ധിക്കാരം കാണിക്കുക, അല്ലാഹു കല്പിച്ചരുളിയ അതിർത്തികളെ ലംഘിക്കുക എന്നീ കാര്യങ്ങളിൽ നിന്നു വിട്ടുനിൽക്കുകയും ചെയ്യുന്നുവോ അത്ര കണ്ട് അയാളുടെ ഈമാൻ വർദ്ധിക്കുകയും ഓരോ പുതിയ പുതിയ സൽക്കർമ്മങ്ങൾ ചെയ്യുന്നതിൽ ഹൃദയത്തിൽ ഒരു ശക്തിയും മനസ്സിന്നു സമാധാനവും ഉണ്ടാവുകയും ചെയ്യുന്നതായി ഈ ലോകത്തും നമുക്കു കാണുവാൻ സാധിക്കുന്നു.

അല്ലാഹുവിന്റെ മഅ്രിഫത്തിൽ ആനന്ദാനുഭൂതി ലഭിക്കുകയും അവസാനം, വിശ്വാസിയുടെ ഹൃദയത്തിൽ ദൈവസ്നേഹത്തിന്റെയും അനുരക്തിയുടെയും ഒരവസ്ഥ സംജാതമായിത്തീരുകയും അങ്ങനെ അയാളുടെ മുഴുവൻ സത്തയും ദൈവസ്നേഹത്തിന്റെയും ദൈവീകാനുഗ്രഹങ്ങളുടെയും ഒരു പ്രതീകമായിത്തീരുകയും ചെയ്യുന്നു. അങ്ങനെ അയാളുടെ ഹൃദയം നിറഞ്ഞ ചഷകം പോലെ ആയിത്തീരുന്നു. ദൈവികപ്രകാശം അയാളുടെ ഹൃദയത്തെ പരിപൂർണ്ണമായും വലയം ചെയ്യുന്നു. അങ്ങനെ എല്ലാവിധത്തിലുമുള്ള അന്ധകാരവും ഞെരുക്കവും സങ്കോചവും അയാളിൽ നിന്ന് ദൂരത്താക്കപ്പെടുന്നു. ഈ അവസ്ഥയിൽ ദൈവവഴിയിൽ അവർക്കുണ്ടായിത്തീരുന്ന ഒരു വിപത്തും പ്രയാസവും ഒരു നിമിഷനേരത്തേക്ക് കൂടി അയാളെ വിവശനാക്കുന്നില്ല. എന്നു മാത്രമല്ല അയാൾക്ക് ഇതിലൊക്കെ ഒരാനന്ദാനുഭൂതി ഉണ്ടാവുകയാണുചെയ്യുന്നത്. ഇത് ഈമാന്റെ അവസാനത്തെ സ്ഥാനമാകുന്നു.

ഈമാന്ന് ഏഴുമാനങ്ങൾ ആണുള്ളത്. ഇവ കൂടാതെ അവസാനത്തെ ഒരു മാനം കൂടിയുണ്ട്. അതു അല്ലാഹുവിന്റെ പ്രത്യേകമായ ഔദാര്യത്തിൽ നിന്നും പ്രദാനം ചെയ്യപ്പെടുന്നതാണ്. സ്വർഗ്ഗത്തിനു ഏഴു വാതിലുകളാണുള്ളത്. എട്ടാമത്തെ വാതിൽ അല്ലാഹുവിന്റെ അനുഗ്രഹത്തോടൊപ്പം തുറക്കപ്പെടുന്നു. ചുരുക്കത്തിൽ ഒരു കാര്യം സ്മർത്തവ്യമാണ്. ഈ ലോകത്തുള്ള സ്വർഗ്ഗവും നരകവും പുതിയൊരു സ്വർഗ്ഗമോ നരകമോ അല്ലാ മറിച്ച് മനുഷ്യന്റെ ഈമാന്റെയും സൽക്കർമ്മങ്ങളുടെയും പ്രതിച്ഛായകളാണ്. ഇതുതന്നെയാണ് അതിന്റെ യഥാർത്ഥ തത്വശാസ്ത്രവും. അത് പുറമെ നിന്ന് മനുഷ്യന്നു വന്നുചേരുന്ന ഒന്നല്ല. മറിച്ച് മനുഷ്യന്റെ അന്തർഭാഗത്ത് നിന്ന് തന്നെയാണ് അവ പുറപ്പെടുന്നത്. ഒരു വിശ്വാസിക്ക് ഏതവസ്ഥയിലും ഇതേ ലോകത്ത് തന്നെ സ്വർഗ്ഗം ലഭ്യമാകുന്നു. ഈ ലോകത്തുള്ള അയാളുടെ സ്വർഗ്ഗം പരലോകത്ത് അയാൾക്കായി വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗ്ഗമായിത്തീരുന്നു. ചുരുക്കത്തിൽ ഓരോ ആളുടെ സ്വർഗ്ഗവും അയാളുടെ ഈമാനും സൽക്കർമ്മങ്ങളും ആകുന്നു എന്നത് എത്രയും സ്പഷ്ടവും സത്യവും ആയ കാര്യമാണ്. ഈ ദുൻയാവിൽത്തന്നെ അതിന്റെ ആനന്ദം സമാരംഭമാകുന്നു. ഇതേ ഈമാനും കർമ്മങ്ങളും മറ്റുവിധത്തിൽ ഉദ്യാനവും അരുവികളും ആയി കാണപ്പെടുന്നു. (മൽഫൂസാത്ത് 2, പേ: 386-388). ●

## പ്രത്യേക ശ്രദ്ധക്ക്

## മാറിയ ഫോൺ നമ്പറുകൾ

**സംസ്ഥാന അമീർ എ. പി. കുഞ്ഞാമു സാഹിബ്**: 9447948757

**ചീഫ് മിഷ്യനറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ്**: 0495 - 5536448

**അമീർ സാഹിബ് ഓഫീസ് ഫാക്സ്**: 0495 – 2721609

**സത്യദൂതൻ, ജനറൽ ഇൻഫർമേഷൻ** : 95495 (Land Code) / 0495 (Mob. Code) } 5520733

## ലേഖനം

# സലാഹുദ്ദീൻ അയ്യൂബി

ഫസൽ അഹ്മദ്

### കുരിശു യുദ്ധക്കാരിൽ നിന്നും ജെറുസലം വീണ്ടെടുത്ത ഇസ്ലാമിന്റെ മഹാനായ പോരാളിയായിരന്നു സലാഹുദ്ദീൻ അയ്യൂബി

ക്രിസ്ത്വബ്ദം 632–ൽ നബി തിരുമേനി(സ:അ)യുടെ ചരമത്തെ തുടർന്ന് അദ്ദേഹത്തിന്റെ ഖലീഫമാർ ഇസ്ലാമിന്റെ സന്ദേശം മദ്ധ്യപൗരസ്ത്യദേശത്തും, വടക്കെ ആഫ്രിക്കയിലും തെക്കൻ യൂറോപ്പിലും എത്തിച്ചു. ക്രിസ്ത്വാബ്ദം 634 ആവുമ്പോഴേക്കും അറേബ്യ മുഴുവനും ഇസ്ലാം മതം സ്വീകരിച്ചു. ക്രിസ്ത്വബ്ദം 635–ൽ ഡമാസ്ക്കസ്സും 640ൽ ഈജിപ്തും ഇസ്ലാം ആശ്ലേഷിച്ചു. മുസ്ലിംകൾക്ക് ആധിപത്യം ലഭിച്ചേടങ്ങളിലെല്ലാം മുസ്ലിംകൾ ക്രിസ്ത്യാനികൾക്കും ജൂതന്മാർക്കും സംരക്ഷണം നൽകി. ക്രിസ്ത്യാനികളും ജൂതന്മാരും മുസ്ലിംകളെ ആദരിച്ചു. മുസ്ലിംകൾ ആഗതരാകുന്നതിന്ന് മുമ്പ് വർഷങ്ങളോളം ക്രിസ്ത്യാനികളേയും ജൂതന്മാരേയും ബാഹ്യശക്തികൾ അടിമപ്പെടുത്തിയിരുന്നു. പലസ്തീൻ, സ്പെയിൻ, ഈജിപ്ത് എന്നിവിടങ്ങളിൽ.

ക്രിസ്ത്വബ്ദം 635–ൽ ഖാലിദ് ബിൻവലീദ് ഡമാസ്ക്കസ്സിൽ എത്തിയപ്പോൾ മുസ്ലിംകൾ കീഴടക്കുന്ന അമുസ്ലിം പ്രജകളോട് അനുവർത്തിക്കേണ്ട നയത്തിന്റെ കീഴ്വഴക്കം ഉണ്ടാക്കിയിരുന്നു. ഉദാഹരണമായി ഡമാസ്ക്കസ്സിലെ അമുസ്ലിംകൾക്ക്, (അവരിൽ അധികവും ക്രിസ്ത്യാനികളും ജൂതന്മാരുമായിരുന്നു). അവർ നൽകിയ 'ജിസിയ' എന്ന നികുതിക്ക് പകരമായി അവരുടെ ജീവനും സ്വത്തിനും ആരാധനാലയങ്ങൾക്കും പരിപൂർണ്ണ സംരക്ഷണം നൽകിയിരുന്നു.

ക്രിസ്ത്വബ്ദം 638ൽ ജറുസലം രക്തം ചിന്താതെ കീഴടങ്ങുകയാണുണ്ടായത്. അവിടത്തെ പട്ടണവാസികൾക്കും അവരുടെ ഗ്രീക്ക് ക്രിസ്ത്യൻ പാട്രിയാർക്കായിരുന്ന സഫർനിയൂസിനും ജിസിയയുടെ അതേ നിബന്ധനകൾ തന്നെയാണ് അവിടെ നടപ്പിലാക്കിക്കൊണ്ടരുന്നത്. മുമ്പ് തങ്ങളുടെ ബൈസാന്തിയൻ യജമാനന്മാർക്ക് നൽകിയിരുന്ന കനത്ത നികുതിയേക്കാൾ എത്രയോ കുറവായിരുന്നു 'ജിസിയ' എന്നറിഞ്ഞപ്പോൾ ജറുസലേമിലെ ജനങ്ങൾ അത്ഭുതപ്പെട്ടു. ഘനഗംഭീരമായ രീതിയിലായിരിക്കും ശക്തരായ മുസ്ലിംകളുടെ പട്ടണപ്രവേശം എന്നായിരുന്നു അവർ ധരിച്ചിരുന്നത്. എന്നാൽ ലോകചരിത്രത്തിൽ ഏറ്റവും വേഗത്തിൽ വിപുലീകരിക്കപ്പെടുന്ന സാമ്രാജ്യത്തിന്റെ നേതാവ് ഖലീഫ ഉമർ(റ) തന്റെ അടിമയോടൊപ്പം നഗ്നപാദനായി നടന്നുവരുന്ന കാഴ്ച അവരിൽ അമ്പരപ്പുളവാക്കി. ഇതായിരുന്നു അത്യുത്സുകരായ മുസ്ലിംകളുടെ ലാളിത്യത്തിന്റെയും സാഹോദര്യത്തിന്റെയും ആത്മാവ്.

മദ്ധ്യപൗരസ്ത്യദേശങ്ങളിൽ (മുസ്ലിംകളുടെ) അതിവേഗമുന്നേറ്റത്തിന്റെ വാർത്ത പശ്ചിമയൂറോപ്പിലെ ക്രിസ്തീയ രാജാക്കന്മാർ ആശങ്കയോടെയും താല്പര്യത്തോടെയുമായിരിക്കണം എതിരേറ്റത്. ക്രിസ്ത്വബ്ദം 711–ൽ മുസ്ലിംകൾ പടിഞ്ഞാറ് പാരീസിലേക്കും കിഴക്ക് ചൈനയിലേക്കും മുന്നേറുകയാണെന്ന വാർത്ത കേട്ടപ്പോൾ അവരുടെ ആശങ്ക അതിന്റെ പാരമ്യത്തിലെത്തിക്കാണും.

ക്രിസ്ത്വബ്ദം 732–ൽ പാരീസിൽ നിന്നും 150 നാഴികയും ബ്രിട്ടീഷ് തീരത്ത് നിന്ന് 250ൽ കുറഞ്ഞ നാഴികയും ദൂരമുള്ള ടൂർസിലെ ചാൾസ് മാർട്ടെലിനോട് പരാജയപ്പെട്ടപ്പോഴാണ് തങ്ങൾ സ്വയം അതിർകവിഞ്ഞുപോയെന്ന് മനസ്സിലാക്കി സ്പെയിനിന്റെ അതിർത്തിയിലേക്ക് പിൻവാങ്ങിയത്.

### കുരിശുയുദ്ധങ്ങൾ

രാഷ്ട്രീയക്കാരുടെ സ്വാധീനത്താൽ മതനിന്ദകരാണെന്ന് തങ്ങൾ കരുതുന്ന ക്രിസ്ത്യാനികളെ മതവിചാരണ (ഇൻക്വിസിഷൻ) ക്ക് വിധേയമാക്കി ഈ മതവിചാരണകൾ പിന്നീട് സ്പെയിനിൽ മുസ്ലിംക

ൾക്കും ക്രിസ്ത്യാനികൾക്കുമെതിരേയും നടപ്പാക്കിയിരിക്കുന്നു.

കത്തോലിക്കാ വിശ്വാസികളിൽ പോപ്പുമാർക്ക് വളരെയധികം അധികാരങ്ങളുണ്ടായിരുന്നു. 1095 നവമ്പർ 27-ന് ചേർന്ന ക്ലെർമന്റ് കൗൺസിലിൽ മുസ്‌ലിംകൾക്കെതിരിൽ യുദ്ധമാരംഭിക്കാൻ പോപ്പ് അർബൻ II ആഹ്വാനം ചെയ്തു. മുസ്‌ലിംകളെ തുരത്തുകയും വിശുദ്ധ ഭൂമി പിടിച്ചെടുക്കുകയും കോൺസ്റ്റാന്റിനോപ്പിളിനെ സംരക്ഷിക്കുകയുമായിരുന്നു അവരുടെ ലക്ഷ്യം. (വിരോധാഭാസമെന്ന് പറയട്ടെ 1204-ൽ ഈ കുരിശുയുദ്ധക്കാർ തന്നെയായിരുന്നു തങ്ങൾക്ക് സംരക്ഷണചുമതലയുള്ള കോൺ സ്റ്റാന്റിനോപ്പിൾ കൊള്ളയടിച്ചതും അതേതുടർന്ന് ഉസ്മാനിയ സാമ്രാജ്യത്തിന് പട്ടണം ഏറ്റെടുക്കേണ്ടി വന്നതും.) ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി കൈക്കൊള്ളാൻ പോപ്പ് നിർദ്ദേശിക്കുകയും അതിൽ പങ്കെടുക്കുന്നവർക്ക് ദൈവികാനുഗ്രഹമാകുന്ന പ്രതിഫലവും ദൈവത്തിന്റെ സിംഹാസനവും വാഗ്ദാനം ചെയ്തു.

നബിതിരുമേനി(സ)യുടെ അദ്ധ്യാപനത്തിന്നെതിരായി ഫാത്തിമിയ്യാ ഖലീഫ അൽഹഖീം 1009-ൽ വിശുദ്ധ ശവകുടീരം സ്ഥിതിചെയ്യുന്ന ജറൂസലേമിലെ ചർച്ച് താറുമാറാക്കിയത് ക്രിസ്ത്യാനികളുടെ ഉജ്ജീവനത്തിന് കൂടുതൽ ഉണർവ്വേകി. ഇസ്‌ലാമിൽ ഇതര മതവിശ്വാസികളുടെ ദൈവങ്ങളെ അപകീർത്തിപ്പെടുത്തുന്നതും അവരുടെ ആരാധനാലയങ്ങൾക്ക് ക്ഷതമേല്പിക്കുന്നതും തിന്മയാണെന്നു മാത്രമല്ല, ദൈവകോപത്തിന്ന് കാരണമാവുന്നതു കൂടിയാണ്.

അധികം താമസിയാതെ 1099ൽ കുരിശുയുദ്ധക്കാർ ജറുസലം പിടിച്ചെടുക്കുകയും ക്രിസ്തീയ രാജഭരണം സ്ഥാപിക്കുകയും ബൂലോണിലെ ഗോഡ്ഫ്രെയെ രാജകുമാരനായി വാഴിക്കുകയും ചെയ്തു. ജറുസലേമിന് നേരെയുണ്ടായ ആക്രമണം അതിഭയാനകമായിരുന്നു. സ്ത്രീകളോടും കുട്ടികളോടുപോലും കരുണ കാണിക്കപ്പെട്ടില്ല. ഇടുങ്ങിയ വഴിത്താരകളിലൂടെ രക്തനദികൾ ഒഴുകി. നിഷ്കരുണരായ കുരിശുയുദ്ധക്കാർ ഈ അവസരത്തിൽ എഴുപതിനായിരത്തിലധികം പേരെ കൂട്ടക്കൊല ചെയ്തു.

വിവിധ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള കുരിശുയുദ്ധക്കാർ ടെമ്പ്ലാർസ് (Templars) ഹോസ്പിറ്റയേഴ്സ് (Hospitaliers) എന്നീ പേരുകളിൽ സേന രൂപീകരിച്ചു. പട്ടണത്തിലെ മുഴുവൻ സാധനങ്ങളും കൊള്ളയടിച്ചു. അവരുടെ പാപങ്ങൾ മുഴുവൻ പൊറുക്കപ്പെടും എന്നു പറയപ്പെട്ടുവെന്നു മാത്രമല്ല അവർക്കപ്പോൾ ധനവാന്മാരായ കച്ചവടക്കാരായി മാറാനും സാധിച്ചു.

പശ്ചിമയൂറോപ്പിൽ നിന്നുള്ള കുരിശുയുദ്ധക്കാർ മദ്ധ്യപൗരസ്ത്യദേശങ്ങൾ കൊള്ളയടിച്ചു. അവർ കയ്റോവിൽ എത്തിയപ്പോൾ ജറൂസലേമിലെ അമരി ഒന്നാമന്റെ നേതൃത്വത്തിൽ അൽഫുസ്തത്തിലുള്ള പുരാതന മുസ്‌ലിം ക്വാർട്ടർ അഗ്നിക്കിരയാക്കി. സിറിയയിലെ സുൽത്താൻ ഇടപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ പട്ടണം കുരിശുയുദ്ധക്കാർ കൈവശപ്പെടുത്തുമായിരുന്നു.

മുസ്‌ലിംകൾ ഒന്നിക്കുന്നതിനുപകരം ചില മുസ്‌ലിംകൾ കുരിശുയുദ്ധത്തിന്റെ ഈ അവസ്ഥ മുതലെടുത്തുകൊണ്ടു തങ്ങളുടെ പ്രാദേശിക എതിരാളികളോട് പ്രതികാരം ചെയ്തു. ചില ഫ്രാങ്കുകളുമായി സഖ്യത്തിലേർപ്പെടുകയും ചെയ്തു. ഈ ഭയാനകമായ അവസ്ഥയിലായിരുന്നു മുസ്‌ലിംകളെ ഏകോപിപ്പിക്കാനും മാർഗ്ഗദർശനം ചെയ്യാനും അടിയന്തിരമായ പ്രയത്നം ആവശ്യമായിരുന്നത്. ജൂതന്മാരും സംരക്ഷണം തേടി. എന്തെന്നാൽ വിചാരണ കഴിഞ്ഞാൽ അവരെ കുരിശുയുദ്ധക്കാർ വെറുതെ വിടില്ലായിരുന്നു. മുസ്‌ലിംകളുമായുള്ള പഴയസംഖ്യം ഒരിക്കൽ കൂടി ജൂതന്മാർക്ക് ഉപകാരപ്രദമായിത്തീർന്നു.

## സലാഹുദ്ദീൻ

സലാഹുദ്ദീൻ അയ്യൂബി പാശ്ചാത്യർക്കിടയിൽ 'സലദിൻ' എന്നറിയപ്പെട്ട സലാഹുദ്ദീൻ യൂസുഫ് ബിൻ നജ്മുദ്ദീൻ അയ്യൂബ് ബിൻ ശദ്‌ലി അബുൽ മുസഫർ സലാഹുദ്ദീൻ അൽമലിക്ക് അൽനാസിർ ക്രിസ്തബ്ദം 1137ൽ ആധുനിക ഇറാക്കിലെ തീർക്കിത്തിൽ ഭൂജാതനായി. അർമീനിയയിൽ രൂപംകൊണ്ട അയ്യൂബികൾ എന്നറിയപ്പെട്ടവരുടെ കുർദിശ് ഗോത്രത്തിലായിരുന്നു അദ്ദേഹം ജനിച്ചത്. മോസൂലിലെ സുൽത്താന്റെ പട്ടാളത്തിൽ കുർദിഷ് ജനറലായി സേവനം ചെയ്തിരുന്ന നജ്മുദ്ദീൻ അയ്യൂബ് ആയിരുന്നു അദ്ദേഹത്തിന്റെ പിതാവ്

## സലാഹുദ്ദീന്റെ ആദ്യകാല ഉദ്യോഗം

സലാഹുദ്ദീന് മികച്ച വിദ്യാഭ്യാസം നൽകപ്പെട്ടിരുന്നു. വളരെ ചെറുപ്പത്തിൽത്തന്നെ അദ്ദേഹം കുടുംബാംഗങ്ങളിൽ പ്രതീക്ഷകൾ അങ്കുരിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ഒരു ഗവർണ്ണർ ആയിരുന്നു. അദ്ദേഹം മോസുലിലേക്ക് പോയി. വളരെ കർശനമായും അച്ചടക്കത്തോടുകൂടിയുമായിരുന്നു. അദ്ദേഹം മകനെ വളർത്തിയത്. യുവാവായിരിക്കുമ്പോൾത്തന്നെ സലാഹുദീനെക്കുറിച്ച് സിറിയയിലെ രാജാവായിരുന്ന നൂറുദ്ദീൻ മഹ്മൂദിന്ന് വലിയ മതിപ്പായിരുന്നു. അദ്ദേഹം തന്റെ അമ്മാവൻ അസദുദ്ദീൻശെർകോയുടെ കീഴിൽ ഒരു ലെഫ്റ്റനന്റായി. സലാഹുദ്ദീൻ തന്റെ നേതൃത്വഗുണത്തിലും കൃത്യനിർവ്വഹണത്തിലും സത്യസന്ധതയിലും പ്രസിദ്ധനായിരുന്നു. ഭക്തനായ ഒരു മുസ്‌ലിം ആയിരുന്ന അദ്ദേഹം വളരെ മിതമായ ജീവിതരീതിയും ലാളിത്യവും കൈക്കൊണ്ടു. മറ്റുള്ളവരെപ്പോലെ അദ്ദേഹം ആഢംബര ജീവിതം നയിച്ചില്ല.

## സലാഹുദ്ദീൻ മുസ്‌ലിംകളുടെ പ്രതിരോധ നായകൻ

തനിക്ക് ചുറ്റും നടക്കുന്ന സംഭവങ്ങൾ നിരീക്ഷിച്ചപ്പോൾ കുരിശുയുദ്ധക്കാരുടെ ആക്രമണമാണ് അദ്ദേഹം കണ്ടത്. എന്നാൽ താൻ പ്രതീക്ഷിച്ചതുപോലെ ഐക്യത്തോടെ ജീവിക്കുന്നതിനു പകരം മുസ്‌ലിം ലോകം ശിഥിലമാവുകയും സഹോദരന്മാർ തമ്മിൽ പോരടിക്കുന്നതുമാണ്

അദ്ദേഹം ദർശിച്ചത്. ഈ കാലമായപ്പോഴേക്കും ആക്രമണങ്ങൾക്ക്ശേഷം രണ്ടു നൂറ്റാണ്ടുകൾ കഴിഞ്ഞിരുന്നു. മദ്ധ്യപൗരസ്ത്യദേശത്തെ ഭരണം കുരിശുയുദ്ധക്കാരുടെ കയ്യിലായിരുന്നു.

കുരിശുയുദ്ധക്കാർ വിശുദ്ധ ഭൂമിയിൽ നിന്നും വിവിധ ദിശകളിലേക്ക് തള്ളിക്കയറിക്കൊണ്ടിരിക്കുകയായിരുന്നു. ഈജിപ്ത് വളരെ ദുർബലമായിരുന്നു. കയ്റോയും ആക്രമണത്തിന് വിധേയമായതിനാൽ സുൽത്താൻ തന്റെ കമ്മാന്റേറ്റർ ശെർകോയേയും വസീറായ സലാഹുദ്ദീനേയും അയച്ചു.

തന്റെ അമ്മാവൻ ശെർക്കോ പട്ടണത്തിലെ കുരിശുയുദ്ധക്കാരെ പരാജയപ്പെടുത്തിയശേഷം 1171ൽ സലാഹുദ്ദീനെ ഈജിപ്തിലെ പ്രധാനമന്ത്രിയായി നിയമിച്ചു. അദ്ദേഹം ഈജിപ്തിലെ ഭരണത്തെയും പട്ടാളത്തെയും ശക്തിപ്പെടുത്തി. കുരിശുയുദ്ധക്കാരെ ജറുസലേമിൽ നിന്നും സിറിയയിൽ നിന്നും തുരത്തുവാൻ സലാഹുദ്ദീൻ കയ്റോയെ തന്റെ താവളമാക്കി.

സിറിയയിലെ കുരിശുയുദ്ധക്കാരെ തുരത്തിയ അയ്യൂബി 1175ൽ ഡമാസ്ക്കസ്സ് പിടിച്ചെടുത്തു. പിന്നെ അദ്ദേഹത്തിന്റെ പട്ടാളം തുർക്കിയിൽ കടന്നു കൊനിയ പിടിച്ചടക്കി. (റൂമിയുടെ ഗൃഹം എന്ന പേരിലാണ് കൊനിയ അറിയപ്പെടുന്നത്.) പട്ടാളകേന്ദ്രങ്ങൾക്ക് ചുറ്റമുള്ള സ്ഥലങ്ങളെയും ഗോത്രങ്ങളെയും ഏകോപിപ്പിച്ചുകൊണ്ട് അദ്ദേഹം കുരിശുയുദ്ധക്കാരുടെ മേൽ കൂടുതൽ സമ്മർദ്ദം ചെലുത്തി. അവരെ പല ദിശകളിൽ കൂടിയും വലയം ചെയ്തു. അദ്ദേഹം ഉണ്ടാക്കിയ വിവിധ കരാറുകളുടെ ഫലമായി 1176 മുതൽ 1181 വരെ 6 വർഷം താരതമ്യേന ശാന്തിയുണ്ടായി. രണ്ടു വിഭാഗങ്ങൾക്കും താന്താങ്ങളുടെ ജനങ്ങളെ പുനഃസംഘടിപ്പിക്കാനും തന്ത്രങ്ങൾ പരിഗണിക്കാനും ഈ കാലം ഉപയുക്തമായി. ലിബിയ വരെയുള്ള വടക്കെ ആഫ്രിക്കയുടെ മിക്കഭാഗങ്ങളും മെസപ്പൊട്ടോമിയയും അറേബ്യയും സലാഹുദ്ദീന്റെ നിയന്ത്രണത്തിലായി. എന്നിട്ടും ജറുസലേമിൽ മുസ്ലിംകൾക്ക് സ്വാതന്ത്ര്യമുണ്ടായില്ല എന്ന വസ്തുത അദ്ദേഹത്തെ അലട്ടി. കുരിശുയുദ്ധക്കാരുടെ സാന്നിദ്ധ്യം അദ്ദേഹത്തെ അസ്വസ്ഥനാക്കിയിരുന്നു.

## സലാഹുദ്ദീൻ ജറുസലം തിരിച്ചുപിടിക്കുന്നു

ആദ്യവർഷങ്ങളിൽ, തന്നെ പിന്നിൽ നിന്ന് കുത്തുന്ന മുസ്ലിംകക്ഷികളെക്കുറിച്ച് ജാഗ്രതയുള്ളയാളായിരുന്നു. സലാഹുദ്ദീൻ. അതേസമയം അദ്ദേഹം കുരിശുയുദ്ധക്കാരെ കൈകാര്യം ചെയ്യുന്നതിൽ വ്യാപൃതനായിരുന്നു പക്ഷേ, അദ്ദേഹം വളരെ ബുദ്ധിപൂർവ്വം സഖ്യങ്ങൾ സൃഷ്ടിക്കാൻ തന്റെ സമയം ഉപയോഗപ്പെടുത്തി. അതിനാൽ ഇപ്പോൾ അദ്ദേഹത്തിന് കൂടുതൽ ആത്മവിശ്വാസത്തോടെ ജറുസലമിനെ കീഴടക്കാൻ പദ്ധതിയിടാൻ സാധിച്ചു.

ഒരു യുദ്ധവിരാമക്കരാർ നിലവിലിരിക്കെതന്നെ ചാറ്റിലോണിലെ റെജിനാൾഡ് പ്രഭു കാരക്കി (ആധുനിക ജോർഡാൻ) കൊട്ടാരത്തിൽ താവളമടിച്ചുകൊണ്ട്, സിറിയയിലേക്ക് പോകുന്ന കച്ചവടസംഘങ്ങളെ ആക്രമിക്കുകയും കൊള്ളയടിക്കുകയും ചെയ്തു കരാർ ലംഘിക്കുകയുണ്ടായി. റെജിനാൾഡ് പ്രഭു സ്ത്രീകളെയും കുട്ടികളെയും പോലും ഒഴിവാക്കിയിരുന്നില്ല. അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം അവരെല്ലാം യുദ്ധമുതലുകളായിരുന്നു. മക്കയുടെ വളരെ അടുത്ത അറേബ്യൻ രാജ്യങ്ങളിലേക്ക് അദ്ദേഹം പട്ടാളക്കാരെ അയക്കുകയും അവിടെത്തെ ജനങ്ങളെ അധിക്ഷേപിക്കുകയും ചെയ്തു. അതിന് കാരണമായിപ്പറഞ്ഞത് "അവർ മുഹമ്മദിൽ വിശ്വസിക്കുന്നവരല്ലേ, മുഹമ്മദ് വന്നു അവരെ രക്ഷിക്കട്ടെ" എന്നാണ്.

ബാൾഡ് വിൻ അഞ്ചാമൻ സിംഹാസനം ഒഴിഞ്ഞപ്പോൾ റജിനാൾഡിനെപ്പോലെയുള്ള നിരവധി പേർ സിംഹാസനം കൈക്കലാക്കാൻ ശ്രമിക്കുകയും ക്രിസ്ത്യാനികൾക്കിടയിൽ തന്നെ അത് ഛിദ്രതയുണ്ടാക്കുകയും ചെയ്തു.

സലാഹുദ്ദീൻ ശക്തമായ പട്ടാളത്തെ രൂപീകരിക്കുകയും ക്രമേണ കുരിശുയുദ്ധക്കാരെ ആകെ കുഴപ്പത്തിലാക്കുകയും ചെയ്തു. പിന്നീട് അദ്ദേഹത്തിന്റെ പട്ടാളം തിബരിയാസ് പിടിച്ചെടുക്കുകയാണുണ്ടായത്. കുലീനരായ ക്രിസ്ത്യാനികളെ സമാധാനത്തോടെ രക്ഷപ്പെടാൻ അനുവദിക്കുകയും ചെയ്തു.

1187 ആകുമ്പോഴേക്കും സലാഹുദ്ദീൻ ജറുസലം തിരിച്ചുപിടിക്കുകയും കുരിശുയുദ്ധക്കാർ കീഴടങ്ങാനുള്ള കരാർ ഉണ്ടാക്കുകയും ചെയ്തു. നേതാക്കളും യോദ്ധാക്കളും വിമോചന മൂല്യം നൽകി സ്വതന്ത്രരായെങ്കിലും ആയിരക്കണക്കായ പാവങ്ങൾ കരാർ സമയപരിധി അവസാനിച്ചിട്ടും പോവാൻ സാധിക്കാതെ അവിടെ തങ്ങി. ഞങ്ങളെ തടവുകാരായി വെക്കുമെന്ന് അവർ ധരിച്ചിരുന്നെങ്കിലും സലാഹുദ്ദീൻ അവരെയെല്ലാം സ്വതന്ത്രരാക്കുകയാണുണ്ടായത്. 90 വർഷങ്ങൾക്ക് മുൻപ് കുരുശുയുദ്ധക്കാർ ജറൂസലം ആക്രമിച്ചപ്പോൾ പട്ടണനിവാസികളെ മുഴുവനും നിഷ്ക്കാസനം ചെയ്തിരുന്നു. എന്നാൽ സലാഹുദ്ദീൻ ജറുസൂലം തിരിച്ചു പിടിച്ചപ്പോൾ ഒരൊറ്റ മനുഷ്യൻ പോലും വധിക്കപ്പെട്ടില്ല.

സിംഹഹൃദയനായ റിച്ചാർഡിന്റെ നേതൃത്വത്തിൽ കുരിശുയുദ്ധക്കാർ ശക്തിയാർജ്ജിക്കുകയും 1191-ൽ റിച്ചാർഡ് പലസ്തീനിലെ അകെ പിടിച്ചെടുത്ത് അവിടുത്തെ മുസ്ലിം ജനസാമാന്യത്തെ അറുകൊല ചെയ്യുകയുമുണ്ടായി. ഇതിനെത്തുടർന്ന് സലാഹുദ്ദീനും (സലദിൻ) റിച്ചാർഡും തമ്മിൽ നിരവധി ഏറ്റുമുട്ടലുകളുണ്ടായി. ഇതുമുഖേന സലാഹുദ്ദീന്റെ യുദ്ധത്തിലുള്ള വീരശൂര പരാക്രമങ്ങളുടെ കഥകൾ വളരെയധികം പെരുകി.

സലാഹുദ്ദീൻ 22 വർഷം ഈജിപ്ത് ഭരിച്ചു. സ്വരക്ഷക്ക് വേണ്ടി അദ്ദേഹം പട്ടണത്തെ ഉയരത്തിൽ നിന്ന് വീക്ഷിക്കുവാൻ വേണ്ടി ഒരു കുന്നിന്റെ മുകളിൽ കോട്ട നിർമ്മിച്ചു. അദ്ദേഹം പട്ടണത്തിൽ മദ്രസ്സകളും ഖാൻഖാകളും (ഇസ്ലാമിക സ്കൂളു

കളും) സൂഫി ആശ്രമങ്ങളും സ്ഥാപിച്ചു സുന്നി മുസ്‌ലിംകൾ അവിടെ ശക്തിപ്രാപിക്കണമെന്ന് അദ്ദേഹം ഉദ്ദേശിച്ചിട്ടുണ്ടായിരുന്നു. കുരിശുയുദ്ധക്കാരുമായി അദ്ദേഹം യുദ്ധം ചെയ്ത രീതി പാശ്ചാത്യലോകത്ത് പ്രസിദ്ധമാണ്. കുരിശുയുദ്ധക്കാർ ജറൂസെലം പിടിച്ചെടുത്തപ്പോൾ പട്ടണം മുഴുവൻ രക്തനദിയിൽ മുങ്ങിയിരുന്നു. സലാഹുദ്ദീൻ ജറൂസെലം തിരിച്ചുപിടിച്ചപ്പോൾ ഒരൊറ്റ ക്രിസ്ത്യാനിയുടെ പോലും രക്തം ചിന്തിയില്ല.

പ്രതികരണമായി, സിംഹഹൃദയനായ റിച്ചാർഡ്, ജർമ്മനിയിലെ ഫ്രെഡറിക്, ഫ്രാൻസിലെ ഫിലിപ്പ് ചക്രവർത്തി എന്നിവർ മുസ്‌ലിംകളെ പരാജയപ്പെടുത്താൻ ഒരു വൻസൈന്യത്തെ അയച്ചു. താരതമ്യേന മിതമായ പട്ടാളശക്തിയുപയോഗിച്ച് സലാഹുദ്ദീൻ ചെറുത്തുനിൽക്കുകയും കുരിശുയുദ്ധക്കാരെ പരാജയപ്പെടുത്തുകയും ചെയ്തു. അദ്ദേഹം വിജയിക്കുക മാത്രമായിരുന്നില്ല, അദ്ദേഹത്തിന്റെ യുദ്ധരീതി കുരുശുയുദ്ധക്കാരെപ്പോലും ആകർഷിച്ചു. യുദ്ധം കൊടുമ്പിരിക്കൊള്ളുമ്പോൾ പോലും തീർത്ഥാടകരായി വന്നിരുന്നു ക്രിസ്ത്യാനികളെ സമാധാനപൂർവ്വം ജറുസലമിൽ പ്രവേശിക്കാൻ അനുവദിച്ചു.

റിച്ചാർഡ് രോഗം ബാധിച്ചു ദുരിതമനുഭവിച്ചപ്പോൾ സലാഹുദ്ദീൻ പഴങ്ങളും മറ്റു സമ്മാനങ്ങളും അദ്ദേഹത്തിന്നയച്ചുകൊടുക്കുകയും അദ്ദേഹവുമായി സന്ധിയിലേർപ്പെടുകയും ചെയ്തു. ഈ രണ്ടു മഹാനേതാക്കന്മാരും പരസ്പരം ബഹുമാനം പ്രകടിപ്പിച്ചു.

1193–ൽ 56ാം വയസ്സിൽ സലാഹുദ്ദീൻ ഡമാസ്ക്കസ്സിൽ വെച്ച് നിര്യാതനായി.

## അയ്യൂബിദുകൾ

അദ്ദേഹത്തിന്റെ പുത്രൻ അൽകാമിൽ സ്ഥാനമേൽക്കുകയും കയ്റോവിൽ കോട്ട വിപുലീകരിക്കുകയും ചെയ്തു. 1250 വരെ അയ്യൂബിദുകൾ ഭരണം നടത്തി. പിന്നെ അവരുടെ വിശിഷ്ടരായ പട്ടാള വിഭാഗ (ഇവർ സ്വതന്ത്രരായ അടിമകളായിരുന്നു)മായ മംലൂക്കുകൾ അധികാരമേറ്റെടുക്കുകയും അവരിൽപ്പെട്ട ഒരു പട്ടാളക്കാരൻ അൽമുയിസ് അയ്മക്ക് അവസാനത്തെ അയ്യൂബിദി നേതാവിന്റെ വിധവയെ വിവാഹം കഴിക്കുകയും ചെയ്തു. അവർ 250 വർഷങ്ങളോളം ഭരണം നടത്തി.

പിന്നീടുള്ള നൂറ്റാണ്ടുകളിൽ മുസ്‌ലിം നേതാക്കന്മാർ കൃത്രിമമായ പകിട്ടുകളിയും ധനത്തിലും ആകൃഷ്ടരായി. ലക്ഷ്യത്തിലുള്ള ഈ വ്യതിയാനം വ്യക്തമായിരുന്നു. പള്ളികളും യൂനിവേഴ്സിറ്റി കെട്ടിടങ്ങളും നിർമ്മിക്കുന്നതിനുപകരം വിശാലമായ കൊട്ടാരങ്ങളും അന്തഃപുരങ്ങളും നിർമ്മിക്കുന്നതിലായിരുന്നു അവരുടെ ശ്രദ്ധ. കഠിനാദ്ധ്വാനത്തിനുപകരം വിനോദങ്ങളിലേർപ്പെട്ടു. ക്രമേണ അവർക്കു ചുറ്റുമുള്ള രാജ്യങ്ങളിലുള്ള സ്വാധീനത്തിനു മങ്ങലേറ്റു.

## ഉപസംഹാരം

ചരിത്രത്തിന്റെ വിരോധാഭാസമെന്നു പറയട്ടെ, ആയിരം വർഷങ്ങൾക്കു മുമ്പ് സലാഹുദ്ദീൻ ഇറാഖിലെ തിക്രിത്തിലായിരുന്നു ഭൂജാതനായത്. ഈ അടുത്തയിടയുണ്ടായ ഇറാഖ് യുദ്ധത്തിൽ ബോംബുവർഷങ്ങളുടെ രംഗവേദിയായിരുന്നു അത്.

യൂറോപ്പിലെ കുരിശുയുദ്ധക്കാർ അടിച്ചേൽപ്പിച്ചതാണെങ്കിലും സലാഹുദ്ദീൻ അയ്യൂബി ചെയ്ത പ്രതിരോധയുദ്ധത്തിന്റെ രീതി കാരണം അദ്ദേഹം ചരിത്രത്തിൽ സ്മരിക്കപ്പെടുന്നു. തുടക്കത്തിൽ മറ്റു മുസ്‌ലിംകളുടെ പിന്തുണയും ഐക്യവും കുറവായിട്ടുപോലും അദ്ദേഹം വിജയശ്രീലാളിതനായി.

നമുക്കെല്ലാം ഇതിൽ പാഠങ്ങൾ ഉണ്ട്. യുദ്ധത്തിൽ വിജയം കൈവരിക്കാനുള്ള ഏകവഴി നിയമലംഘനം മാത്രമാണെന്ന് ചിലർ അഭിപ്രായപ്പെടാറുണ്ട്. എന്നിട്ടും വിജയം പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് വിജയം നേടാൻ ഉപയോഗിക്കുന്ന രീതി എന്ന് അദ്ദേഹം നിർണ്ണായകമായി തെളിയിച്ചിരിക്കുകയാണ്. 1500 വർഷങ്ങൾക്ക് മുമ്പ് സൈറസ് നേടിയതു പോലെ. ഏകദേശം ചില നൂറ്റാണ്ടുകൾക്ക് മുമ്പ് മക്കക്കാരുടെ കൈകൾ കൊണ്ട് മുസ്‌ലിംകൾക്ക് അനുഭവിക്കേണ്ടി വന്ന പീഡനങ്ങളായിരുന്നിരിക്കണം സലാഹുദ്ദീന് പ്രചോദനമേകിയത് എന്നിട്ടും മക്കയെ കീഴടക്കാൻ നബി(സ) തിരുമേനി അനുയായികളോടൊപ്പം പോയപ്പോൾ രക്തം ചിന്തിയില്ലെന്ന് മാത്രമല്ല തിരുമേനി(സ.അ.) തന്നെയും തന്റെ അനുയായികളെയും വർഷങ്ങളോളം പീഡിപ്പിക്കുകയും വധിക്കുകയും ചെയ്ത എല്ലാവർക്കും മാപ്പ് നൽകുകയാണ് ചെയ്തത്.

സമാനമായ ഒരു പെരുമാറ്റം തന്നെയാണ്. സലാഹുദ്ദീൻ ജറുസ്ലേം തിരിച്ചുപിടിച്ചപ്പോൾ കാണിച്ചത്. ബഹുമാനമർഹിക്കുന്ന വിശ്വാസിയായിരുന്നു അദ്ദേഹം. കൃത്രിമമായ ആഡംബരത്തിനും ധനത്തിനും വില കല്പിക്കാതെ ലാളിത്യമായിരുന്നു അദ്ദേഹം ഇഷ്ടപ്പെട്ടത്.

അബ്ദുൽ ലത്തീഫ് എന്നു പേരുള്ള ബാഗ്ദാദിലെ ഒരു ഭിഷഗ്വരൻ സലാഹുദ്ദീനെ സംബന്ധിച്ച് പറയുന്നു:

"ഒരു മഹാനായ രാജകുമാരൻ, അദ്ദേഹത്തിന്റെ ആഗമനം ബഹുമാനവും സ്നേഹവും അങ്കുരിപ്പിക്കുന്നു. അദ്ദേഹത്തെ എപ്പോഴും സമീപിക്കാമായിരുന്നു, അദ്ദേഹം അഗാധ ബുദ്ധിമാനും ഉദാരമതിയും കുലീനമായ ചിന്തകളുമുള്ള ആളായിരുന്നു. അദ്ദേഹത്തെ സമീപിച്ചവരെല്ലാം അദ്ദേഹത്തെ മാതൃകയാക്കി....."

(Lane-Pool page 248)

അദ്ദേഹം അഗാധമായ മതബോധമുള്ളയാളായിരുന്നു. ഇസ്‌ലാമിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണം യാഥാസ്ഥികമായിരുന്നു. അതേസമയം നബിതിരുമേനി(സ) കാണിച്ചുതന്ന ലാളിത്യത്തിന്റെയും ത്യാഗമനോഭാവത്തിന്റെയും അടിസ്ഥാനത്തിലുള്ളതായിരുന്നു.

നമുക്കെല്ലാം പിന്തുടരാൻ പറ്റിയ ധീരോദാത്തതയുടെ ഇതിലും നല്ല ഉദാഹരണം വേറെ ഇല്ല.

Review of Religions. Sept. 2004

**വിവ: കെ.വി. ഹസ്സൻകോയ** ●

## ലേഖനം

# 'അർറൂഹ് മിൻ അംറില്ലാഹി' - ഒരു വിശദീകരണം

മുഹമ്മദ് ഉമർ

**ആര്യസമാജ പണ്ഡിതനായ പണ്ഡിറ്റ് കാളിചരനുമായി 'ആത്മാവ്' എന്ന വിഷയത്തിൽ ഗുലാം റസൂൽ രാജകി (റ) നടത്തിയ സംവാദം**

ഹസ്റത്ത് വാഗ്ദത്ത മസീഹിന്റെ പ്രധാന സഹാബിയും മഹാപണ്ഡിതനും സൂഫിവര്യനും ആയിരുന്ന ഹസ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് രാജ്കി(റ) യുടെ ജീവിതം ആത്മീയ പ്രകാശത്താൽ സമ്പൂർണ്ണ വും 'ഇൽമെ ഇർഫാന്റെ' പ്രതീകവും ആയിരുന്നു. ഒരു സംവാദ വേദിയിൽ വിശുദ്ധ ഖുർആന്റെ അഗാധമായ അർത്ഥതലങ്ങളുള്ള ഒരു വചനത്തിന്നു അദ്ദേഹം നൽകിയ യുക്തിപൂർണമായ വിശദീകരണത്തെപറ്റി ഇവിടെ ഉദ്ധരിക്കാം.

ഒരു യാത്രാമദ്ധ്യെ ഹസ്റത്ത് മൗലാനാ ഗുലാം റസൂൽ സാഹിബ് കാൺപൂരിലെത്തിയപ്പോൾ സംസ്കൃത അറബിഭാഷാപണ്ഡിതനും നല്ലൊരു വാഗ്മിയുമായിരുന്ന പണ്ഡിറ്റ് കാളീചരൻ മുസ്ലിംകളിലെ വിവിധ വിഭാഗങ്ങളെ സംവാദത്തിന്നായി ക്ഷണിച്ചുകൊണ്ടിരുന്നതായും അവരൊക്കെ വിവിധ കാരണങ്ങൾ പറഞ്ഞു ഒഴിഞ്ഞുമാറിയതായും തന്മൂലം ആര്യസമാജക്കാരുടെ വകയായി "ആര്യസമാജത്തിന്റെ മഹത്തായ വിജയവും അഹ്ലെ ഇസ്ലാമിന്റെ വ്യക്തമായ പരാജയവും" എന്ന ശീർഷകത്തിൽ പട്ടണം മുഴുവനും വിളംബരം പ്രസിദ്ധീകരിച്ചതായും അറിയുവാൻ സാധിച്ചു. ഗുലാം റസൂൽ സാഹിബ് പണ്ഡിറ്റ് കാളിചരന്ന്, താൻ ഇസ്ലാം മതത്തിന്റെ ഭാഗത്ത് നിന്ന് സംവാദം നടത്തുവാൻ തയ്യാറാണെന്നും സംവാദത്തിന്നുള്ള സ്ഥലവും തിയതിയും തന്നെ അറിയിക്കേണമെന്നും എഴുതി അറിയിക്കുകയുണ്ടായി. ഈ സംവാദം 1919 ഏപ്രിൽ മാസത്തിൽ നടക്കുകയുണ്ടായി.

സംവാദത്തിന്നായി ആര്യസമാജക്കാർ തങ്ങൾക്കായി ഗംഭീരമായ സ്റ്റേജും പന്തലും കെട്ടിയെങ്കിലും മുസ്ലിംകൾക്കായി ചെറിയൊരു മേശയും കസേരയും മാത്രം വെക്കുകയാണുണ്ടായത് ഈ സംവാദത്തെക്കുറിച്ച് വിപുലമായ രീതിയിൽ പ്രചാരണം നടത്തപ്പെട്ടതുകൊണ്ട് വിവിധ മതസ്ഥർ ആയിരക്കണക്കിൽ തടിച്ചു കൂടിയിരുന്നു. ആദ്യ പ്രസംഗം പണ്ഡിറ്റ് കാളിചരന്റെതായിരുന്നു. ആദ്യമായദ്ദേഹം അറബിഭാഷയിൽ തനിക്കുള്ള പാണ്ഡിത്യത്തെപ്പറ്റി വീമ്പിളക്കിയതിന്നുശഷം ആത്മാവിനെക്കുറിച്ചുള്ള വിശുദ്ധ ഖുർആനിലെ "അവർ നിന്നോട് ആത്മാവിനെക്കുറിച്ച് ചോദിക്കുന്നു. നീ പറയുക ആത്മാവ് എന്റെ നാഥന്റെ അംറിൽ (കല്പനയിൽ) നിന്നുള്ളതാണ്. കുറഞ്ഞ അറിവല്ലാതെ നിങ്ങൾക്കു നൽകപ്പെട്ടിട്ടില്ല. (17:86) എന്ന തിരുവചനമോതിയതിന്നുശേഷം ഇപ്രകാരം തന്റെ ആക്ഷേപം ഉന്നയിച്ചു. ആത്മാവെന്താണെന്നു യഹൂദികൾ ഹസ്റത്ത് മുഹമ്മദു നബിയോടു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ആത്മാവു തന്റെ റബ്ബിന്റെ അംറിൽപെട്ടതാണെന്നും നിങ്ങൾക്കു ആത്മാവിനെക്കുറിച്ചു കുറഞ്ഞ അറിവേ തന്നിട്ടുള്ളുവെന്നുമാണ്. ഈ മറുപടി യഹൂദികളുടെ ചോദ്യത്തിന്നുള്ള മറുപടിയാകുന്നില്ല. ഈ മറുപടിയിൽ നിന്നും ഖുർആനും മുഹമ്മദുനബിയും ദൈവത്തിൽ നിന്നുള്ളതാണെന്നു തെളിയുന്നില്ല.

ഇതിന്നു മറുപടിയായി ഹസ്റത്ത് മൗലാനാ സാഹിബ് പണ്ഡിറ്റിന്റെ അറബിഭാഷാപാണ്ഡിത്യത്തിൽ സന്തോഷം പ്രകടിപ്പിക്കുകയും താനും അറബി, ഫാർസി. ഉർദുഭാഷകളിൽ പരിജ്ഞാനമുള്ള ആളും ഈ മൂന്നു ഭാഷകളിലും താൻ കവിയാണെന്നു അറിയിക്കുകയും ചെയ്തു. അദ്ദേഹം ഇഷ്ടപ്പെടുകയാണെങ്കിൽ അറബിഭാഷയിൽ ഗദ്യരൂപത്തിലോ പദ്യരൂപത്തിലോ സംവാദം നടത്താൻ തയ്യാറാണെന്നറിയിക്കുകയുണ്ടായി. പണ്ഡിറ്റ് കാളിചരൻ തന്റെ പ്രസംഗത്തിൽ ആത്മാവിന്റെ യാഥാർത്ഥ്യവും അതിന്റെ തത്വസാരവും വേദത്തിന്റെ അദ്ധ്യാപനങ്ങളുടെ വെളിച്ചത്തിൽ വ്യക്തമാക്കിയിരുന്നുവെങ്കിൽ വേദാദ്ധ്യാപനങ്ങളുടെ യാഥാർത്ഥ്യം ജനങ്ങൾക്കു മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. പക്ഷെ അദ്ദേഹം അപ്രകാരം ചെയ്തില്ല.

അതിന്നുശേഷം മൗലാനാ സാഹിബ് "അവർ നിന്നോടു ആത്മാവിനെക്കുറിച്ചു ചോദിക്കുന്നു" എന്ന

ആയത്തിന്ന് ഇപ്രകാരം വിശദീകരണം നൽകി. ഈ ആയത്തിലുള്ള 'യസ്അലൂന' എന്ന ക്രിയാരൂപം വർത്തമാനം ഭാവി എന്നീ രണ്ടുകാലങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഈ ചോദ്യം ഉന്നയിക്കുന്നവരും വർത്തമാനം, ഭാവി എന്നീ രണ്ടു കാലഘട്ടങ്ങളുമായി ബന്ധപ്പെട്ടവരാണ്. വിശുദ്ധ ഖുർആൻ ഇറങ്ങിയ കാലത്ത് അഹ്ലെ കിതാബ് അഥവാ യഹൂദികൾ ചോദ്യകർത്താക്കളായിരുന്നു. ഖുർആന്റെ ദിവ്യവെളിപ്പാടുകൾ ഇറങ്ങിക്കൊണ്ടിരുന്ന അവസരത്തിലുള്ള ഈ ചോദ്യം ദൈവവചനത്തെക്കുറിച്ചുള്ളതായിരുന്നു. തദവസരത്തിൽ ഇവിടെ വന്ന 'റൂഹ്' എന്നതുകൊണ്ട് ദൈവവചനമാണുദ്ദേശ്യം. ഇത് സംബന്ധിച്ചു അല്ലാഹു അരുൾ ചെയ്യുന്നു.

അതായത്, ഇതേ പ്രകാരം, നാം നിന്നിലേക്ക് നമ്മുടെ അംറിൽ നിന്നും നമ്മുടെ വചനം വഹ്യ് മൂലം നാം അവതരിപ്പിച്ചിരിക്കുന്നു. (42:53).7

ഇവിടെ വന്ന 'റൂഹ്' എന്നതുകൊണ്ട് ദൈവവചനമാണുദ്ദേശ്യമെന്ന് ഈ വചനത്തിന്നു മുമ്പും പിമ്പും വന്ന വചനങ്ങൾ വ്യക്തമാക്കുന്നു. പ്രസ്തുത ചോദ്യത്തിന്നുള്ള മറുപടിയായി അല്ലാഹു അരുൾ ചെയ്യുന്നു. ''ദൈവവചനത്തിന്റെ അവതരണം എന്റെ നാഥനിൽ നിന്നുള്ളതാണെന്ന് നീ പറയുക. ആർക്കും തന്നെ യഥേഷ്ടം തന്റെ മേൽ ദൈവവചനം ഇറക്കാൻ സാധ്യമല്ല. ഈ ദൈവവചനാവതരണം ദൈവകല്പനക്കനുസൃതമായതായിരിക്കും. ദൈവവചനാവതരണം ഒരു പ്രവാചകന്റെയും പരിധിയിൽപെട്ടതല്ല. മറിച്ച് അല്ലാഹുവിന്റെ അഭീഷ്ടവും കല്പനയും അനുസരിച്ചാണവതരിക്കുന്നത്.

പ്രസ്തുത ആയത്തിലുള്ള രണ്ടാമത്തെ മറുപടിയിൽ അതായത് റൂഹിനെക്കുറിച്ചു കുറഞ്ഞ അറിവുമാത്രമെ നിങ്ങൾക്കു നൽകപ്പെട്ടിട്ടുള്ളു എന്ന വചനം സൂചിപ്പിക്കുന്നത് ഭൗതീകമായ അറിവും ജ്ഞാനവും വളരെ കുറഞ്ഞതും അപൂർണ്ണവും ആണ് എന്നാണ്. അതുകൊണ്ട് ആത്മീയമായ അറിവും മഅ്രിഫത്തും (ആത്മീയ ജ്ഞാനം) വളരെ ആവശ്യമാണെന്നാണ്. ഈ ജ്ഞാനം ദൈവവചനം മുഖേനയാണ് ലോകത്തവതരിക്കുന്നത്. ഇതിനെക്കുറിച്ച് അല്ലാഹു അരുൾ ചെയ്യുന്നു.

“അതായത്, ഇതേപ്രകാരം നാം നിന്നിലേക്ക് നമ്മുടെ കല്പനയനുസരിച്ച് നമ്മുടെ വചനം ഇറക്കിയിരിക്കുന്നു. ഗ്രന്ഥം എന്താണെന്നോ ഈമാൻ എന്താണെന്നോ നീ അറിയുമായിരുന്നില്ല. പക്ഷെ നാം ഇതിനെ (ദൈവവചനത്തെ) ഒരു പ്രകാശമാക്കിയിരിക്കുകയാണ്. അതുമുഖേന നാം നമ്മുടെ ദാസന്മാരിൽ നിന്ന് നാം ഉദ്ദേശിക്കുന്നവരെ നാം വഴി നടത്തുന്നു. തീർച്ചയായും നീ (ജനങ്ങളെ) നേർമാർഗ്ഗത്തിലേക്കു നയിക്കുന്നു. (42:53) ദൈവത്തെക്കുറിച്ച് ഉണ്ടാവാം എന്നും ഉണ്ട് എന്നും ഉള്ള വിശ്വാസത്തിൽ അന്തരമുണ്ട്. ദൈവം ഉണ്ട് എന്ന ദൃഢവിശ്വാസം ദൈവവചനം മൂലം മാത്രമെ സംജാതമാവുകയുള്ളൂ. ദിവ്യവെളിപാടിന്നും (വഹ്യ്ക്കും) മനുഷ്യന്റെ ബുദ്ധിക്കും ഉള്ള ബന്ധം സൂര്യന്നും കണ്ണിന്നുമിടയിലുള്ള ബന്ധം പോലെയാണ്. കണ്ണിൽ കാഴ്ചയുടെ പ്രകാശ കോശങ്ങൾ ഉണ്ടെങ്കിലും ഈ പ്രകാശ ഗ്രഹണകോശങ്ങൾ അന്ധകാരത്തിൽ വസ്തുവിനെ പ്രകടമാക്കുന്നില്ല. ഏത് വരെ ബാഹ്യമായ പ്രകാശം ഉണ്ടാകുന്നില്ലയോ കൂരിരുട്ടിൽ കണ്ണിന്നു കാണുവാൻ സാധിക്കുന്നില്ല.

പിന്നെ ബാഹ്യമായ പ്രകാശവും ഒളിയും വിവിധ ആവൃത്തിയിലുള്ളതാണ്. സൂര്യവെളിച്ചത്തിൽ വളരെ സ്ഫുടമായും വ്യക്തമായും ഒരു വസ്തു കാണപ്പെടുന്നതുപോലെ ചന്ദ്രന്റെ വെട്ടത്തിൽ കാണപ്പെടുന്നില്ല. അതേ പ്രകാരം നക്ഷത്രങ്ങളുടെയും വിളക്കുകളുടെയും പ്രകാശങ്ങൾ വിവിധ ആവൃത്തിയിലുള്ളവയാണ് അവയ്ക്കിടയിലുള്ള അന്തരം പ്രകടമാണ്.

ചുരുക്കത്തിൽ എപ്രകാരം കണ്ണുണ്ടായിട്ടും അതിന്റെ കാഴ്ചശക്തിയെ പ്രയോജനപ്പെടേണമെങ്കിൽ പ്രകാശത്തിന്റെ ആവശ്യമുണ്ടോ അതേപ്രകാരം മനുഷ്യന്റെ ബുദ്ധിക്കും അറിവിന്നും ദിവ്യവെളിപാടും ദൈവവചനവും ആവശ്യമാണ്. (ഹസ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ഒരുപദ്യശകലം ഇവിടെ പ്രസ്താവ്യമാണ്. അതായത് 'അഖൽ അന്ധീഹൈ അഗർ നയ്യറെ ഇൽഹാം നഹോ' (ദിവ്യവെളിപാടിന്റെ പ്രകാശമില്ലെങ്കിൽ ബുദ്ധി അന്ധമാണ്) ഈ ആവശ്യം പൂർത്തീകരിക്കുന്നതിന്നായി അല്ലാഹു തന്റെ അംറിൽ നിന്ന് റൂഹ് അഥവാ ദൈവവചനം അവതരിപ്പിക്കുന്നു. ഹസ്റത്ത് റസൂൽ കരിം (സ)ന്നു ലഭിച്ച വിശുദ്ധ ഖുർആൻ എന്ന സമ്പൂർണ്ണ വേദഗ്രന്ഥം അല്ലാഹുവിന്റെ അംറിൽ നിന്നും അവതരിക്കപ്പെട്ടതാണ്. എന്നാൽ അഹ്ലെ കിതാബിന്ന് തൌറാത്തിന്റെയും ഇഞ്ചീലിന്റെയും രൂപത്തിൽ ലഭിച്ച അറിവും അദ്ധ്യാപനവും ഒരു പ്രത്യേക കാലഘട്ടത്തിലും ജനതക്കും വേണ്ടി മാത്രമുള്ളതാകകൊണ്ട് പരിമിതമാണ്. സാർവ്വജനീനവും ശാശ്വതവും ആയ ആവശ്യങ്ങൾ അവ പൂർത്തീകരിക്കുന്നില്ല. അതുകൊണ്ടാണ് നിങ്ങൾക്കു കുറഞ്ഞ അറിവു മാത്രമെ നൽകപ്പെട്ടിട്ടുള്ളു എന്ന് ഇവിടെ അരുൾ ചെയ്തിരിക്കുന്നത്. ഇതിന്നെതിരിൽ പരിപൂർണ്ണവും സാർവ്വജനീനവുമായ അദ്ധ്യാപനങ്ങളടങ്ങിയ വിശുദ്ധ ഖുർആൻ അല്ലാഹു തന്റെ അംറിൽ നിന്നും ഇറക്കുകയുണ്ടായി.

'യസ്അലൂനക' എന്ന ക്രിയാരൂപം വർത്തമാനം, ഭാവി എന്നീ കാലങ്ങളുമായി ബന്ധപ്പെട്ടതാണെന്ന് മുമ്പുപറഞ്ഞുവല്ലോ. അതുകൊണ്ട് ഈ ആധുനികകാലത്ത് ആര്യസമാജിലെ പണ്ഡിറ്റ് കാളീചരൺ അടക്കമുള്ള അന്വേഷകർ റൂഹിനെക്കുറിച്ചു ഉന്നയിക്കുന്ന ചോദ്യത്തിനുള്ള മറുപടിയും ഈ ആയത്തിലുണ്ട്. ഇതനുസരിച്ച് അവർ നിന്നോടു ആത്മാവിനെക്കുറിച്ചു ചോദിക്കുന്നു' എന്ന ആയത്തിൽ റൂഹ് എന്നതുകൊണ്ട് മനുഷ്യാത്മാവ് എന്നാണുദ്ദേശിക്കപ്പെടുന്നത്.

ആധുനികകാലത്തെ ശാസ്ത്രജ്ഞന്മാരും മതനേതാക്കളും ദാർശനീകരും മനുഷ്യാത്മാവിന്റെ അന്തസ്സത്തയും

സ്സിലാവുന്നു. വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു.

'ജനങ്ങളേ! നിങ്ങളെയും നിങ്ങൾക്കു മുമ്പുള്ളവരെയും സൃഷ്ടിച്ച നിങ്ങളുടെ റബ്ബിനെ നിങ്ങൾ ആരാധിക്കുവിൻ' (2:22). ഈ ആയത്തിൽ 'റബ്ബ്' എന്ന വാക്കുപയോഗിച്ചുകൊണ്ടും അല്ലാഹു സൃഷ്ടികർത്താവുകൂടിയാണെന്നു വ്യക്തമാക്കുന്നു. 'റബ്ബ്' എന്ന വാക്കിന്ന് താണനിലയിൽ നിന്നു ഉയർന്നനിലയിലേക്ക് അപൂർണ്ണതയിൽ നിന്നു പരിപൂർണ്ണതയിലേക്കു എത്തിക്കുന്നവൻ എന്ന അർത്ഥമുള്ളതുകൊണ്ട് അല്ലാഹു ആത്മാവിനെയും താണപടിയാൽ നിന്നുയർത്തി ഉയർന്ന സ്ഥാനത്തെത്തിക്കുന്നു എന്നിവിടെ ഗ്രാഹ്യമാക്കുന്നു.

ചുരുക്കത്തിൽ ആത്മാവ് റബ്ബിന്റെ അംറിൽ പെട്ടതായത് കൊണ്ടു ആത്മാവ് പരിവർത്തനവിധേയമാണെന്ന് വ്യക്തമാകുന്നു. ശരീരത്തിന്റെ അവസ്ഥ പരിവർത്തനവിധേയമാകുന്നത്പോലെ ആത്മാവിന്റെ അവസ്ഥയും പരിവർത്തന വിധേയമാണെന്ന യാഥാർത്ഥ്യം അനുഭവത്തിൽ കൂടി സ്ഥാപിതമാണ്. അതിന്റെ അറിവിലും ശക്തിയിലും ഏറ്റക്കുറവുണ്ടാകുന്നു.

ഹദ്റത്ത് മൌലാനാ സാഹിബ് വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ ആത്മാവിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് വിശദീകരിച്ചു പ്രസ്താവിച്ചപ്പോൾ പ്രസ്തുത ആക്ഷേപം ഉന്നയിച്ച പണ്ഡിറ്റ് കാളീചരൻ, മൗലാനാ രാജ്കീ സാഹിബ് പുതിയൊരു വീക്ഷണകോണിൽ കൂടിയാണ് മറുപടി പറഞ്ഞതെന്നു മാത്രം പറഞ്ഞു മൗനമവലംബിക്കുകയും ആര്യസമാജക്കാരനായ അദ്ധ്യക്ഷൻ സംവാദം തുടരുവാൻ സമയമുണ്ടായിട്ടും ചില ഒഴികഴിവുകൾ പറഞ്ഞു സംവാദമവസാനിച്ചതായി പ്രഖ്യാപിക്കുകയുമാണുണ്ടായത്. പണ്ഡിറ്റു കാളീചരൻ ഉന്നയിച്ച ആക്ഷേപത്തിന്ന് ഒരഹ്മദിയിൽ നിന്നും ഈ രീതിയിലുള്ള മറുപടി മുസ്ലിംകൾ പ്രതീക്ഷിച്ചിരുന്നില്ല. അതുകൊണ്ടവർ വളരെയധികം സന്തോഷാരവങ്ങൾ മുഴക്കുകയുണ്ടായി.

സംവാദം കഴിഞ്ഞു ഹസ്റത്ത് മൗലാനാ സാഹിബും സുഹൃത്തുക്കളും പുറത്തുവന്നപ്പോൾ ചില പാതിരിമാർ വന്നു റൂഹിനെക്കുറിച്ചു തങ്ങൾക്കു ചില സംശയങ്ങൾ ഉണ്ടെന്നും, അത് നിവർത്തിച്ചു തരേണമെന്നും അഭ്യർത്ഥിച്ചു. അവർ 'യസ്അലൂനക്ക അനിർറൂഹി' എന്ന ആയത്തോതി. ഈ ആയത്തിൽ പ്രതിപാദിക്കപ്പെട്ട ചോദ്യകർത്താക്കൾ ആരാണെന്നും ഇവിടെ റൂഹ് എന്നതുകൊണ്ടുള്ള ഉദ്ദേശ്യമെന്താണെന്നും ചോദിച്ചു. ഇതുസംബന്ധിച്ചു ഹ: മൗലാനാ സാഹിബ് തന്റെ ആത്മകഥയിൽ പ്രസ്താവിക്കുന്നു.

അപ്പോൾ അല്ലാഹു തന്റെ ഹൃദയത്തിൽ വിസ്മകരമായ ഒരു 'നൂറെ മഅ്രിഫത്ത്' (ദിവ്യജ്ഞാനപ്രകാശം) എന്റെ ഹൃദയത്തിൽ ഇട്ടു തന്നതായിട്ടെനിക്കനുഭവപ്പെട്ടു. പാതിരിമാരുടെ മുഖ്യന്റെ ചോദ്യത്തിന്നുത്തരമായി ഞാൻ പറഞ്ഞു. വിശുദ്ധ ഖുർആൻ എല്ലാ കാലഘട്ടങ്ങളിലുമുള്ള ജനങ്ങൾക്കായി മാർഗ്ഗദർശനം നൽകുന്ന ഗ്രന്ഥ യാഥാർത്ഥ്യവും മനസ്സിലാക്കുവാൻ കിണഞ്ഞു പരിശ്രമിച്ചുവരുന്നു. ആര്യമതക്കാർക്കും ഇസ്ലാമിന്നുമിടയിൽ ആത്മാവിനെപ്പറ്റിയുള്ള ഭിന്നതയെക്കുറിച്ച് പ്രസ്തുത ആയത്തിൽ വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. ആത്മാവിനെക്കുറിച്ചുള്ള ആര്യമതക്കാരുടെ വിശ്വാസം, ആത്മാവ് പരമേശ്വരനെപ്പോലെ അനാദിയും അനന്തവും ആണെന്നും ഒരു സൃഷ്ടിയല്ലെന്നും ആണ്. എന്നാൽ ഇതിന്നെതിരായി വിശുദ്ധ ഖുർആന്റെ അദ്ധ്യാപനം അല്ലാഹു എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണെന്നാണ് (13:12) വീണ്ടും ഖുർആൻ പറയുന്നു. 'ഹുവൽ അവ്വലു വൽ ആഖിറ്" (57:4) അവൻ ആദ്യനും അനന്തവുമാണ്. ഇതോടൊപ്പം ആത്മാവിനെ അനാദിയും അനന്തവും ആണെന്ന് വിശ്വസിക്കുന്നതു ശരിയല്ല. അതേപ്രകാരം ഹദീസിൽ ഇപ്രകാരം കാണപ്പെടുന്നു. (കാനല്ലാഹു വലം യകുൻ മഅഹു ശൈഖുൻ). അതായത് 'ആരംഭത്തിൽ അല്ലാഹു ആണ്. അവനോടൊപ്പം ആരും തന്നെ ഉണ്ടായിരുന്നില്ല.'

ചുരുക്കത്തിൽ ആത്മാവിനെക്കുറിച്ചുള്ള മുസ്ലിംകളുടെ വിശ്വാസം അത് അനാദിയോ അനന്തമോ അല്ല എന്നാണ്. എന്നാൽ ഇതിന്നെതിരായ വിശ്വാസമാണ് ആര്യമതക്കാരുടേത്. ഈ ഭിന്നതയുടെ യാഥാർത്ഥ്യം പ്രസ്തുത ആയത്തിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. അതായത്, 'കുലിർറൂഹിൻ അംറിറബ്ബീ' എന്ന വചനത്തിൽ ആത്മാവ് അല്ലാഹുവിന്റെ അംറിൽ നിന്നുള്ളതാണെന്നു പറയുന്നു. വിശുദ്ധ ഖുർആനിലെ 'അലാലഹുൽ ഖൽഖു വൽ അംറു'. (സൃഷ്ടിക്കുവാനും കല്പിക്കുവാനുമുള്ള അധികാരം അവന്നുള്ളതത്രെ (7:55) എന്ന വചനത്തിന്റെ അടിസ്ഥാനത്തിൽ ഖൽഖു, അംറ് എന്നീ രണ്ടു കാര്യങ്ങളാണുള്ളത്. ഖൽഖ് പ്രകൃതിപരമായ ഭൗതീകത്വവും അംറ് ആത്മീയവും ആയി ബന്ധപ്പെട്ടതുമാണ്. അതായത് ആത്മാവിന്റെ സൃഷ്ടികർത്തൃത്വം അല്ലാഹുവിന്റെ അംറുമായി ബന്ധപ്പെട്ടതാണ്. 'ഖുലിർറുഹൂമിൻ അംറിറബ്ബി'. (ആത്മാവ് എന്റെ റബ്ബിന്റെ അംറിൽ പെട്ടതാണ് എന്ന് നീ പറയുക) എന്ന വചനം ഇതിന്റെ യാഥാർത്ഥ്യത്തിലേക്കു സൂചന നൽകുന്നു. മുഴുപ്രപഞ്ചങ്ങളുടെയും റുബൂബിയത്ത് (രക്ഷാകർത്തൃത്വം) നിർവഹിക്കുന്ന റബ്ബു മനുഷ്യന്റെ ആത്മാവിന്റെ റുബൂബിയത്തും നിർവഹിക്കുന്നു. എപ്രകാരം മനുഷ്യശരീരത്തിന്റെയും അതിന്റെ അവയവയങ്ങളുടെയും കഴിവ് പരിമിതമാണ്. അതേപ്രകാരം ആത്മാവും അതിന്റെ ശക്തികളിലും ഗുണങ്ങളിലും പരിമിതമാണ് അപ്പോൾ ആത്മാവിന്റെ ശക്തികളേയും ഗുണങ്ങളേയും നിർണ്ണയിക്കുന്ന മറ്റൊരു ശക്തിയുടെ ആവശ്യമുണ്ടെന്നു മനസ്സിലാക്കാം. ഈ കാര്യം ആത്മാവിനെ അതൊരു സൃഷ്ടിപ്പും നശ്വരവും ആയതാക്കിത്തീർക്കുന്നു. മിൻ അംറിറബ്ബീ എന്ന ആയത്ത് ആത്മാവ് ആദ്യനും അനന്തനുമാണെന്ന ആര്യ സമാജക്കാരുടെ വിശ്വാസം നിരർത്ഥകമാണെന്നു തെളിയിക്കുന്നു. കാരണം വിശുദ്ധ ഖുർആനും അറബി ശബ്ദകോശവും അനുസരിച്ച് 'റബ്ബ്' എന്ന വാക്കിന്ന് സ്രഷ്ടാവ് എന്ന അർത്ഥമുണ്ടെന്ന് മന

മാണ്. അതുകൊണ്ട് പ്രസ്തുത ചോദ്യത്തിന്റെ കർത്താക്കൾ അതായത് റൂഹിനെക്കുറിച്ചു ചോദ്യമുന്നയിക്കുന്നവർ ഈ കാലത്ത് പാതിരിമാരായ നിങ്ങളാണ്. അപ്പോൾ പാതിരി മുഖ്യൻ 'യസ് അലൂനക്ക' എന്ന ആയത്തിൽ വന്ന 'ക' (താങ്കളോട്) എന്നതുകൊണ്ടുള്ള ഉദ്ദേശ്യമെന്താണെന്ന് ചോദിച്ചപ്പോൾ ഞാനിപ്രകാരം മറുപടി പറഞ്ഞു. വിശു ദ്ധ ഖുർആന്റെ അവതരണകാലത്ത് അല്ലാഹുവിന്റെ റസൂലിനോടാണീ ചോദ്യം ഉന്നയിക്കപ്പെട്ടിരുന്നത്. എന്നാൽ ഈ കാലത്ത് റസൂൽ തിരുമേനിയുടെ ദാസനായ ഏതെങ്കിലും ഒരു ഗുലാം റസൂലിനോടായിരിക്കും ചോദിക്കപ്പെടുന്നത്. അക്ഷരാർത്ഥത്തിൽ ഞാൻ റസൂലിന്റെ ദാസനാണ്. (ഗുലാം റസൂൽ എന്ന പേരിന്റെ അർത്ഥം നബിയുടെ ദാസൻ എന്നാണ്) എന്റെ പേരു തന്നെ ഗുലാം റസൂൽ എന്നാണ്.

എന്റെ മറുപടി കേട്ടു സന്തുഷ്ടനായ പാതിരി ഇവിടെ ആത്മാവ് എന്നതുകൊണ്ടുള്ള ഉദ്ദേശ്യമെന്താണെന്നു ചോദിച്ചു. അവർക്കു ഞാൻ നൽകിയ ഉത്തരമിതായിരുന്നു.

താങ്കൾ ചോദിക്കുന്ന ആത്മാവ് എന്നതുകൊണ്ടുള്ള ഉദ്ദേശ്യം, യോഹന്നാൻ അദ്ധ്യായം 14, വചനങ്ങൾ 16, 17 ൽ പ്രതിപാദിക്കപ്പെട്ട സത്യത്തിന്റെ ആത്മാവുതന്നെയാണ്. ആ വചനങ്ങളിൽ പറയുന്നു:

''അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടുന്നതിന്ന് നിങ്ങൾക്കു തരും. ലോകം അവനെകാണുകയോ അറിയുകയോ ചെയ്യായ്കയാൽ അതിന്ന് അവനെ ലഭിപ്പാൻ കഴിയുകയില്ല." (യോഹന്നാൻ 14: 16, 17)

സത്യത്തിന്റെ ആത്മാവാരാണെന്നതിനെക്കുറിച്ച് ഹസ്റത്ത് മസീഹ് നാസിറി(അ) തുടർന്നു പറയുന്നു.

"എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു. ഞാൻ പോകുന്നത് നിങ്ങൾക്കു പ്രയോജനം. ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന്നു ബോധം വരുത്തും. അവർ എന്നിൽ വിശ്വസിക്കായ്കകൊണ്ട് പാപത്തെക്കുറിച്ചും ഞാൻ പിതാവിന്റെ അടുക്കൽ പോകയും ഇനി നിങ്ങൾ എന്നെ കാണാതിരിക്കുകയും ചെയ്യുന്നതു കൊണ്ട് നീതിയെക്കുറിച്ചും ഈ ലോകത്തിന്റെ പ്രഭു വിധിക്കപ്പെട്ടിരിക്കകൊണ്ട് ന്യായവിധിയെക്കുറിച്ചും തന്നെ. ഇനിയും വളരെ നിങ്ങളോടു പറയുവാനുണ്ട്. എന്നാൽ നിങ്ങൾക്ക് ഇപ്പോൾ വഹിപ്പാൻ കഴിവില്ല. സത്യത്തിന്റെ ആത്മാവു വരുമ്പോഴൊ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും (യോഹന്നാൻ 16:7-13).

ഈ ഉദ്ധരണികൾ കേൾപ്പിച്ചുകൊണ്ട് ഞാൻ പാതിരിമാരോടു പറഞ്ഞു. ഹസ്റത്ത് മസീഹിന്റെ പ്രവചനമനുസരിച്ചു കൃസ്ത്യാനികളായ നിങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന. ആ സത്യാത്മാവ് എന്റെ റബ്ബിന്റെ 'അംറ്' അനുസരിച്ചു ആഗതനായി. ആ സത്യത്തിന്റെ ആത്മാവ് ഹ: മുഹമ്മദു നബി(സ) ആണ്. ഇഞ്ചീലിൽ പറഞ്ഞ വാക്കുകളനുസരിച്ച് ''ഇനിയും വളരെ നിങ്ങളോടു പറയുവാനുണ്ട്" എന്നാൽ നിങ്ങൾക്കിപ്പോൾ വഹിപ്പാൻ കഴിയില്ല. സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകലസത്യത്തിലും വഴിതെളിയിക്കും എന്ന വചനം നിങ്ങൾക്കു കുറഞ്ഞ അറിവു മാത്രമെ ലഭിച്ചിട്ടുള്ളു എന്ന പ്രസ്തുത ഖുർആനിക വചനത്തിന്റെ സത്യത്തിന്നുള്ള തെളിവാണ്. അതായത് നിങ്ങൾക്കു ഇഞ്ചീൽ മുഖേന ലഭിച്ച അദ്ധ്യാപനം വളരെ കുറഞ്ഞതും അപൂർണ്ണവും ആണ്. എന്നാൽ വിശുദ്ധ ഖുർആൻ അതു എല്ലാ സത്യങ്ങളും അടങ്ങിയതാണെന്നു വാദിക്കുന്നു.

ചുരുക്കത്തിൽ പ്രസ്തുത ഇഞ്ചീൽ വചനങ്ങളിൽ പ്രവചിക്കപ്പെട്ട സത്യത്തിന്റെ ആത്മാവ് (റൂഹുൽ ഹഖ്) എന്റെ റബ്ബിന്റെ കല്പനയനുസരിച്ചു അവതരിക്കുകയും പരിപൂർണ്ണ സത്യംലോകത്തിന്നു പ്രദാനം ചെയ്യുകയും ചെയ്തു. അതിനെക്കുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ അരുൾ ചെയ്യുന്നു.

ഇന്നത്തെ ദിവസം ഞാൻ നിങ്ങൾക്കു നിങ്ങളുടെ മതത്തെ പരിപൂർണ്ണമാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹത്തെ നിങ്ങളുടെ മേൽ പൂർത്തീകരിച്ചുതന്നിരിക്കുന്നു. നിങ്ങൾക്കായി ഇസ്‌ലാം മതത്തെ ഞാൻ തൃപ്തിപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു."

ഞാൻ പാതിരിയോടു ഈ കാര്യം വിശദീകരിച്ചു പ്രസ്താവിച്ചപ്പോൾ അവർ എന്നോടു താങ്കൾ ഖാദിയാനിയാണോ എന്നു ചോദിച്ചു. ഞാനവരോട് അൽഹംദുലില്ലാഹ് ഞാൻ അഹ്മദിയാണെന്നു പറഞ്ഞു. ആര്യസമാജക്കാരോടും പാതിരിമാരോടും ഉള്ള എന്റെ സംവാദം ശ്രവിച്ച ചില മുസ്‌ലിം പ്രമുഖന്മാർ താങ്കൾ ഖുർആൻ എവിടുന്നാണു പഠിച്ചിരുന്നതെന്നു ചോദിച്ചു. ഞാനവരോടു പറഞ്ഞ മറുപടി ഇതായിരുന്നു.

"ഈ കാലത്ത് ഖുർആനിക ജ്ഞാനങ്ങളുടെ ഉറവിടം ഹസ്റത്ത് വാഗ്ദത്ത മസീഹാണ്. എനിക്കു ലഭിച്ച ഖുർആനിക ജ്ഞാനങ്ങളുടെ ഉറവിടവും ആ പുണ്യാത്മാവു തന്നെയാണ്." (അവലംബം ഹയാത്തെ ഖുദ്സി വോ.4)

●

## പിടിവാശിയും കുതർക്കവും

ആയിശാ (റ) നിവേദനം: "ജനങ്ങളിൽ വെച്ച് അല്ലാഹുവിന് ഏറ്റവും വെറുക്കപ്പെട്ടവൻ പിടിവാശിയും കുതർക്കവും നടത്തുന്നവനാണെന്ന് തിരുമേനി (സ) അരുളിയിരിക്കുന്നു.

*(ബുഖാരി)*

ലേഖനം

# തീവ്രവാദികളുടെ മനശ്ശാസ്ത്രം

എം.എ. അഷ്റഫ്, സ്കോട്ട്ലാന്റ്

**മുസ്‌ലിം നാടുകളിൽ മിതത്വവും പ്രബുദ്ധതയും വളരാത്തതിന്റെ കാരണങ്ങൾ വിശകലനം ചെയ്തു കൊണ്ട് ഈ ലേഖന പരമ്പര അവസാനിക്കുന്നു.**

മൗദൂദിയെ പോലെയുള്ള ഇസ്ലാമിസ്റ്റുകൾ പറയുന്നത്, ഇസ്ലാം സാർവ്വദേശീയ മനുഷ്യാവകാശനിയമങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുക മാത്രമല്ല. മുസ്‌ലിംകൾക്ക് അത്തരം നിയമങ്ങൾ നൽകുകയും അത് അവരിൽ നിർബന്ധപൂർവ്വം നടപ്പാക്കുകയും ചെയ്യുന്നത് മൂലം ഇസ്ലാം മനുഷ്യാവകാശ പ്രഖ്യാപനത്തേക്കാളും വളരെയേറെ മുന്നോട്ടു പോയിരിക്കുന്നു എന്നാണ്. മനുഷ്യാവകാശം സംബന്ധിച്ച് മൗദൂദി നിരവധി ലേഖനങ്ങളെഴുതിയിട്ടുണ്ട്. ആ ലേഖനങ്ങളിലെല്ലാം ഖുർആനിൽ നിന്ന് ആവശ്യമായ ഉദ്ധരണികൾ ഉദ്ധരിച്ചുകൊണ്ട് 1400 വർഷങ്ങൾക്ക് മുമ്പ് തന്നെ ഇസ്ലാം ഈ അവകാശങ്ങൾ അംഗീകരിക്കുകയും അത് പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട് എന്ന് സമർത്ഥിക്കുന്നു. മനുഷ്യാവകാശപ്രഖ്യാപനത്തേക്കാൾ എത്രയോ ഉന്നതമാണ് ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളെന്നാണ് മൗദൂദിയുടെ നിലപാട്. മാത്രമല്ല മനുഷ്യാവകാശ പ്രഖ്യാപനങ്ങൾ പോലും പ്രചോദനം നേടിയത് ഇസ്ലാമിക നിയമങ്ങളിൽ നിന്നാണ് എന്ന് അദ്ദേഹം പറയുന്നു (34)

മതപണ്ഡിതനും ലോകകോടതി ജഡ്ജിയുമായിരുന്ന മുഹമ്മദ് സഫറുല്ലാഹ്ഖാൻ 1967–ൽ ഇസ്ലാമും മനുഷ്യാവകാശവും തമ്മിൽ ഒരു വിശദമായ താരതമ്യപഠനം നടത്തിക്കൊണ്ട് ഒരു പ്രബന്ധം രചിക്കുകയുണ്ടായി. അദ്ദേഹം വിശുദ്ധ ഖുർആനിൽ നിന്നുള്ള വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് മനുഷ്യാവകാശത്തിന്റെ വിവിധ പ്രഖ്യാപനങ്ങളേക്കാൾ നന്നായി ഇസ്ലാമിൽ മനുഷ്യാവകാശങ്ങൾ സംഗ്രഹിച്ചിരിക്കുന്നു എന്ന് പറയുകയുണ്ടായി. സ്വാതന്ത്ര്യം, സത്യം, നീതി എന്നിവയെ സംബന്ധിച്ച് ഇസ്ലാമിക പരിപ്രേക്ഷ്യം അദ്ദേഹം അതിൽ അവതരിപ്പിക്കുകയും ചെയ്തു. മൗദൂദിയും സഫറുല്ലാഹ് ഖാനും ഇവിടെ കൈക്കൊണ്ട പല സമീപനങ്ങളും വ്യത്യസ്തമാണ്. കടുത്ത മതരാഷ്ട്ര മൗലികവാദവും – ഉൽബുദ്ധമായ മിതത്വനിലപാടും തമ്മിലുള്ള വേർതിരിവാണ് ഇത് കാണിക്കുന്നത്. രണ്ട് പണ്ഡിതന്മാരും ഇസ്ലാമിന്റെ സത്യത്തെ അംഗീകരിക്കുന്നവരും വാദങ്ങളുടെ അടിസ്ഥാനം ഖുർആൻ ആയിരിക്കണമെന്ന് നിർബന്ധമുള്ളവരുമാണ്. രണ്ട് പേരും അവരവരുടെ രീതിയിലും ശൈലിയിലുമാണ് വസ്തുതകൾ അവതരിപ്പിച്ചിട്ടുള്ളത്. ഖാന്റെ ഉന്നതമായ വിദ്യാഭ്യാസം അദ്ദേഹത്തെ ഇസ്ലാമിനെപറ്റി സമഗ്ര വീക്ഷണമുള്ള ശക്തനായഒരു വക്താവാക്കി മാറ്റിയിരിക്കുന്നു. അദ്ദേഹത്തിന്റെ മിതവാദപരമായ നിലപാടുമൂലം പാശ്ചാത്യരുടെ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ പ്രാരംഭപ്രവർത്തനങ്ങൾ അദ്ദേഹം സ്വാഗതം ചെയ്യുകയുണ്ടായി. നീക്കുപോക്കുകൾ നടത്തിക്കൊണ്ടായിരുന്നില്ല ഈ സ്വാഗതം ചെയ്യൽ. എന്നാൽ അദ്ദേഹത്തിന്റെ വാദപ്രകാരം എല്ലാ മതങ്ങളും ഒരേ ദിവ്യസ്തോതസ്സിൽ നിന്നാണ് സംസാരിച്ചത് എന്നാണ്. അതുകൊണ്ടാണ് അവയുടെ അടിസ്ഥാന ധാർമ്മികാദ്ധ്യാപനങ്ങളെല്ലാം സാർവ്വജനീനമായി കാണപ്പെടുന്നത്. അദ്ദേഹവും അദ്ദേഹത്തെ പോലെയുള്ള മിതവാദികളും സമാധാനപരമായ സഹവർത്തിത്വത്തിന്റെയും സഹകരണത്തിന്റെയും ആധാരശിലയായി ഇതിനെ കണ്ടു. ഒരു സാർവ്വലൗകിക മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ ആവശ്യകത മൗലാനാ മൗദൂദിക്ക് അനുഭവപ്പെട്ടില്ല. മുസ്‌ലിം കൾക്ക് ഈ നിയമം ഒരു ഭരണകൂടമില്ലാതെ നടപ്പാക്കാൻ സാധ്യമല്ലാ എന്നായിരുന്നു അദ്ദേഹത്തിന്റെ സമീപനം.

ഇസ്ലാമിസ്റ്റുകളുടെ സാഹോദര്യം, സ്നേഹം,

മനുഷ്യത്വം എന്നീ ഗുണങ്ങൾ അവരുടെതായ ഇസ്ലാമിക വ്യാഖ്യാനപ്രകാരമേ പുറത്തുവരൂ. മുസ്ലിംകൾക്ക് മാത്ര മുള്ള ഈ ആനുകൂല്യങ്ങൾ മുസ്ലിം രാജ്യങ്ങൾക്ക് മാത്ര മുള്ളതാണ്. അതായത് ആ മുസ്ലിം ഭരണകൂടം ഒരു ഇസ്ലാമിസ്റ്റ് ഗവൺമെന്റുമായിരിക്കണം. (ദാറുസ്സലാം). ബാക്കി അമുസ്ലിം ലോകത്തിന് ജിഹാദിലൂടെ മാത്രമേ (ദാറുൽ ഹർബ്) ഈ ആനുകൂല്യങ്ങൾ ലഭ്യമാകു. മുസ്ലിംകൾ മാത്രം അനുഭവിക്കുന്ന ഈ സങ്കല്പവുമായി ഇസ്ലാമിക തീവ്രവാദത്തിന്നുള്ള ബന്ധവും അതിന്റെ ഏറ്റവും സമീപകാല ഉദാഹരണവും ജിയാബേട്ടാ മെനിക്കോ പിക്കോ നന്നായി വരച്ചുകാട്ടുന്നത് ഇപ്രകാര മാണ് :

'അൽഖായിദയെപോലെ പ്രായോഗികമായും താത്വികമായും തങ്ങൾ മറ്റുള്ളവരിൽ നിന്നും തികച്ചും ഒഴിച്ചുനിർത്തപ്പെട്ടവരാണ് എന്ന അഗാധബോധത്തിൽ കെട്ടിപ്പടുത്തതാണ് ഇന്നത്തെ പല ഇസ്ലാമിക തീവ്രവാദി ഗ്രൂപ്പുകളും. ഒരുപക്ഷേ ഒഴിച്ചുനിർത്തൽ സ്വയം തന്നെ മനുഷ്യാവകാശ വിരുദ്ധത ഉൾക്കൊള്ളുന്നുണ്ട്. ഭീകരത ഒരു താൽക്കാലിക തന്ത്രം എന്ന നിലക്ക് തിരഞ്ഞെടുത്ത ഗ്രൂപ്പുകളെപോലെയല്ല ഭീകരത ഒരു സമരമുറയായി സ്വീക രിച്ച ഗ്രൂപ്പുകൾ. തങ്ങൾ ഒറ്റപ്പെട്ടവരാണെന്ന ബോധം അഗാധമായ രീതിയിൽ അവരിൽ രൂഢമൂലമാണ്. മറ്റുള്ള വരുമായി ഒരിക്കലും ഒന്നിക്കാൻ കഴിയാത്ത അകൽച്ച അ വർക്കുണ്ട്. സത്യത്തിന്റെ മൊത്ത കുത്തക തങ്ങൾക്കാണെന്ന മതമൗലികവാദപരമായ നിലപാടനുസ രിച്ച് അതിനോട് യോജിക്കാത്തവരെ തടയുകയോ നശി പ്പിക്കയോ ചെയ്യേണ്ടവരാണെന്നാണ് അവർ കരുതുന്നു.

ഉൽബുദ്ധരായ മിതവാദികൾ നേരിടേണ്ടുന്ന ഒരു വെല്ലുവിളി ഈ വിട്ടുനിൽക്കുന്ന അഥവാ സ്വയം ഒഴിച്ചു നിർത്തപ്പെടുന്നവരുടെ ധാരണ മാറ്റി മറ്റുള്ളവരുമായി സഹ കരിക്കുകയും പരസ്പരം ബഹുമാനിക്കുകയും ചെയ്യുന്ന ഒരു അവസ്ഥ പുന:സ്ഥാപിക്കുക എന്നതാണ്. മുസ്ലിം രാജ്യങ്ങൾക്ക് അമുസ്ലിംകളുമായുള്ള സമാധാനപരമായ സഹവർത്തിത്വം സംഘടിപ്പിക്കാവുന്നതാണ്. സമാധാന പരമായ സഹവർത്തിത്വത്തിന്റെ ഈ ചൈതന്യം മൂലം അഭിപ്രായ വൈജാത്യങ്ങളുള്ള സമൂഹങ്ങൾക്കും സമാ ധാനത്തോടെ സഹകരിച്ച് കഴിയാമെന്ന് ഉറപ്പാക്കാവുന്ന താണ്.

## മനുഷ്യാവകാശങ്ങളും മുസ്ലിം രാജ്യങ്ങളും

ഇസ്ലാമിലെ എല്ലാ ചിന്താസരണികളും മനു ഷ്യാവകാശത്തെ പിന്തുണക്കുന്നു. കാരണം മനുഷ്യനെ ആദരിക്കുക എന്നത് ഇസ്ലാമിക വിശ്വാസത്തിന്റെ കേന്ദ്ര തത്വമാണ്. തുടർന്നുള്ള ഇസ്ലാമിന്റെ അദ്ധ്യാപനങ്ങളെ ല്ലാം മനുഷ്യാവകാശത്തിന്റെ മൗലിക തത്വങ്ങൾ ഉൾക്കൊള്ളുന്നു. എന്നിരുന്നാലും മിക്ക മുസ്ലിം ഭരണ കൂടങ്ങളും സ്വന്തം ജനതക്കെതിരെ തന്നെ മനുഷ്യാവ കാശങ്ങൾ ദുരുപയോഗപ്പെടുത്തുന്നു. അത്തരം ദുരുപയോ ഗങ്ങൾ ആദ്യമായി പ്രായോഗിച്ചത് തദ്ദേശീയമായ തീവ്ര വാദം അടിച്ചമർത്താൻ വേണ്ടി പാശ്ചാത്യർ തന്നെയാണ് എന്ന കാര്യം നാം വിസ്മരിക്കരുത്.

അത്താതുർക്കിന്റെ തുർക്കി, പഹ്ലവിയുടെ ഇറാൻ, ബുർഖീബയുടെ തുണീഷ്യ എന്നീ രാജ്യങ്ങൾ സ്വാതന്ത്ര്യാനന്തരം മുസ്ലിം ഐഡന്റിറ്റി മായ്ച്ചുകളഞ്ഞ രാജ്യങ്ങൾക്കുള്ള ഉദാഹരണങ്ങളാണ്. ചർച്ചിനെ ഭരണ കൂടവുമായി വേർപ്പെടുത്തിക്കൊണ്ടുള്ള ലളിതമായ സെക്കുലറൈസേഷൻ അല്ലായിരുന്നു അവിടങ്ങളിൽ നട പ്പായത്. വളരെ വ്യവസ്ഥാപിതമായ പാശ്ചാത്യവത്കരണ മായിരുന്നു ആ രാജ്യങ്ങൾ നടത്തിയിരുന്നത്. (35)

കോളോണിയൽ കാലഘട്ടത്തിന് ശേഷവും കമ്യൂ ണിസ്റ്റ്, ദേശീയ ഭരണകൂടങ്ങൾ വിയോജിക്കുന്നവർക്കെ തിരെ മർദനങ്ങൾ അഴിച്ചുവിടുകയുണ്ടായി. ഈയടുത്ത കാലത്തായി അത്തരം ദുരുപയോഗങ്ങൾ ഭീകരതക്കെതി രെയുള്ള യുദ്ധത്തിന്റെ പേരിൽ നടത്തുകയാണ്. പാശ്ചാ ത്യ ഭരണകൂടങ്ങൾ തന്നെ മുസ്ലിം രാജ്യങ്ങളിലെ ജയി ലുകളിലേക്ക് ചോദ്യം ചെയ്യാൻ വേണ്ടി ആളുകളെ കൊണ്ടുപോകുന്നതായി റിപ്പോർട്ടുകളുണ്ട്. അതായത് പാശ്ചാത്യ ഗവൺമെന്റുകളെയും മനുഷ്യാവകാശപ്രവർത്ത കരെയും ഭയക്കാതെ മുസ്ലിം രാജ്യങ്ങളിലെ ജയിലുക ളിൽ ഇഷ്ടം പോലെ കഠിനമായി കുറ്റവാളികളെ ഭേദ്യം ചെയ്ത് വിവരങ്ങൾ ശേഖരിക്കാം. മനുഷ്യാവകാശം ലംഘി ക്കപ്പെടുന്നു എന്ന് പഴി കേൾക്കേണ്ടി വരുമെന്ന ഭീതിയൊ ന്നും മുസ്ലിം രാജ്യങ്ങളിലുണ്ടാവില്ല. (36) മനുഷ്യന്റെ അവകാശങ്ങൾ ധ്വംസിച്ചുകൊണ്ട് മനുഷ്യനെ മർദ്ദിക്കു മ്പോൾ മുസ്ലിം രാജ്യങ്ങൾ ഇസ്ലാമിന്റെ തത്വമാണ് ലംഘിക്കുന്നത്. പാശ്ചാത്യരുടെ സങ്കല്പപ്രകാരം നിരപ രാധികളായ മനുഷ്യരുടെ ജീവരക്ഷക്കുള്ള ഏറ്റവും കുറഞ്ഞ തിന്മ എന്ന അർത്ഥത്തിൽ മാത്രമേ ഈ നിയമ നിർമ്മാണങ്ങൾ സ്വീകരിക്കാനാവൂ.

ആദർശപരമായി ശത്രുവായി മാറിക്കഴിഞ്ഞ ഒരാളെ ജയിലിലടച്ചാലും പീഡിപ്പിച്ചാലും അയാൾക്കു മേൽ വിജയം നേടാൻ ദുർലഭമായേ സാധ്യമാവൂ. അത്തരം പീഢനങ്ങൾ തീവ്രവാദത്വത്തിലേക്ക് കൂടുതൽ ആളുകളെ അണിനിരത്താൻ സഹായകരമാവും. കൊറി യൻ യുദ്ധാവസരത്തിൽ പീഡനത്തെ തുടർന്ന് വളരെ വലി യൊരു ശതമാനം അമേരിക്കൻ പട്ടാളക്കാർ മുട്ടുമടക്കി. എന്നാൽ വളരെ ചെറിയ ഒരു ശതമാനം തുർക്കി പട്ടാള ക്കാരെ മാത്രമേ അവർക്ക് കീഴടക്കാൻ സാധിച്ചിരുന്നുള്ളൂ. രണ്ട് രാജ്യങ്ങളിലേയും പട്ടാളക്കാർ രണ്ട് രീതിയിലുള്ള സ്വഭാവഗുണങ്ങളാണ് പ്രദർശിപ്പിച്ചത്. ഒരു അൾജീരിയൻ ഭീകരവാദി ഈയടുത്തകാലത്ത് വളരെ അന്തർദൃഷ്ടിയോ ടുകൂടി പീഡനങ്ങളും ആശയവും, ഭീകരതാവാദവും തമ്മി ലുള്ള ബന്ധത്തിലേക്ക് വെളിച്ചം വീശിയത് ഇങ്ങനെ യാണ്.

'ബിൻലാദന്റെ പ്രഭാഷണങ്ങളേക്കാൾ കൂടുതൽ

ഭരണകൂടങ്ങളുടെ പീഢനങ്ങളാണ് ഒരു ഇസ്‌ലാമിസ്റ്റിനെ ഭീകരവാദിയാക്കി മാറ്റുന്നത്. വികാരങ്ങളെ ഒരുപാട് കാലം അത് വ്രണപ്പെടുത്തും. എന്നെ കൊല്ലാൻ വേണ്ടി വ്യക്തിപരമായാണ് അവർ പീഢിപ്പിച്ചിരുന്നത്. അവർ എന്നെ ഉഗ്രമായ രോഷത്തിലേക്കാണ് നയിച്ചത്. ശൂന്യമായ ആശയസമരമല്ല എനിക്ക് വേണ്ടിയിരുന്നത്. എന്റെ കൊടുംയാതനകളുടെ ഫ്ളാഷ് ബാക്കുകളാണ് എനിക്ക് ആവശ്യമായിരുന്നത്. അൾജീരിയൻ ഭരണകൂടത്തിന്റെ ഭീകരത, പോരാട്ടത്തെ യാഥാർത്ഥ്യമാക്കി. വ്രണപ്പെട്ട അധരങ്ങളിൽ നിന്നും രക്തം നുണഞ്ഞതിനാൽ ഭീകരപ്രവർത്തകർ ആവേശ പൂർവ്വം അണിചേർന്നുകൊണ്ടിരുന്നു.

## ന്യൂനപക്ഷങ്ങളോടുള്ള കടമകൾ

ന്യൂനപക്ഷമാകട്ടെ ഭൂരിപക്ഷമാകട്ടെ ജനങ്ങൾ തമ്മിൽ ഉന്നതനിലവാരത്തിൽ പരസ്പരം പെരുമാറണമെന്ന് ഖുർആൻ ആഗ്രഹിക്കുന്നു. അത് ഒരു ജനത മറ്റൊരു ജനതയെ പരിഹസിക്കുന്നതിൽ നിന്നും, അപകീർത്തിപ്പെടുത്തുന്നതിൽ നിന്നും, അപമാനിക്കുന്നതിൽ നിന്നും, പരിഹാസപ്പേരുകൾ വിളിക്കുന്നതിൽ നിന്നും, പിന്നിൽ നിന്നും കുത്തുന്നതിൽ നിന്നും അന്യനെ പറ്റി ദുഷിച്ചുപറയുന്നതിൽ നിന്നും തടയുന്നു. (വി: ഖുർആൻ 49:12-13) ഈ ഉന്നതമായ മൂല്യങ്ങൾ ഇസ് ലാമിന്റെ പരിശുദ്ധ പ്രവാചകനെ അഗാധമായി സ്നേഹിക്കുന്നതിലൂടെ മാത്രമേ നേടാൻ സാധ്യമാകൂ. തിരുമേനി അരുളി:

'എന്റെ ജീവൻ ആരുടെ കൈകകളിലാണോ? ആ അല്ലാഹുവാണെ സത്യം. വിശ്വാസികളാകാതെ നിങ്ങൾ സ്വർഗ്ഗത്തിൽ പ്രവേശിക്കില്ല. നിങ്ങൾ പരസ്പരം സ്നേഹിക്കാതെ വിശ്വാസികളാവാനും സാധ്യമല്ല. നിങ്ങൾ മറ്റൊരാളെ സ്നേഹിക്കാനുള്ള ഉപാധി ഞാൻ പറഞ്ഞു തരട്ടയോ? നിങ്ങൾക്കിടയിൽ 'സെലാം അധികരിപ്പിക്കുക'.

അനീതിക്കും ക്രൂരതക്കും എതിരെ അന്യവിശ്വാസത്തിലുള്ളവരെ സഹായിക്കുക എന്ന് മുസ്‌ലിംകൾ പ്രതിജ്ഞ ചെയ്യുക. മുസ്‌ലിംകൾക്ക് കീഴിൽ ജീവിച്ച ക്രിസ്ത്യാനികളെ അഭിസംബോധന ചെയ്തുകൊണ്ട് എക്കാലത്തേക്കുമായി ഹദ്റത്ത് മുഹമ്മദ് നബി(സ) പറഞ്ഞത് ഇപ്രകാരമാണ്.

''ഞാൻ ഇതാ കരാർ ചെയ്യുന്നു. സന്യാസിയാകട്ടെ, വഴിയാത്രക്കാരനാകട്ടെ, മലമുകളിലോ, കാടുകളിലോ, മരുഭൂമിയിലോ, ജനവാസസ്ഥലത്തോ, എവിടെ വെച്ചെങ്കിലുമാകട്ടെ എന്നോട് അഭയം തേടി വന്നാൽ അവരുടെ ശത്രുക്കളിൽ നിന്നും ഞാനും എന്റെ സ്നേഹിതന്മാരും, സഹായികളും, ബന്ധുക്കളും എന്റെ അനുചരന്മാരായവരുമെല്ലാം ചേർന്ന് അവരെ രക്ഷിക്കുന്നതാണ്. അവർ നൽകാമെന്നേറ്റ കരത്തിനുപകരമായി അവരെ ശത്രുക്കളിൽ നിന്നുള്ള അക്രമണത്തിൽ നിന്നും, പീഡനത്തിൽ നിന്നും, മർദനത്തിൽ നിന്നും നാം രക്ഷിക്കുന്നതാണ്. അവർ തങ്ങളുടെ സ്വത്തും ജീവനും സ്വയം സംരക്ഷിക്കാനുദ്ദേശിക്കുന്നുവെങ്കിൽ അങ്ങനെ ചെയ്യാൻ അവർക്ക് അനുവാദമുണ്ട്. അത് സംബന്ധമായി യാതൊരു ബുദ്ധിമുട്ടും അവർക്കുണ്ടാവില്ല. ഒരു ബിഷപ്പും അയാളുടെ ഇടവകയിൽ നിന്നും ഒരു സന്യാസിയും അയാളുടെ അധികാരസ്ഥാനത്തുനിന്നും ഒരു പുരോഹിതനും അയാളുടെ ആരാധനാസ്ഥലത്തുനിന്നും പുറംന്തള്ളപ്പെടുകയില്ല. ഒരു തീർത്ഥാടകനെയും അവന്റെ തീർത്ഥയാത്രയിൽ നിന്നും തടഞ്ഞുവെക്കുന്നതല്ല. ഒരു ചർച്ചോ മറ്റേതൊരു ആരാധനാലായമോ തകർക്കുകയോ നശിപ്പിക്കുകയോ ചെയ്യുന്നതല്ല. ചർച്ചിന്റെ സാധനങ്ങൾ എടുത്ത് പള്ളി പണിയുകയോ, മുസ്‌ലിംകൾ വീടുപണിയാനോ അനുവാദമില്ല. അങ്ങനെയാരെങ്കിലും ചെയ്താൽ അയാളെ അല്ലാഹുവിന്റേയും അവന്റെ പ്രവാചകന്റേയും കഠിനശത്രുവായിട്ടാരിക്കും കണക്കാക്കുക. സന്യാസിമാരും ബിഷപ്പുമാരും അവർ വടക്കോതെക്കോ ഉള്ളവരോ കാടുകളിലോ നദീ തടങ്ങളിലോ എവിടെയായിരുന്നാലും യാതൊരുവിധ നികുതികൾക്കും നഷ്ടപരിഹാരങ്ങൾക്കും വിധേയരല്ല. ഞാനിതാ ബഹുമാന്യമായ ഈ ഉറപ്പുകൾ അവർക്ക് നൽകുന്നു. അവർ എന്റെ വാദത്തിലും എന്റെ കരാറിലുമായിരിക്കും. അവർ എല്ലാവിധ പ്രയാസങ്ങളിൽ നിന്നും പൂർണ സുരക്ഷിതരായിരിക്കും. അവരുടെ ചർച്ചുകൾ പുതുക്കിപ്പണിയുന്നതിനുള്ള എല്ലാവിധ സഹായസഹകരണങ്ങളും നൽകുന്നതായിരിക്കും. ആയുധം ധരിച്ചു എന്ന കുറ്റം അവർക്ക് പൊറുത്തുകൊടുക്കുന്നതായിരിക്കും. അവർ മുസ്‌ലിംകളാൽ സംരക്ഷിക്കപ്പെടും. ഈ കല്പനകൾ വിധിനാൾ വരെ ലംഘിക്കപ്പെടരുത്. ('ബലാദർ' ൽ നിന്നും ഉദ്ധരിച്ചത്).

മുസ്‌ലിംകൾക്ക് നൽകപ്പെട്ട ഈ വ്യക്തമായ നിർദ്ദേശങ്ങൾ വിശദീകരിക്കേണ്ട ആവശ്യമില്ല. ദുഃഖകരമെന്ന് പറയട്ടെ, ഒരു മുസ്‌ലിം രാജ്യത്തും അമുസ്‌ലിംകൾക്ക് അവരുടെ വിശ്വാസം ആചരിക്കാനുള്ള സ്വാതന്ത്ര്യമില്ല. മറ്റു ചിലയിടങ്ങളിൽ അവർ മർദ്ദിക്കപ്പെടുന്നു. അവരുടെ വീടുകളും ആരാധനാസ്ഥലങ്ങളും നശിപ്പിക്കപ്പെടുന്നു. ചില രാജ്യങ്ങളിൽ അവർ പൊതുസ്ഥലങ്ങളിൽ കൊല്ലപ്പെടുന്നു. ഇത്തരം സംഭവങ്ങൾ അമുസ്‌ലിം രാജ്യങ്ങളിലും ചിലപ്പോൾ സംഭവിക്കുന്നു. ഏത് രാജ്യമാണ് അത് അനുസരിക്കുന്നത് ഏത് രാജ്യം അതനുസരിക്കാത്തത് എന്നതല്ല പ്രശ്നം. ഇത് സംബന്ധിച്ച ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾ വളരെയേറെ ചിന്തനീയമാണ്. ഉൽബുദ്ധരായ മിതവാദികളെ സംബന്ധിച്ചേടത്തോളം മുസ്‌ലിംരാജ്യങ്ങളിൽ സംഭവിക്കുന്ന കാര്യങ്ങളൊന്നും തന്നെ ആശാവഹമല്ല.

## മിതവാദികൾക്ക് മുന്നിലെ വെല്ലുവിളി

പ്രബുദ്ധരായ മിതവാദികളും പിന്തിരിപ്പന്മാരായ തീവ്രവാദികളും തമ്മിലുള്ള സംഘട്ടനം എല്ലാ മനുഷ്യസമൂഹങ്ങളുടെയും പ്രത്യേകതയാണ്. ഇസ്‌ലാമിലും അത് അതിന്റേതായ സങ്കല്പത്തോടെ നിലനിൽക്കുന്നു. ആദ്യകാല മുസ്‌ലിംകളിൽ ചിന്തയിലും പ്രവർത്തനങ്ങളിലും

പ്രബുദ്ധരായ മിതവാദികൾ ഉണ്ടായിരുന്നു. ഈ യടുത്ത കാലത്ത് പ്രബുദ്ധരായവരും മിതവാദികളുമായ മുസ്‌ലിംകൾ പാശ്ചാത്യ വിദ്യാഭ്യാസത്തിനു നേരെ തിരിയുകയും ഇസ്‌ലാം മതത്തെ വ്യാഖ്യാനിക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഇസ്‌ലാമിന്റെ സാംസ്കാരിക പ്രബുദ്ധതയേയും സഹിഷ്ണുതയേയും പറ്റി വികാരവായ്പോടുകൂടിയുള്ള അഭ്യർത്ഥനകളാണ് സമകാലീന ലോകത്തെ മുസ്‌ലിം ബുദ്ധിജീവികളും നേതാക്കന്മാരും നടത്തിക്കൊണ്ടിരിക്കുന്നത്. പക്ഷേ ഈ അഭ്യർത്ഥനകളെല്ലാം വലിയൊരളവോളം മുസ്‌ലിംകളും പാശ്ചാത്യരും കേൾക്കാതെ പോവുന്നു. ഇസ്‌ലാമിക തീവ്രവാദികളുടെ ബോംബേറിലും വെടിവെപ്പിലും മിതവാദികളുടെ ശബ്ദം ആരും കേൾക്കാതെ പോകുന്നു. സ്വയം ഒറ്റപ്പെടുക, വെറുപ്പ്, സംഘട്ടനം, യാതൊരു വിവേചനവുമില്ലാതെ രക്തം ചിന്തൽ മുതലായവയാണ് തീവ്രവാദികളുടെ ആശയങ്ങൾ. ഇതാണ് മുസ്‌ലിം ലോകത്തെ നിരന്തരം ആവേശഭരിതരാക്കിക്കൊണ്ടിരിക്കുന്നത്. പാശ്ചാത്യ നാടുകൾ ഇസ്‌ലാമിന്റെ ജാലകത്തിലൂടെ കാണുന്നതും ഇതെല്ലാമാണ്. മുസ്‌ലിം ലോകം അത്യന്തം നിരാശാജനകമായ ഒരു സാഹചര്യത്തിലാണ്. അത് രാഷ്ട്രീയമായും ആശയപരമായും അത്യന്തം ഗുരുതരമായ വെല്ലുവിളികളെ അഭിമുഖീകരിക്കുന്നു. ഇനി എന്താണ് ചെയ്യാനുള്ളത്?

നിരാശാജനകമായ നേരങ്ങളിലാണ് നിരാശാജനകമായ പ്രവർത്തനങ്ങൾ ഉണ്ടാവുന്നത്. മിതത്വത്തിന്റെ സ്വരങ്ങൾക്കെതിരെ തീവ്രവാദത്തിന്റേയും ഭീകരവാദത്തിന്റേയും പ്രതികരണങ്ങൾ ഉണ്ടാവുന്നു. മിതവാദികളുടെ ഇസ്‌ലാമിന്റെ വ്യാഖ്യാനങ്ങൾക്ക് തീവ്രവാദികളുടെ ആശയത്തെ പൂർണമായും പരാജയപ്പെടുത്താൻ സാധ്യമല്ലെന്ന് മിതവാദികൾ അംഗീകരിക്കേണ്ടതുണ്ട്. മുസ്‌ലിം ആരാണ് എന്നതിന്റെ നിർവചനത്തെ സംബന്ധിച്ചുള്ള വെല്ലുവിളിയാണ് ആദ്യമായി അഭിമുഖീകരിക്കേണ്ടത്. അങ്ങനെയൊരു നിർവചനം സാധ്യമാണോ? ഈ ചോദ്യത്തിന് ഉത്തരം നൽകപ്പെടാതെ മുസ്‌ലിംകൾക്കിടയിൽ ചർച്ചയും ഐക്യവും സാധ്യമല്ല. ഒരു വ്യക്തിക്കും സത്യത്തെ സംബന്ധിച്ച് മൊത്തക്കുത്തക അവകാശപ്പെടാൻ സാധ്യമല്ല. എല്ലാ മുസ്‌ലിം വിഭാഗങ്ങൾക്കും അവരവരുടെ തത്ത്വശാസ്ത്രത്തെ സംബന്ധിച്ച് സംവാദത്തിലൂടെയും ചർച്ചകളിലൂടെയും സത്യം കണ്ടെത്താനാവുന്നതാണ്. ഇസ്‌ലാമിൽ ഒരു രാഷ്ട്രീയ മാതൃകയെ പറ്റി അന്വേഷിക്കുമ്പോൾ അതിൽ യാതൊരുവിധത്തിലുള്ള ഭരണഘടനാരൂപങ്ങളും ശുപാർശ ചെയ്തിട്ടില്ലില്ലെന്ന് കാണാം. പൊതുകാര്യങ്ങളിൽ കൂടിയാലോചനയാണ് ഇസ്‌ലാം ആവശ്യപ്പെടുന്നത്. അത് മൂല്യങ്ങളും, ആദർശങ്ങളും, കടപ്പാടുകളും പ്രദാനം ചെയ്യുന്നു. ഇക്കാര്യങ്ങളെല്ലാം എങ്ങനെയാണ് പ്രാവർത്തികമാക്കാൻ കഴിയുക എന്നത് ഓരോ ആളുകളും തീരുമാനിക്കേണ്ടതാണ്. മറ്റൊരു വെല്ലുവിളി മതപരമായ സഹിഷ്ണുതയുടെ അദ്ധ്യാപനങ്ങൾ മനസ്സിലാക്കുന്നതിലാണ്. 'മതത്തിൽ യാതൊരു ബലാൽക്കാരവും പാടില്ല. തീർച്ചയായും സത്യം അസത്യത്തിൽ നിന്നും വ്യതിരിക്തമാണ്' (2:217) ഈ വചനം ഇസ്‌ലാമിൽ മതം മാറുന്നവനെ കൊന്നുകളയണം എന്ന കുപ്രസിദ്ധമായ ജനകീയ വിശ്വാസവുമായി പൊരുത്തപ്പെടുന്നതെങ്ങനെ? തീവ്രവാദികളുടെ വ്യാഖ്യാനപ്രകാരമുള്ള ഇസ്‌ലാമിനെ ആരെങ്കിലും വെല്ലുവിളിക്കുകയോ അത് ഉപേക്ഷിക്കുകയോ ചെയ്താൽ അവർ വധിക്കപ്പെടും. ഇപ്രകാരം പെരുമാറാനോ അവകാശവാദം പുറപ്പെടുവിക്കാനോ മിതവാദികളായ മുസ്‌ലിംകൾക്ക് സാധ്യമല്ല. ഇസ്‌ലാമിലെ വിവിധതരം ആശയവിഭാഗങ്ങൾ തമ്മിൽ സർഗ്ഗാത്മകമായ സംവാദങ്ങളിൽ ഏർപ്പെടാതിരിക്കുന്നതിന് എന്താണ് കാരണം? ഇത്തരം സംവാദങ്ങൾ നടത്താനുള്ള സ്ഥാപനങ്ങൾ നമുക്ക് കെട്ടിപ്പടുത്തുകൂടേ? ഇത്തരം സംവാദങ്ങൾ ഇസ്‌ലാമിന്റെ മറ്റു വ്യാഖ്യാനങ്ങളും സ്വാഗതം ചെയ്യണം. ഇതിൽ ആദ്യമായി നിർവ്വഹിക്കേണ്ടത് ജിഹാദിനെ സംബന്ധിച്ച് ഏറ്റവും മൗലികവും മിതത്വപരവുമായ ഒരു നിർവ്വചനം നൽകലാണ്. അങ്ങനെ ഒരു നിർവ്വചനം നൽകുന്നതിലൂടെ രാഷ്ട്രവും മതവും തമ്മിലുള്ള ബന്ധം എന്താണെന്നതിനെ സംബന്ധിച്ച് വളരെ ആഴമുള്ളതും ഉദാരവുമായ ഒരു ധാരണ സൃഷ്ടിച്ചെടുക്കാൻ സാധ്യമാണ്. അപ്പോൾ മനുഷ്യാവകാശത്തെ സംബന്ധിച്ച യഥാർത്ഥത്തിലുള്ള ഇസ്‌ലാമിക അദ്ധ്യാപനവും പ്രവർത്തനവും ആവിർഭവിക്കുന്നതാണ്. പ്രത്യേകിച്ച് മുസ്‌ലിം രാജ്യങ്ങളിലെ അമുസ്‌ലിം ന്യൂനപക്ഷങ്ങളെ സംബന്ധിക്കുന്ന മനുഷ്യാവകാശങ്ങൾക്ക് മിഴിവും തെളിവും ലഭിക്കുന്നതാണ്.

ഇസ്‌ലാമിൽ മിതത്വത്തിന്റെയും പ്രബുദ്ധതയുടെയും മാർഗ്ഗം സ്വീകരിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർക്ക് സംഘടിക്കാനോ പരിഷ്ക്കരണ പ്രവർത്തനം നടത്താനോ ഇസ്‌ലാമിന് നേരെയുള്ള വിമർശനങ്ങളെ പ്രതിരോധിക്കാനോ സാധ്യമല്ല. അത്തരം സജീവമായ പ്രവർത്തനങ്ങളെല്ലാം തീവ്രവാദികളാണ് നിർവ്വഹിക്കുന്നതെന്ന് മിതത്വം പാലിക്കുന്നവർ അറിയുന്നു.

(അവസാനിച്ചു).

**REFERENCE**


*34. Tamimi. Op.cit*

*35. One world US. US Exporting 'Tools of torture' charges amnesty. Jim Lobe 3, Dec. 2003.*

*36. The observer, Inside the Mind of a Terrorist - 9, March, 2003.*


## അല്ലാഹുവിന്റെ പെരുമാറ്റം

ഞാനെന്റെ ദാസനോടു പെരുമാറുന്നത് എന്നോടുള്ള അവന്റെ വിശ്വാസവും പ്രതീക്ഷയും അനുസരിച്ചാണ്. അതുകൊണ്ട് അവനെന്നെപറ്റി അവനുദ്ദേശിക്കുന്ന വിധം പ്രതീക്ഷിച്ചുകൊള്ളട്ടെ.

(നബിവചനം)

# ദുൽഖർ നൈനൻ ആരാണ്?

ഏ.പി. കുഞ്ഞാമു

**ഗോഗ് മഗോഗ് എന്ന അധിനിവേശ ശീലമുള്ള പുരാതനമായ കോളോണിയൽ ശക്തികളെ ഭിത്തി പണിത് ഏഷ്യയിലേക്കുള്ള നീക്കം തടഞ്ഞു നിർത്തിയ പേർഷ്യൻ ചക്രവർത്തിയായിരുന്നു ദുൽഖർനൈനൻ അഥവാ സൈറസ്.**

സൂറ:അൽകഹ്ഫ് തുടരുന്നു. "അവർ നിന്നോട് ദുൽഖർനൈനിനെ സംബന്ധിച്ച് ചോദിക്കുന്നു. പറയുക, അദ്ദേഹത്തെ സംബന്ധിച്ച് ചില വസ്തുതകൾ ഞാൻ നിങ്ങൾക്ക് വിവരിച്ചു തരാം" (18:84)

ദുൽഖർ നൈനിനെ സംബന്ധിച്ച വിശദീകരണത്തിന് മുമ്പായി നമ്മുടെ മുമ്പിൽ വരുന്ന വിഷയം എന്തുകൊണ്ടു ഖുർആൻ ദുൽഖർനൈനെക്കുറിച്ച് പ്രതിപാദിച്ചു? എന്തുകൊണ്ട് ഈ സൂറായിൽ പ്രാധാന്യത്തോടെ അദ്ദേഹത്തെ പറ്റി പരാമർശിച്ചു? എന്നീ ചോദ്യങ്ങളാണ്. ഈ സൂറായിൽ ക്രിസ്ത്യൻ രാഷ്ട്രങ്ങൾക്ക് രണ്ടു ഘട്ടങ്ങളിലുണ്ടാവുന്ന ലൗകിക നേട്ടങ്ങളെ പറ്റി പ്രതിപാദിക്കുന്നുണ്ട്. ഈ സൂറത്തിന്റെ ആരംഭത്തിൽ ആദിമ ക്രിസ്ത്യാനികൾ അഥവാ ഗുഹാവാസികളെ സംബന്ധിച്ച് നല്ലൊരു വിവരണം നമുക്ക് ലഭിച്ചു. ആദ്യകാലഘട്ടത്തിൽ അവർ യഥാർത്ഥ ക്രിസ്ത്യാനികളും അവരുടെ വിശ്വാസത്തിലും പ്രവൃത്തിയിലും സ്വാത്വികരുമായിരുന്നു. പിന്നീട് അവർക്ക് രാഷ്ട്രീയ മേധാവിത്വം കൈവന്ന കാലഘട്ടങ്ങളിൽ ആദ്ധ്യാത്മിക ചിന്തകൾ അവർക്ക് കൈമോശം വന്നുവെങ്കിലും പൂർണ്ണമായും അവർ അതിനെ കൈവെടിഞ്ഞിട്ടുണ്ടായിരുന്നില്ല. യേശുവിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങൾ അല്പമാത്രമാണെങ്കിലും അവരിൽ നിലനിന്നിരുന്നു.

ഗുഹാവാസികളുടെ സംഭവങ്ങൾ ശേഷം മൂസാനബിയുടെ ആത്മീയ പ്രയാണത്തെക്കുറിച്ചുള്ള ഭാഗമാണ് ഖുർആൻ വിവരിച്ചത്. അതു മുഴുക്കെ റസൂൽ തിരുമേനിയുടെ ആഗമനത്തെ പറ്റിയുള്ള പ്രതീകാത്മക വിവരണങ്ങളാണ്. ക്രിസ്ത്യാനികളുടെ ഒന്നാമത്തെ രാഷ്ട്രീയമായ ഉയർച്ചയുടെ കാലഘട്ടത്തിന്റെ അവസാനമായിരുന്നു അത്. റസൂൽ തിരുമേനി (സ:അ) യുടെ ആവിർഭാവത്തിന് ദീർഘകാല ശേഷം ക്രിസ്ത്യാനികളുടെ രണ്ടാമത്തെ ഏറ്റവും വലിയ ഉയർത്തെഴുന്നേൽപ് ഉണ്ടാകും. അപ്പോൾ അവർ ആത്മീയമായി ഒരു മരണം വരിച്ചിട്ടുണ്ടാകും. എന്നാൽ ക്രിസ്ത്യാനികൾക്ക് ഈ ആത്മീയ അധഃപതനത്തിൽ നിന്നുള്ള മോചനത്തിന് റസൂൽ തിരുമേനി (സ:) സ്വീകരിക്കുകയല്ലാതെ മറ്റൊരു പോം വഴി ഇല്ല. ആദ്ധ്യാത്മികമായ അവരുടെ മരണവും രാഷ്ട്രീയമായ അവരുടെ നവോത്ഥാനവും അഭിവൃദ്ധിയും യഅ്ജൂജ് മഅ്ജൂജ് (ഗോഗ് മഗോഗ്)ന്റെ ശീഘ്ര പുറപ്പാടായി വേദഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ആ ഭാഗവും ഈ സൂറായുടെ മറ്റു സംഭവങ്ങളെ പോലെ തന്നെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. രാഷ്ട്രീയമായി ചിന്തിക്കുമ്പോൾ ഗോഗ് മെഗോഗും (യഅ്ജൂജ് മഅ്ജൂജും) ദുൽഖർനൈനും പരസ്പര പൂരകങ്ങളും അവിഭാജ്യവുമാണ്. അതിനെ വിഛേദിക്കാൻ പറ്റില്ല. അതുകൊണ്ടാണ് ദുൽഖർനൈനിന്റെ ഒരു ചെറിയ ചരിത്രം ഇവിടെ വിവരിക്കേണ്ടി വന്നത്.

ഗോഗ് മെഗോഗിനെ സംബന്ധിച്ച് പറയുമ്പോൾ അവർ ഏഷ്യയുടെ ഏറ്റവും വടക്ക് പടിഞ്ഞാറു ഭാഗത്ത് കിഴക്കൻ യൂറോപ്പിൽ താമസിച്ചുവരുന്ന ചില ഗോത്രക്കാരാണ്. ഏഷ്യക്കാരുടെ വളക്കൂറുള്ള ഭൂമി അവരെ ഏഷ്യയുടെ തെക്ക് ഭാഗത്തേക്കും, തെക്ക് പടിഞ്ഞാറുഭാഗത്തേക്കും അധിനിവേശം നടത്താൻ പ്രേരിപ്പിച്ചു. വാസ്തവത്തിൽ ഗോഗ് മഗോഗിന്റെ ഈ കടന്നുകയറ്റം വിജയിച്ചില്ല. അത് വിജയിച്ചിരുന്നുവെങ്കിൽ ലോകത്തിന്റെ ചരിത്രം തന്നെ തിരുത്തിയെഴുതേണ്ടി വരുമായിരുന്നു. അതായത് ഏഷ്യൻ ജനതയുടെ മത സാംസ്കാരിക ജീവിതത്തെ അത് മറ്റൊന്നാക്കി തീർക്കുമായിരുന്നു. അവരുടെ മുമ്പു ആര്യന്മാരുടെ അധിനിവേശം ഈ ദേശത്തിന്റെ ചരിത്രഗതി മാറ്റിയതു നാം കണ്ടതാണ്. പക്ഷേ, ഇവരുടെ ഈ കടന്നുകയറ്റത്തെ ദുൽഖർ നൈൻ ഫലപ്രദമായി തടഞ്ഞു നിർത്തി. അങ്ങനെ ഗതി തട

യപ്പെട്ട ഈ ജനത പിന്നീട് കൂടുതലായി യൂറോപ്പിലെ പല ഭാഗങ്ങളിലും അധിവാസമുറപ്പിക്കുകയാണുണ്ടായത്. ദുൽ ഖർനൈൻ വലിയൊരു മതിൽ സ്ഥാപിച്ചു കൊണ്ടാണ് ഇവരെ പ്രതിരോധിച്ചത്. ഈ മതിൽ കാരണം ഈ അധിനിവേശ ശക്തി വടക്കൻ ഏഷ്യയുടെയും യൂറോപ്പിന്റെയും മദ്ധ്യത്തിൽ കഴിയേണ്ടി വന്നു. അവിടെ അവർ ക്രിസ്ത്യാനിറ്റിയുമായി ബന്ധപ്പെടുകയും ക്രിസ്തുമതം സ്വീകരിക്കുകയും ചെയ്തു. ആ മതം അവരുടെ രാജ്യത്തിന്റെ മതമായും അവർ അംഗീകരിച്ചു. ഈ ജനതയുടെ ആർത്തി പൂണ്ട ചൂഷണദൃഷ്ടി ഏഷ്യൻ രാജ്യങ്ങളിലെ ഫലഭൂയിഷ്ടമായ ഭൂമിയിൽ തന്നെ തങ്ങിനിന്നു. തരം കിട്ടുമ്പോൾ പ്രസ്തുത ഭൂപ്രദേശങ്ങൾ പിടിച്ചടക്കാൻ അവർ ആഗ്രഹിച്ചു. പക്ഷെ അവരുടെ ആഗ്രഹങ്ങളെല്ലാം വെറും മോഹങ്ങളിൽ ഒതുങ്ങി. അവർക്ക് ദുൽഖർ നൈൻ സ്ഥാപിച്ച തടസ്സങ്ങൾ കയറി മറിയാൻ സാധിച്ചില്ല. ഇവരുടെ ഈ അധിനിവേശ ദുർമോഹങ്ങൾ ഈ കഴിഞ്ഞ മൂന്നു നൂറ്റാണ്ടുകളായി ഗണ്യമായി വിജയിക്കുകയുണ്ടായി. അതായിരുന്നു ഇന്ത്യയടക്കമുള്ള ഏഷ്യൻ രാജ്യങ്ങളിലെ പാശ്ചാത്യ രാജ്യങ്ങളുടെ കോളനി വത്ക്കരണം.

യഅ്ജൂജ് മഉ്ജൂജ് (ഗോഗ് മഗോഗ്)ന്റെ മറ്റൊരു മുഖം ദജ്ജാലിന്റെതാണ്. അതു അവരുടെ മതപരമായ മുഖമാണ്. ഈ ശക്തികളുടെ അതിപ്രസരവും മത സാംസ്കാരിക പ്രദൂഷണവും മനുഷ്യസമൂഹങ്ങളിൽ ആത്മീയമായ വലിയ ദുരന്തം തന്നെ സംജാതമാക്കി. അങ്ങനെ ദജ്ജാലിന്റെ കടന്നുകയറ്റത്തിനു ലോകജനത കുറിമാനമായി. നാം മുകളിൽ കണ്ടതുപോലെ വിശുദ്ധ ഖുർആന്റെ വെളിച്ചത്തിൽ യഅ്ജൂജ് മഅ്ജൂജിന്റെ (ഗോഗ് മഗോഗ്) അതിവ്യാപനം ഭൗതികമായ നിലയിൽ ദുൽഖർ നൈൻ തടഞ്ഞുനിർത്തുകയുണ്ടായി. ഇപ്പോൾ യഅ്ജൂജ് മഉ്ജൂജ് ദജ്ജാലിന്റെ വേഷത്തിലാണ് രണ്ടാമതും രംഗപ്രവേശം നടത്തിയിരിക്കുന്നത്. അപ്പോൾ ആത്മീയമായി അതിനെ നേരിടാൻ മറ്റൊരു ദുൽഖർനൈനിന്റെ ആവശ്യകതയുണ്ട്. അതാണ് വിശുദ്ധ ഖുർആൻ ദുൽഖർ നൈനിന്റെ സംഭവത്തിൽ കൂടി നമ്മെ മനസ്സിലാക്കിത്തരുന്നത്.

ആരാണ് ഈ ദുൽഖർ നൈൻ? ബി. സി. 560 മുതൽ 529 വരെ പേർഷ്യ, മീദിയ എന്നീ രണ്ട് രാജ്യങ്ങൾ ഭരിച്ചിരുന്ന അതിപ്രഗൽഭനും വിശ്വജേതാവുമായ ഒരു ചക്രവർത്തിയായിരുന്നു സൈറസ്. അദ്ദേഹത്തെയാണ് ഖുർആനിൽ ദുൽഖർ നൈൻ ആയി വിവരിച്ചിരിക്കുന്നത്. ഖുർആൻ ഒരു ചരിത്രഗ്രന്ഥമല്ല. കഴിഞ്ഞു പോയ സംഭവങ്ങൾ വിവരിക്കുക എന്ന കേവല ധർമ്മമല്ല ഖുർആൻ ഇവിടെ നിർവ്വഹിക്കുന്നത്. മറിച്ച് ആ കഥ ഇവിടെ ഉദ്ധരിച്ചത് വിശുദ്ധ ഖുർആൻ പ്രതിപാദിക്കുന്ന ഒരു പ്രമേയത്തിന്റെ ചരിത്രനിദർശനം എന്ന നിലക്കാണ്. ആവർത്തന സ്വഭാവമുള്ള അതിലെ ചരിത്ര തത്വങ്ങൾ ഭാവിയിൽ സംഭവിക്കാനുള്ള ഒരുപാടു പ്രവചനങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നു. അതായത് ഗോഗ് മഗോഗിന്റെ ദജ്ജാലീ പരിവേശമുള്ള വിനാശകരമായ രണ്ടാം ഉത്ഥാനം സംഭവിക്കുമെന്നും അതിനെ പ്രതിരോധിക്കാൻ ദൽഖർനൈന് സമാനനായ ഒരു പരിഷ്കർത്താവ് ഭാവിയിൽ അവതരിക്കുമെന്നും ഈ വിവരണം സൂചിപ്പിക്കുന്നു. ലോകപരിഷ്കർത്താവായ ആ മഹാത്മാവ് ഭാവിയിൽ അവതരിക്കേണ്ട മഹാനുഭാവനാണ്. ആ അവതരണം നമ്മുടെ ഈ കാലഘട്ടത്തിൽ തന്നെയാണ്. മുസ്‌ലിം ആധികാരികഗ്രന്ഥങ്ങൾ അദ്ദേഹത്തെ പറ്റി വാഗ്ദത്ത മഹ്ദീ മസീഹാണെന്നു നമ്മെ പരിചയപ്പെടുത്തുന്നു. (ബുഖാരി, മുസ്‌ലിം). ഭൗതികവും ആത്മീയവുമായ തലങ്ങളുള്ള ഈ കഥ വളരെ ശ്രദ്ധയോടെ അപഗ്രഥിച്ചു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ബൈബിളിൽ ദാനിയേൽ പ്രവാചകന്റെ സ്വപ്നത്തിൽ രണ്ടുകൊമ്പുള്ള ആണാടായി ദർശിച്ചത് മേദ്യ പേർഷ്യൻ രാഷ്ട്രത്തിന്റെ സ്ഥാപകനായ രാജാവിനെയാണ് പ്രതിനിധാനം ചെയ്യുന്നത്. "ആണാട് പടിഞ്ഞാറോട്ടും വടക്കോട്ടും തെക്കോട്ടും ഇടിച്ചിടിച്ച് മുന്നേറുന്നതു ഞാൻ കണ്ടു. ഒരു ജന്തുവിന്നും അതിനെ ചെറുത്തു നിൽക്കാനായില്ല. അതിന്റെ ശക്തിയിൽ നിന്ന് അഭയം നൽകാൻ ആർക്കും കഴിഞ്ഞില്ല. അതു തന്നിഷ്ടം പ്രവർത്തിച്ചു വമ്പ് കാട്ടി (ഡാനിയൽ 8:4) ഡാനിയൽ പ്രവാചകന്റെ ഈ ദർശനത്തെ ന്യായീകരിക്കുമാറ് വിശുദ്ധ ഖുർആനിൽ ദുൽഖർ നൈനിന്റെ മൂന്ന് യുദ്ധ മുന്നേറ്റങ്ങൾ വിവരിക്കുന്നുണ്ട്. (വചനം 87, 91, 94). പേർഷ്യൻ, മേദ്യ രാജാവായ സൈറസ് രാജാവാണ് ദുൽഖർ നൈൻ എന്ന് വിശുദ്ധ ഖുർആനിന്റെ വിവരണത്തിൽ നിന്നും മനസ്സിലാകുന്നു.

സൈറസ് തന്റെ പിതാവിന്റെ മരണശേഷം പേർഷ്യയുടെ രാജാവായി. അതിനുശേഷം മേദിയായെ അദ്ദേഹം അധീനപ്പെടുത്തി. അതാകട്ടെ പേർഷ്യയെക്കാൾ വിസ്തീർണ്ണമുള്ളതും ആയിരുന്നു. ഇതും ഡാനിയൽ പ്രവാചകന്റെ പ്രവചനത്തിന്റെ രണ്ടാം ഭാഗമാണ്. "ഇതാ ഒരു ആണാട് നദീതീരത്തു നിൽക്കുന്നു. അതിന്ന് രണ്ടു കൊമ്പുണ്ടായിരുന്നു. രണ്ടു നീണ്ട കൊമ്പുകൾ. എന്നാൽ ഒന്ന് മറ്റേതിനേക്കാൾ നീളമേറിയതായിരുന്നു. നീളമേറിയ കൊമ്പാണ് അവസാനമുള്ളത്. (ഡാനിയൽ 8:3)

വിശുദ്ധ ഖുർആൻ ദുൽഖർ നൈനനെ സംബന്ധിച്ചു 4 വിശേഷണങ്ങളാണ് പറയുന്നത്. (1) അദ്ദേഹം അല്ലാഹുവിന്റെ ഭക്തനായ ഒരു സേവകനും ദൈവത്തിന്റെ ദിവ്യ ഭാഷണങ്ങളാൽ അനുഗൃഹീതനുമാണ് (വച. 87, 92 + 99) (2) അദ്ദേഹം വളരെ കൃപയുള്ള ഭരണാധികാരിയും വളരെ പ്രഗത്ഭനായ പടയോട്ടക്കാരനുമായിരുന്നു. അദ്ദേഹം പിടിച്ചടക്കിയ രാജ്യത്തുള്ളവരോടു വളരെ രമ്യതയിൽ വർത്തിക്കുന്നവനുമായിരുന്നു. (വച. 85, 89) (3) അദ്ദേഹം പടിഞ്ഞാറുഭാഗം പടയോട്ടം നടത്തുകയും പ്രധാനപ്പെട്ട സ്ഥലങ്ങളെല്ലാം പിടിച്ചടക്കുകയും അങ്ങനെ അദ്ദേഹം സൂര്യൻ അസ്തമിക്കുന്ന സ്ഥാനത്ത് എത്തുകയും

ജറുസലേമിൽ അവന്ന് ഒരു ആലയം നിർമ്മിക്കാൻ അവൻ എന്നെ ചുമതലപ്പെടുത്തിയിരിക്കുന്നു'' ഇതു കൂടാതെ മേൽ എഴുതിയ യെശയ്യാവ് 45: 1 മുതൽ 3 വചനം വരെ ചേർത്തു വായിക്കുക. ഇതുകൂടാതെ ചരിത്രവും അദ്ദേഹത്തിന്റെ കഴിവുകളേയും അദ്ദേഹം പിടിച്ചടക്കിയ രാജ്യങ്ങളുടെ വിസ്തീർണ്ണവും മറ്റും നമുക്ക് പറഞ്ഞു തരുന്നുണ്ട്. അദ്ദേഹത്തിന്റെ സാമ്രാജ്യം മുഴുക്കെ അദ്ദേഹത്തിന് കാണാൻ പറ്റിയിട്ടില്ല. അതേപോലെ അദ്ദേഹത്തിന്റെ പ്രജകളെയും. കാരണം അത്രക്ക് വിസ്തീർണ്ണമുള്ളതാണെന്നു അർത്ഥം. ആ സ്വാത്വികനായ രാജാവിന്റെ ഭരണം അദ്ദേഹത്തിന്റെ ഭരണീയർ വളരെ ഇഷ്ടപ്പെട്ടതായും ചരിത്രം പറയുന്നു. 'Historians history of the world - under 'Cyrus' എന്ന ശീർഷകത്തിൽ ഇത് വളരെ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

മറ്റൊരു സവിശേഷത വിശുദ്ധ ഖുർആൻ അദ്ദേഹത്തെപറ്റി പറഞ്ഞു തരുന്നതു അദ്ദേഹം കിഴക്കും പടിഞ്ഞാറുമുള്ള വിശാലമായ എല്ലാ രാജ്യങ്ങളും അദ്ദേഹത്തിന്റെ കൊടിക്കീഴിലാക്കിയ ചരിത്രമാണ്. ചരിത്രത്തിൽ നിന്നും സൂര്യപ്രകാശം പോലെ മനസ്സിലാകുന്ന ഒരു സത്യമാണ് സൈറസ് വിവരണാതീതമായ വിശാലമായ സാമ്രാജ്യത്തിന്റെ അധിപനായിരുന്നു എന്നത്. അദ്ദേഹത്തിന്റെ സാമ്രാജ്യത്തിന്റെ വ്യാപ്തി പടിഞ്ഞാറ് കരിങ്കടൽ വരെയും കിഴക്ക് അഫ്ഘാനിസ്ഥാൻ, സമർക്കണ്ട്, ബുഖാറാ വരെയും നീണ്ടുകിടക്കുന്നു. പേർഷ്യാ, മേദിയ എന്നീ രണ്ട് സാമ്രാജ്യങ്ങളുടെ അധിപനായിരുന്നു അദ്ദേഹം.

അയാളുടെ മുമ്പാകെ ജനതകളെ കീഴ്പ്പെടുത്താനും രാജാക്കന്മാരുടെ അരപ്പട്ട അഴിപ്പിക്കാനും അയാളുടെ മുമ്പാകെ കവാടങ്ങൾ അടക്കപ്പെടാതെ കതകുകൾ തുറന്നിടാനും ഞാൻ അയാളുടെ വലതുകൈയ്യിൽ പിടിച്ചിരിക്കുന്നു. - മലഞ്ചെരുവുകൾ നിരപ്പാക്കി കൊണ്ടു അവൻ നിന്റെ മുമ്പേ പോകും. ഓടുകൊണ്ടുള്ള വാതിലുകൾ ഞാൻ തകർക്കും. ഇരുമ്പുസാക്ഷകൾ നാം വെട്ടിമുറിക്കും. നിന്നെ പേർ ചൊല്ലി വിളിക്കുന്നവനും ഇസ്രായേലിന്റെ ദൈവമായ കർത്താവാണ് ഞാനെന്ന് നീ അറിയേണ്ടതിന്ന്....." ഇതു കൂടാതെ എബ്രാ എസ്രാ 1:1–2 ദിനവൃത്താന്തം 36:22, 23 എന്നീ വചനങ്ങളിലും സൈറസ് ചക്രവർത്തിയെ പറ്റി പരാമർശിച്ചിട്ടുണ്ട്.

ജൂയിഷ് എൻസൈക്ലോപീഡിയ വോ. 4 പേ. 404 എൻസൈക്ലോ പീഡിയ ബൈബിൾ വോ. 1 പേ. 980 ബൈബിളിന്റെ പാഠമനുസരിച്ച് യഹോവ അദ്ദേഹത്തെ സ്നേഹിതൻ എന്നും ആട്ടിടയൻ എന്നും, ദൈവസായൂജ്യത്തിനായി എന്തും ചെയ്യുന്നവനെന്നും വിശേഷിപ്പിച്ചിരിക്കുന്നു. ദൈവസാമീപ്യം പ്രാപിച്ച വരിഷ്ടദാസൻ എന്നതിന്ന് പുറമെ വിശുദ്ധ ഖുർആൻ അദ്ദേഹത്തെ വലിയ സാമ്രാജ്യത്തെ കീഴടക്കുന്നവനെന്നും വലിയ സാമ്രാജ്യങ്ങളുടെ ഭരണകർത്താവെന്നും വിശേഷിപ്പിക്കുന്നു. ഇതു സംബന്ധമായും ബൈബിൾ പറയുന്നുണ്ട്. എസ്രാ 1:2–ൽ ഇങ്ങനെ കാണുന്നു. ''പേർഷ്യൻ രാജാവായ സൈറസ് പ്രഖ്യാപിക്കുന്നു. സ്വർഗ്ഗത്തിലെ ദൈവമായ കർത്താവ് ഭൂമിയിലെ എല്ലാ രാജ്യങ്ങളും എനിക്ക് നൽകിയിരിക്കുന്നു. യഹൂദായിലെ

അതു ഇരുണ്ട ജലാശയത്തിൽ അസ്തമിക്കുകയും ചെയ്യുന്നതായി കാണുകയും ചെയ്തു. പിന്നീട് അദ്ദേഹം കിഴക്ക് ഭാഗത്തേക്ക് തിരിഞ്ഞു അവിടെയും അദ്ദേഹം പ്രധാന സ്ഥലങ്ങളെല്ലാം കീഴടക്കി (വച. 85, 87, 88, 89) (4) പിന്നീടദ്ദേഹം മദ്ധ്യത്തിൽ കൂടി പടയോട്ടം നടത്തി അവിടെ അപരിഷ്കൃതരായ ഒരു ജനതയെ കണ്ടു. ആ ഭാഗങ്ങളിൽ യഅ്ജൂജ് മഅ്ജൂജ് (ഗോഗ് മഗോഗ്) ബലം പ്രയോഗിച്ചു കടക്കുകയും ചെയ്തിരുന്നു. അവിടെ അദ്ദേഹം വലിയൊരു മതിൽ നിർമ്മിച്ചുകൊണ്ട് അവരുടെ കടന്നുകയറ്റത്തിന് അറുതിവരുത്തി (വച. 94,98).

വിശുദ്ധ ഖുർആന്റെ മേൽ വിവരിച്ച വിവരണങ്ങളിൽ നിന്നു പ്രസ്തുത ദുൽഖർനൈൽ പ്രാചീന പേർഷ്യയുടേയും മേദ്യയുടേയും രാജാവായ സൈറസ് ചക്രവർത്തിയായിരുന്നു എന്ന് മനസ്സിലാവുന്നു. പേർഷ്യൻ സംസ്കാരത്തിന്റെ പിതാവായി അറിയപ്പെടുന്ന സൈറസ് ഒരു മഹത്തായ സാമ്രാജ്യത്തിന്റെ സ്ഥാപകനാണ്. വെറുമൊരു ലൗകിക ഭരണാധികാരി മാത്രമായിരുന്നില്ല. ദൈവത്തിന്റെ ഭാഷണം ശ്രവിക്കുന്ന സാത്വികനായ ഒരു ദൈവഭക്തനും കൂടിയായിരുന്നു ദുൽഖർനൈൻ അഥവാ സൈറസ്.

അദ്ദേഹത്തെപറ്റി ഖുർആൻ മനസ്സിലാക്കിത്തരുന്ന പ്രധാന അടയാളം അദ്ദേഹം ദൈവത്തിന്റെ ഭാഷണം ലഭിക്കുന്ന ഒരു വരിഷ്ട ദാസനായിരുന്നുവെന്നുള്ളത് പ്രസ്തുത വ്യക്തിത്വം സൈറസ് രാജാവാണെന്ന് ഗ്രഹിക്കാവുന്നതാണ്. ഇതു സംബന്ധിച്ചു ബൈബിളും ആ അഭിപ്രായത്തോടു യോജിക്കുന്നു. യെശയ്യാ 44:28ൽ 'സൈറസിനെക്കുറിച്ച് ''അയാൾ എന്റെ ഇടയൻ എന്റെ ലക്ഷ്യം മുഴുവൻ നിറവേറ്റുന്നവൻ" എന്നും ജറുസലേമിനെക്കുറിച്ചു 'അതു പുതുക്കി പണിയപ്പെടും' എന്നും ദേവാലയത്തെ പറ്റി "നിന്റെ അസ്ഥിവാരം സ്ഥാപിക്കപ്പെടും എന്നും പറയുന്നവൻ ഞാനാകുന്നു.' തുടർന്നു യെശയ്യാ 45: 1–4 "കർത്താവ് തന്റെ അഭിഷിക്തനായ സൈനികരോട് അരുൾ ചെയ്യുന്നു.

*(തുടരും)*

### ദുആ

ഒരു പിടി മണ്ണിനെ പൊൻകട്ടയാക്കിമാറ്റുന്ന രാസപ്രക്രിയ യത്രെ ദുആ അഥവാ പ്രാർത്ഥന. അതു ആന്തരീയ മാലിന്യങ്ങളെയെല്ലാം കഴുകി കളയുന്ന ഒരു തരം ജലമാകുന്നു. ആ ദുആയോടൊപ്പം ആത്മാവ് ഉരുകുന്നു. വെള്ളം കണക്കെ അതു ഒഴുകി ആ ഏകതാവിലാസത്തിന്റെ തിരുസന്നിധാനത്തിൽ ചെന്നു വീഴുന്നു.

*ഹദ്റത്ത് അഹ്മദ് (അ)*

ലേഖനം

# സിയോണിസത്തിന്റെ ആവിർഭാവം

ഏ.എം. മുഹമ്മദ് സലീം

✍

**യൂറോപ്പിലെ ദേശീയതയിൽ നിന്നും ആവേശം ഉൾക്കൊണ്ട യഹൂദികൾ തങ്ങളുടെ മതാധിഷ്ഠിത ദേശീയതക്ക് രൂപം നൽകി. യഹൂദികളുടെ ആത്മീയമായ സിയോൺ പ്രേമം സിയോണിസ്റ്റുകൾ രാഷ്ട്രീയ യാഥാർത്ഥ്യമാക്കി മാറ്റുകയായിരുന്നു.**

✍

ഫ്രഞ്ച് വിപ്ലവത്തിന് ശേഷം യഹൂദ സമുദായത്തിന് യൂറോപ്പിൽ തുല്യ പൗരത്വം അംഗീകരിക്കപ്പെട്ടു. ഫ്രഞ്ച് വിപ്ലവം പരാജയമായിരുന്നുവെങ്കിലും പിന്നീട് യൂറോപ്പ് മതപരമായ ശാക്തീകരണത്തിലേക്കും ഫ്യൂഡൽ അധികാരഘടനയിലേക്കും തിരിച്ചുപോയില്ല. പകരം ദേശീയത ശക്തിപ്പെടുകയാണുണ്ടായത്. പത്തൊമ്പതാം നൂറ്റാണ്ടിലാകമാനം യൂറോപ്പിൽ ദേശീയ രാജ്യങ്ങൾ ഉദയം ചെയ്യുകയായിരുന്നു. യൂറോപ്യൻ സമൂഹത്തിൽ നിന്നും വിമോചിതരായ (Emancipation) യഹൂദികൾ ദേശീയ ധാരയിലേക്ക് സ്വാംശീകരിക്കപ്പെട്ടു. (Assimilate) യൂറോപ്യൻ സമൂഹത്തിന്റെ രാഷ്ട്രീയമായ സത്വരൂപീകരണം യഹൂദ സമുദായത്തേയും ആവേശഭരിതരാക്കുകയുണ്ടായി. പൗരാവകാശങ്ങൾ വകവെച്ചു കൊണ്ടുള്ള പുതിയ ദേശീയത യഹൂദരുടെ ദുരിതപൂർണ്ണമായ ചരിത്ര ഭാഗധേയത്തിന് ഏറെക്കുറേ ശമനം കൈവരുത്തി.

ഈ മതപരമായ പക്ഷപാതിത്വങ്ങളില്ലാത്ത ദേശീയതയുടെ വസന്തകാലം യൂറോപ്പിലെ യഹൂദികൾ തുടക്കത്തിൽ ആത്മാർത്ഥമായി സ്വാഗതം ചെയ്തു. പക്ഷേ സെമിറ്റിക് വിരോധത്തിന്റെ ഇരുണ്ട നൂറ്റാണ്ടുകൾ യഹൂദമനസ്സിനെ വേട്ടയാടിക്കൊണ്ടിരുന്നു. യഹൂദവിദ്വേഷത്തിന്റെ സുനാമി തരംഗങ്ങൾ ഏത് നേരമാണ് ക്രിസ്ത്യൻ യൂറോപ്പിൽ പൊട്ടിപ്പുറപ്പെടുക എന്നത് അപ്രവചനീയമായിരുന്നു. യൂറോപ്യൻ സമൂഹം ദേശീയ രാഷ്ട്രങ്ങളായി മാറിക്കൊണ്ടിരിക്കുമ്പോൾ ലോകത്തിലെ ഏതൊരു ജനവിഭാഗത്തേക്കാളും ഗോത്രബോധം ഗ്രസിച്ചിരുന്ന യഹൂദികളുടെ ദേശീയ ബോധത്തിന് തീപിടിക്കാൻ അധികം താമസമുണ്ടായില്ല. തങ്ങളുടെ സുരക്ഷയ്ക്ക് വേണ്ടിയുള്ള ഒരു രക്ഷാഗേഹത്തെപറ്റി യൂറോപ്പിന്റെ പുതിയ പശ്ചാത്തലത്തിൽ യഹൂദികൾ ചിന്തിച്ചുതുടങ്ങി. യഹൂദദേശീയതയ്ക്ക് അനുകൂലമായ ശക്തമായ ഒരു വൈകാരിക പശ്ചാത്തലം യഹൂദി സമുദായത്തിനുണ്ടായിരുന്നു. ആദ്യത്തിൽ തികച്ചും മതപരവും തീർത്ഥാടനപരവുമായ ഒരു അദ്ധ്യാത്മിക പ്രസ്ഥാനമായിരുന്നു സിയോണിസ്റ്റ് പ്രസ്ഥാനം. ജെറുസലേമിന്റെ പര്യായമായി യഹൂദസാഹിത്യത്തിൽ ഉപയോഗിക്കപ്പെട്ട സിയോണിനെ കേന്ദ്രമാക്കിയുള്ള ഈ മതകീയ ബോധത്തെ യഹൂദദേശീയതയുടെ വക്താക്കൾ ഒരു രാഷ്ട്രീയ യാഥാർത്ഥ്യമാക്കിമാറ്റുവാൻ ഉപയോഗിച്ചു. സിയോണിസ്റ്റ് പ്രസ്ഥാനത്തിന് അദ്ധ്യാത്മികമായ ഒരു പ്രാഗ് ഘട്ടവും ദേശീയവും രാഷ്ട്രീയവുമായ ഒരു ദ്വിതീയ ഘട്ടവുമുണ്ട്.

## മതകീയ സിയോണിസം

ഏതൊരു മതസമൂഹത്തിനും അതിന്റെ ഉറവിട ദേശവുമായി ഒരു പൊക്കിൾക്കൊടി ബന്ധമുണ്ട്. ആത്മീയതയുടെ ഈ പ്രാക്തന വിശുദ്ധിയിലാണ് പുണ്യസ്ഥലികളും തീർത്ഥാടന കേന്ദ്രങ്ങളും സൃഷ്ടിക്കപ്പെടുന്നത്. എല്ലാ മതങ്ങൾക്കും അവരുടെ മതപുരുഷൻ ജന്മം കൊണ്ടതും ജീവിച്ചതുമായ ദേശം ആ മതാനുയായികളുടെ വിശുദ്ധ സ്മരണകൾക്ക് ചൈതന്യം പകരും. ആ മതപുരുഷന്റെ പദപങ്കജങ്ങൾ സ്പർശിച്ച കല്ലും മണ്ണും വിശ്വാസികളുടെ ഹൃദയത്തിൽ ദിവ്യാനുഭൂതികൾ സൃഷ്ടി

ക്കുന്നു. സർവ്വലോകസ്രഷ്ടാവും പരിപാലകനും രക്ഷിതാവുമായ ദൈവവുമായി അവന്റെ വിനീത ദാസൻ സംവദിച്ച ദേശം അങ്ങനെ പവിത്രീകരിക്കപ്പെടുന്നു. തീർച്ചയായും ജറുസലേമിന്ന് യഹൂദമതവുമായുള്ള ബന്ധവും അത്തരത്തിലുള്ളതായിരുന്നു. മുസ്‌ലിംകൾക്ക് മക്കയുമായും, ക്രിസ്ത്യാനികൾക്ക് ജറുസലേമുമായും, ഹിന്ദുക്കൾക്ക് മഥുരയും അയോദ്ധ്യയുമായും, ബുദ്ധമതക്കാർക്ക് കപിലവസ്തുവുമായും ഉള്ള ബന്ധവും ഇതു തന്നെയാണ്. അതൊരു അധികാര ശക്തിയുടെ കേന്ദ്രവും രാഷ്ട്രീയ ലക്ഷ്യങ്ങളുടെ ആസ്ഥാനമായും കാണുന്നത് മതവിരുദ്ധവും ദൈവികതയുടെ നിഷേധവും മതമൗലികവാദവുമാണ്. സനാതന മൂല്യങ്ങളുടെ സാർവ്വ ജനീനമായ ആത്മീയ സ്രോതസ്സായാണ് അത്തരം പുണ്യസ്ഥലികളെ നാം കാണേണ്ടത്.

സിയോണിസം എന്നത് 'സിയോൺ' എന്ന ഒരു സ്ഥല നാമത്തിൽ നിന്നും നിഷ്പന്നമായതാണ്. ഫലസ്തീനിൻ തലസ്ഥാനമായ ജെറുസലേമിലെ ഒരു സ്ഥലനാമമാണത്. ബൈബിളിലെ 'സിയോൺ' എന്ന പദം വാസ്തവത്തിൽ ഒരു ഹിബ്രുപദമല്ല. സിയോൺ എന്ന പദത്തിന്റെ യഥാർത്ഥ അർത്ഥം അവ്യക്തമാണ്. സാധ്യമായ അർത്ഥം പാറ, ശക്തികേന്ദ്രം, ഉണങ്ങിയ സ്ഥലം എന്നൊക്കെയാണെന്നാണ് Religious Encyclopaedia 'സിയോണിസം' എന്ന ശീർഷകത്തിൽ പറയുന്നത്. ഈ പദം ബൈബിളിൽ ആദ്യമായി പ്രയോഗിക്കപ്പെട്ടത് ശമുവേൽ പുസ്തകത്തിലാണ്. 'രാജാവും (ദാവീദും) ആൾക്കാരും ജെറുസലേമിൽ എത്തി തദ്ദേശവാസികളായ യെബുസിയരെ നേരിട്ടു........ എന്നിട്ട് ദാവീദ് സിയോന്റെ കോട്ട പിടിച്ചെടുത്തു. അതാണ് ദാവീദിന്റെ നഗരം. (2 ശമുവേൽ 5:6,7). സിയോൺ കോട്ട യെബുസിയരുടേതാണെന്ന് ഇവിടെ ബൈബിൾ വ്യക്തമായും പറയുന്നു. അത് ഇസ്രയേൽ രാജാവായ ദാവീദ് പിടിച്ചെടുക്കുകയായിരുന്നു. സിയോൺ എന്ന പദവും ഒരു യെബൂസി പദമാണ്. പിന്നീട് കോട്ടയോടൊപ്പം ആ പദവും ഹിബ്രുവത്ക്കരിക്കപ്പെട്ടതാണ്. ആ കോട്ട നിന്നത് ജെറുസലേമിലായിരുന്നു. ജെറുസലേം പിന്നീട് ദാവീദിന്റെ ഇസ്രയേൽ രാജ്യത്തിന്റെ തലസ്ഥാനമായി. പിന്നീടുള്ള ബൈബിൾ വചനങ്ങളിൽ ജെറുസലേമിന്റെ പര്യായമായും സിയോൺ ഉപയോഗിക്കുകയുണ്ടായി. നാലായിരത്തോളം വർഷം പഴക്കമുള്ള യഹൂദ ചരിത്രത്തിൽ ദാവീദും മുൻഗാമിയായ ശൗലും, മകൻ സോളമനും കൂടി ഏകദേശം ഒരു നൂറ്റാണ്ടു കാലം മാത്രമേ ഇസ്രയേൽ രാജ്യം ഭരിച്ചിട്ടുള്ളൂ എന്ന കാര്യം നാം ഓർക്കണം. ഹ്രസ്വകാലം ഭരിച്ചിട്ടും ബൈബിൾ സൃഷ്ടിച്ച സർവ്വവ്യാപകമായ മിത്താണ് ഇസ്രായേൽ എന്ന പദം ഇത്ര വ്യാപകമായി ജനഹൃദയങ്ങളിൽ പതിയാൻ കാരണം. സോളമന് ശേഷം 12 ഗോത്രങ്ങളായി കഴിഞ്ഞ യഹൂദന്മാരെ അസീറിയ, ബാബിലോണിയ, പേർഷ്യ, ഇന്ത്യ, ഗ്രീക്ക് മുതലായ രാജ്യങ്ങളിലേക്ക് അടിമകളായി പിടിച്ചു കൊണ്ടുപോകുകയാണുണ്ടായത്. പേർഷ്യൻ അടിമത്ത കാലത്താണ് അവരിൽ ഏതാനും പേർ ജെറുസലേമിലേക്ക് മടങ്ങിവന്നത്. ബാക്കി പത്ത് ഗോത്രങ്ങളും ജെറുസലേമിലേക്ക് ഒരിക്കലും തിരിച്ചു വന്നിട്ടില്ല. ഇവരെയാണ് കാണാതെ പോയ പത്ത് ഇസ്രയേൽ ഗോത്രങ്ങൾ എന്നു പറയുന്നത്. നൂറ്റാണ്ടുകളുടെ അടിമത്തജീവിതം കൊണ്ട് പല ഇസ്രയേൽ ഗോത്രങ്ങളും തദ്ദേശീയ സംസ്കാരങ്ങളും ജനതകളുമായി ലയിച്ചു ചേർന്നിട്ടുണ്ട്. ആ കാണാതെ പോയ യഹൂദഗോത്രങ്ങളിൽപ്പെട്ടവരാണ് കശ്മീരികളും, അഫ്ഘാനികളും, ഉത്തരേന്ത്യയിലെ ചില ജനസമൂഹങ്ങളുമെന്ന് അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകരായ ഹദ്റത്ത് അഹ്മദ് (അ) തന്റെ 'മസീഹ് ഹിന്ദുസ്ഥാൻ മെ' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയ കാര്യം ഇവിടെ സ്മരിക്കട്ടെ.

ബാബിലോൺ പ്രവാസകാലത്താണ് സിയോണെ (ജെറുസലേം) ക്കുറിച്ചുള്ള ഗൃഹാതുരത്വപൂർണ്ണമായ ചിന്തകൾ ഇസ്റേലികൾ പുലർത്തിയതായിക്കാണാം. ഇതിഹാസ വർണ്ണനകളിൽ ഊതിപെരുപ്പിച്ച സിയോൺ പെരുമ സാധാരണ മതസാഹിത്യങ്ങളിൽ കാണാറുള്ള അത്യുക്തിയും അനുരക്തിയുടെയും പ്രകടനം മാത്രമാണ്. ബൈബിളിൽ ഇങ്ങനെ കാണാം "ബാബിലോണിലെ നദികൾക്കരികെ ഇരുന്ന ഞങ്ങൾ, സിയോണിനെക്കുറിച്ച് ഓർത്തപ്പോൾ കരഞ്ഞു.......അവർ പറയുകയാണ് : സിയോന്റെ ആ ഗാനങ്ങളിലൊന്ന് പാടികേൾപ്പിക്ക : 'കർത്താവിന്റെ ഗാനം അന്യദേശത്ത് ഞങ്ങൾ എങ്ങനെ പാടും? ജറുസലേമേ, നിന്നെ ഞാൻ മറക്കുന്നു എങ്കിൽ എന്റെ വലതു കൈയ്ക്ക് മറവി പറ്റട്ടെ'. (സങ്കീർത്തനം 137-155) ലോകത്തെങ്ങുമുള്ള യഹൂദികളെ പോലെ കേരളത്തിൽ തോമാശ്ളീഹ വരുന്നതിന് മുമ്പേ പുരാതനകാലം മുതൽ പാർത്തിരുന്ന യഹൂദരുടെ ഗാനങ്ങളിലും ഈ ജെറുസലേം സ്തുതി അഥവാ സിയോൺ പരാമർശം കാണാം. യഹൂദപാരമ്പര്യത്തിലുള്ള കേരളത്തിലെ ക്രിസ്ത്യാനികളുടെ റബ്ബാൻ പാട്ടിലും മാർഗ്ഗം കളിപ്പാട്ടിലും പാലും തേനുമൊഴുകുന്നതും ദൈവമിരിക്കുന്നതുമായ ജെറുസലേമിനെക്കുറിച്ചും അവിടെ ശലമോൻ രാജാവ് പണിത കോട്ടയെക്കുറിച്ചും പരാമർശമുണ്ട്. പുരാതനമായ ഒരു മാർഗ്ഗംകളിപ്പാട്ടു ഇങ്ങിനെയാണ്.

ആദിയെ മുൻപു ശലോമ്മോൻ ചമച്ച
ആലയം ഭാഷയിൽ കണ്ടൊരു ചോഴൻ
ആയതുപോൽതന്നെ നമ്മുക്കുമിങ്ങു
ആദരാലൊന്നു ചമക്കവേണം.
തേനൊടു പാലുമൊഴുകും നാട്
തേവരി പട്ടണമാകും ദേശം
തേറിയതിന്നു മേലില്ല ഭൂമി
ദൈവമിരിപ്പിടമെന്നും ചൊല്ലാം.

('കേരളഭാഷാഗാനങ്ങൾ' - മാർഗ്ഗം കളിപാട്ട് പ്രൊഫ. ബി. ആനന്ദക്കുട്ടൻ കേരള സാഹിത്യ അക്കാദ

മി. പേജ്. 270.)

ബൈബിളിലെ മിശിഹാ വിശ്വാസവുമായി കെട്ടു പിണഞ്ഞതാണ് സിയോൺ പ്രവേശന സങ്കല്പം. പാലും തേനും ഒഴുകിയിരുന്ന ദാവീദിന്റെ സിംഹാസനം പുന:സ്ഥാപിക്കാൻ പ്രകൃത്യാതീത മാർഗ്ഗേണ മിശിഹാ വരുമെന്നും മിശിഹാ വന്നതിനു ശേഷം ഇസ്രയേൽ സിംഹാസനത്തിൽ ആരുഢനാകുമെന്നുമാണ് യഹൂദികൾ അതിഗാഢമായി വിശ്വസിക്കുന്നത്. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് യേശു ജെറുസലേമിലെ ഇസ്രയേലിന്റെ മസീഹായി വന്നപ്പോൾ യഹൂദികൾ അദ്ദേഹത്തോട് ചോദിച്ചത് 'ദാവീദിന്റെ സിംഹാസനവും പാലും തേനുമൊഴുകുന്ന ഇസ്രയേൽ നാടെവിടെ? എന്നായിരുന്നു. യേശു: 'എന്റെ രാജ്യം ഐഹികമല്ല' എന്ന മറുപടി നൽകിയപ്പോൾ യഹൂദികൾ അദ്ദേഹത്തെ ക്രൂശിച്ച് കൊല്ലാൻ ശ്രമിക്കുകയുണ്ടായി. 1948-ൽ ഇസ്രയേൽ സ്റ്റേറ്റ് രൂപം കൊണ്ടപ്പോൾ യാഥാസ്ഥിതികരായ പല യഹൂദികളും അതിനെ എതിർത്തത് മിശിഹാ വരാതെ ഇസ്രയേൽ രാജ്യം സ്ഥാപിതമാകില്ല എന്ന മതപരമായ അടിയുറച്ച ബൈബിൾ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്.

ബൈബിളിലെ ഇത്തരം പരമാർശങ്ങളിൽ നിന്നാണ് ജെറുസലേമിലേക്കുള്ള തിരിച്ചുപോക്ക് എന്ന സങ്കല്പം സിയോണിസം വളർത്തിയെടുത്തത്. ഫ്രാൻസിലെ കമ്യൂണിസ്റ്റ് പാർട്ടി സൈദ്ധാന്തികരിലൊരാളും പിന്നീട് ഇസ്‌ലാം മതം സ്വീകരിച്ചയാളുമായ രജാഗരോഡി തന്റെ 'സയണിസം' എന്ന പുസ്തകത്തിൽ ഈ മതകീയ സയണിസത്തെ പറ്റി വിവരിക്കുന്നത് കാണുക.

"മതകീയ സയണിസത്തിനും രാഷ്ട്രീയ സയണിസത്തിനും തികച്ചും വ്യത്യസ്തമായ രണ്ടു ലക്ഷ്യങ്ങളാണുള്ളത്. അവ തമ്മിൽ യാതൊരു ആശയക്കുഴപ്പവുമുണ്ടാകേണ്ടതില്ല.....

യഹൂദ മതത്തിലെ അപൂർവ്വ ജ്ഞാനികളായ മിസ്റ്റിക്കുകൾ പ്രചരിപ്പിച്ചിട്ടുള്ള ഒന്നാണ് മതകീയ സയണിസം. രക്ഷകൻ വരുമെന്ന യഹൂദമതത്തിന്റെ പ്രതീക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നു അത്. ഈ വിശ്വാസമനുസരിച്ച് കാലത്തിന്റെ അവസാനത്തിൽ മിശിഹാ പ്രത്യക്ഷപ്പെടുകയും 'ഭൂമിയിലെ എല്ലാ കുടുംബങ്ങളും' (ഉല്പത്തി XIII:3) ദൈവരാജ്യത്തിലേക്ക് വിളിക്കപ്പെടുകയും മനുഷ്യരാശിക്ക് മുഴുവനും വേണ്ടി ദൈവരാജ്യം സ്ഥാപിതമാക്കുകയും ചെയ്യും. അബ്രഹാമിന്റേയും മോശയുടേയും കഥകൾ ഇന്നയിന്ന സ്ഥലങ്ങളിലാണ് അരങ്ങേറിയതെന്ന് ബൈബിളിൽ പറയുന്നുണ്ട്. ആ സ്ഥലങ്ങളായിരിക്കും ഈ ദൈവരാജ്യത്തിന്റെ കേന്ദ്രസ്ഥാനങ്ങൾ ('സയണിസം' രജാഗരോഡി. മലയാള വിവർത്തനം, ഐ.പി.എച്. പ്രസിദ്ധീകരണം. പേ. 15, 16).

മദ്ധ്യകാലഘട്ടത്തിലും ഈ സിയോൺ സ്തുതി യഹൂദ കവിതകളിൽ പ്രകടമായിരുന്നു. എ.ഡി. 1075-1140 ജീവിച്ച യഹൂദ ഹാവേലി എന്ന ജൂതകവിയുടെ 'ശയ്‌രി സിയോൺ' (സിയോൺ ഗീതങ്ങൾ) വളരെ പ്രശസ്തമാണ്. അതിൽ നിന്നുമുള്ള ഏതാനും വരികളാണിത്.

My heart is in the East and I am at the edge of the west.
How can I taste what I eat, how can I enjoy it (?).
How can I fulfill my dows and pledges, while
Zion is the domain of Edom (Christian crusaders)
and I am in the bonds of Arabia (ie Muslim Spain)

എന്റെ ഹൃദയം കിഴക്കാണ്. ഞാൻ പശ്ചിമ മുനമ്പിലും
എന്റെ ഭോജ്യങ്ങൾ എങ്ങനെ രുചികരമാവും?
എനിക്കതെങ്ങനെ ആസ്വാദ്യമാകും?
എന്റെ പ്രതിജ്ഞകളും ശപഥങ്ങളും എങ്ങനെ നിറവേറും?
സിയോൺ എദോമിന്റെ (ക്രിസ്തീയരുടെ) പരിധിയിലാണ്.
ഞാനോ അറേബ്യയുടെ (സ്പെയിൻ) പിടിയിലും.

ചുരുക്കത്തിൽ സിയോണിനോടുള്ള പ്രേമവും സിയോൺ പ്രവേശനവും മതപരമായ അർത്ഥത്തിലാണ് യഹൂദമതം താലോലിച്ചത്.

## ദേശീയതയുടെ സ്വാധീനവും പൊളിറ്റിക്കൽ സിയോണിസത്തിന്റെ ആവിർഭാവവും

മതേതരമായ ദേശീയതയെ അനുകൂലിച്ചതു കൊണ്ട് പൗരാവകാശങ്ങൾ സ്ഥാപിച്ചു കിട്ടിയ യഹൂദികൾ യൂറോപ്പിലെ ദേശീയ മുഖ്യധാരയിലേക്ക് സ്വാംശീകരിക്കപ്പെട്ടു. നവോത്ഥാനകാലത്ത് ആരംഭിച്ചതും പതിനെട്ടാം നൂറ്റാണ്ടിൽ പുഷ്ടിപ്പെട്ടതുമായ 'ഹസ്കലാത്ത്' എന്ന പരിഷ്കരണ പ്രസ്ഥാനം യഹൂദികളിൽ മതപരമായ വ്യക്തിത്വം മായ്ചുകളഞ്ഞ് പകരം സെക്കുലർ സംസ്കാരം പുഷ്ടിപ്പെടുത്തുകയുണ്ടായി. ഇത് യഹൂദരെ യൂറോപ്പിന്റെ പൊതുദേശീയതയുമായി അടുപ്പിച്ചു. സെക്കുലർ ദേശീയതയിൽ അത്യധികം ആകൃഷ്ടരായ യഹൂദന്മാർ സിയോൺ എന്ന പദം പോലും തങ്ങളുടെ പ്രാർത്ഥനാ പുസ്തകത്തിൽ നിന്നും എടുത്തു മാറ്റിയിരുന്നു. പശ്ചിമയൂറോപ്പിലാണ് ഈ അലിഞ്ഞുചേരൽ ഏറ്റവും കൂടുതൽ പ്രകടമായത്. മിശിഹായെ വിവരിക്കുന്ന അതേ ചമൽകാരത്തിലും ശൈലിയിലും യൂറോപ്പിലെ ദേശീയനേതാക്കന്മാരേയും ഭരണാധികാരികളേയും അവർ വിശേഷിപ്പിച്ചു. മതേതര ദേശീയതയോടുള്ള യഹൂദരുടെ ഈ ആഭിമുഖ്യം കുറച്ചുകാലമേ നിലനിന്നുള്ളൂ.

ദേശീയത എന്ന നവീന സാമൂഹ്യപ്രതിഭാസം അധികാര സ്വരൂപങ്ങളായി വിലസുന്ന കാഴ്ചകൾ യഹൂദരുടെ മതസാമൂഹ്യബോധത്തെ തട്ടിയുണർത്തി. യൂറോപ്പിനെ യഹൂദർക്ക് മുഴുവനും വിശ്വസിക്കാനും സാധ്യമല്ലായിരുന്നു. അതിരുകവിഞ്ഞ ഗോത്രാഭിമാനവും വംശീയ മനോഭാവും പുലർത്തിയിരുന്ന യഹൂദരുടെ മതസാമൂഹികബോധവും സങ്കുചിത വർഗ്ഗീയതയും പൊതു ദേശീയ ബോധത്തിൽ ഏറെക്കാലം അവരെ പിടിച്ചുനിർത്തിയില്ല.

സിയോണിസത്തിന്റെ വക്താക്കൾ സിയോൺ കേന്ദ്രിതമായ ഒരു യഹൂദ മത ദേശീയതക്ക് അണിയറയിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു.

പശ്ചിമയൂറോപ്പിലെ യഹൂദികളായിരുന്നു ദേശീയ ഉദാരവാദത്തിന്റെ ആനുകൂല്യങ്ങൾ അനുഭവിച്ചവർ. കിഴക്കൻ യൂറോപ്പിലെ യഹൂദികൾ പാശ്ചാത്യദേശത്തുള്ളത് പോലെ അത്ര എമാൻസിപ്പേഷന് (വിമോചനം) വിധേയമായിരുന്നില്ല. അവർ ദാരിദ്ര്യത്തിലും കഷ്ടപ്പാടിലുമായിരുന്നു കഴിഞ്ഞിരുന്നത്. വളരെയധികം യഹൂദ വിരോധം അനുഭവിച്ചവരുമായിരുന്നു. അവരിലാണ് യഹൂദ മതദേശീയതക്കും പൊളിറ്റിക്കൽ സിയോണിസത്തിനും കൂടുതൽ വേരോട്ടമുണ്ടായത്. ഈ രാഷ്ട്രീയ സിയോണിസത്തിന് വളരാനുള്ള എല്ലാ വൈകാരികവും മതപരവും സാമൂഹികവുമായ ഘടകങ്ങളും യഹൂദസമൂഹത്തിലുണ്ടായിരുന്നു. ആത്മീയതയിൽ നിന്നും രാഷ്ട്രീയ ദേശീയതയിലേക്ക് അതിനെ പരിവർത്തിപ്പിക്കേണ്ട ജോലി മാത്രമേ പൊളിറ്റിക്കൽ സിയോണിസത്തിന്റെ വക്താക്കൾക്കുണ്ടായിരുന്നുള്ളൂ. അരക്ഷിതമായ ക്രൈസ്തവ യൂറോപ്പിൽ യഹൂദരുടെ മാനസിക സ്വസ്ഥതക്ക് ഒരു ദേശീയ പ്രസ്ഥാനവും ദേശീയഗേഹവും ആവശ്യമാണെന്ന് പൊളിറ്റിക്കൽ സിയോണിസത്തിന്റെ വാക്താക്കൾ പ്രചാരണം നടത്തി.

പത്തൊമ്പതാം നൂറ്റാണ്ടിൽ സിയോൺ കേന്ദ്രമാക്കി നോവലുകളും കവിതകളും മറ്റു സാഹിത്യകൃതികളും രചിക്കപ്പെടാൻ തുടങ്ങി. അവ്റഹാം മാപ്പു (1808 -1867) എന്ന ആദ്യത്തെ ഹിബ്രു നോവലിസ്റ്റ് എഴുതിയ രണ്ട് നോവലുകൾ 'അഹ്‌വത് സിയോൺ' (സിയോൺ പ്രേമം) 'അശ്മത്ത് ശൊമ്റോൺ' (ശൊമ്റോന്റെ കുറ്റം) എന്നിവയായിരുന്നു. ഫലസ്തീൻ ഭൂമിയുമായി ബന്ധപ്പെട്ട ഭൂകേന്ദ്രിതമായ ഒരു തിരിച്ചുപോക്കിന്റെ രാഷ്ട്രീയ രൂപരേഖ ആ നോവലിലുണ്ടായിരുന്നു.

യൂറോപ്യൻ നാഷനലിസത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് യഹൂദ മതദേശീയത വളരാനാരംഭിച്ച പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ബെൽഗ്രേഡിൽ ജനിച്ച ജൂദാ ആൽക്കലി മിശിഹാ സങ്കല്പങ്ങളിൽ ആകൃഷ്ടനായ ഒരു സെഫാർദിക്ക് ജൂതനായിരുന്നു. 1839 -ൽ Pleasant Path എന്ന പേരിൽ അദ്ദേഹം രചിച്ച പുസ്തകത്തിൽ മിശിഹായുടെ വീണ്ടെടുപ്പ് ആവശ്യത്തിന് വേണ്ടി ഫലസ്തീനിൽ യഹൂദ കോളനികൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യം ഊന്നിപ്പറഞ്ഞു. മിശിഹായുടെ സ്വർഗ്ഗീയമായ ജെറുസലേം വീണ്ടെടുപ്പിനെ ആൽക്കലി The offering of Juda എന്ന പുസ്തകത്തിൽ രാഷ്ട്രീയമായ അർത്ഥത്തിൽ പരാവർത്തനം ചെയ്യുന്നുണ്ട്. ആ പുസ്തകത്തിൽ നിന്നുള്ള ഉദ്ധരണി. Harward M. Sachar തന്റെ A History of Israel from the rise of Zionism to our Times (oxford - 1977) എന്ന പുസ്തകത്തിൽ ഉദ്ധരിച്ചത് ഇപ്രകാരമാണ്.

പതിനായിരക്കണക്കിന് ഇസ്രായേലികളുടെ 'കൂടാരങ്ങളിലേക്കുള്ള മടക്കം'...... ബൈബിളിൽ എഴുതപ്പെട്ടിരിക്കുന്നു. എന്നാൽ ഏത് ദൈവിക സാന്നിദ്ധ്യത്തിലായിരിക്കും ആ മടക്കം സംഭവിക്കുക? കല്ലിലും മണ്ണിലുമാണോ അത്? ആയതിനാൽ നമ്മുടെ ആത്മാവിന്റെ വീണ്ടെടുപ്പിനായി നമ്മിൽ 22,000 പേർ വിശുദ്ധ ഭൂമിയിലേക്ക് മടങ്ങണം. ഇതാണ് ദിവ്യസാന്നിദ്ധ്യം നമ്മിൽ ഇറങ്ങുവാനുള്ള അവശ്യോപാധി. അതിനുശേഷം മറ്റു ഇസ്റയേലി അടയാളങ്ങൾ ദൈവാനുഗ്രഹത്താൽ നമുക്ക് നൽകപ്പെടുന്നതാണ്.' (The offering of Juda)

യഹൂദ ആൽക്കലിക്ക് സമകാലീനനായി ജീവിച്ച മറ്റൊരു ശക്തനായ ജൂതദേശീയവാദിയും പൊളിറ്റിക്കൽ സിയോണിസത്തിന്റെ ആദ്യകാല വക്താവുമായിരുന്നു. റബ്ബി ഹെർസ് കലീശർ. വലിയ ജൂത ജനക്കൂട്ടങ്ങളെ ആകർഷിക്കുന്ന ഉജ്ജ്വല വാഗ്മിയായ ഇദ്ദേഹം കിഴക്കൻ യൂറോപ്പിലെ ഹംഗറിയിലാണ് ജനിച്ചത്. സിയോണിസത്തെ മതപരമായ സങ്കല്പങ്ങളിൽ നിന്ന് രാഷ്ട്രീയ യാഥാർത്ഥ്യങ്ങളിലേക്ക് പതുക്കെ മാറ്റിയെടുക്കുന്ന കലീശരുടെ ചിന്തകളും പ്രഭാഷണങ്ങളും ഗ്രന്ഥരൂപത്തിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്. കലിശരുടെ ഗ്രന്ഥത്തിൽ നിന്നുള്ള ഉദ്ധരണി നോക്കുക

'എന്തുകൊണ്ട് ഇറ്റലിക്കാർ അവരുടെ പിതൃഭൂമിക്കുവേണ്ടി ത്യാഗങ്ങൾ വരിക്കുന്നു. അതേസമയം നാം (യഹൂദർ) ഒന്നും ചെയ്യാതെ നമ്മുടെ ശക്തിയും ധൈര്യവും പാഴാക്കിക്കളയുന്നു. മറ്റുള്ളവർക്ക് അവരുടെ നാടിനോടും ദേശത്തോടുമുള്ള സ്നേഹവുമായി താരതമ്യം ചെയ്യുമ്പോൾ നാം താഴ്ന്ന ജനതയാണോ? നമുക്ക് ഇറ്റലിക്കാരുടെയും പോളണ്ടുകാരുടെയും, ഹംഗറിക്കാരുടേയും ഉദാഹരണമെടുക്കാം. അവരെല്ലാം തങ്ങളുടെ ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി അവരുടെ ജീവനും സ്വത്തും ബലിയർപ്പിക്കുന്നു. നാമാകട്ടെ ഇസ്രയേൽ മക്കൾ പാരമ്പര്യമായി ഏറ്റവും പരമവും ഉജ്ജ്വലവുമായ വിശുദ്ധ പിതൃഭൂമിയുള്ളവരാണ്. പക്ഷേ ചേതനയറ്റവരായി മൗനം പൂണ്ടിരിക്കുന്നു. നാം നമ്മെപ്പറ്റി ലജ്ജിക്കേണ്ടിയിരിക്കുന്നു.' (ഉദ്ധരണി Arthur Hertzberg. 'The Zionist Idea. (Newyork, 1969, P. 109)

കലീശർ തന്റെ ആശയങ്ങളിലൂടെ മൂന്ന് സിദ്ധാന്തങ്ങളാണ് വികസിപ്പിച്ചെടുക്കുന്നത്.

എ) ജൂതന്മാർ തങ്ങളുടെ ആത്മീയ പ്രചോദനത്തിന് പ്രവാചകന്മാർ പറഞ്ഞ മാർഗ്ഗം സ്വീകരിക്കുക. അവർ സ്വാശ്രയത്തിലും വിശ്വസിക്കണം. ഇതിന് മിശിഹായുടെ ആവശ്യമില്ല.

ബി) പലസ്തീനിൽ ജൂത കുടിയേറ്റങ്ങൾ ആരംഭിച്ചുകൊണ്ട് അവിടെ താമസിയാതെ കോളനിവത്ക്കരിക്കണം.

സി). വിശുദ്ധ ഭൂമിക്ക് വേണ്ടി ത്യാഗവും സമരവും അനുവദനീയമാണ്.

യഹൂദ ആൽക്കലിയും, ഹെർസ് കലീശരും, ജൂത ദേശീയതക്കുവേണ്ടി തങ്ങളുടെ വിശുദ്ധ ഭൂമിയിലേക്ക് കുടിയേറ്റം ആരംഭിക്കണമെന്ന് ആദ്യകാലങ്ങളിൽ ശക്തമായി വാദിച്ചവരാണ്. ഇതിനായി ആൽക്കലി മിശിഹായുടെ ആഗമനത്തെ ശക്തമായി പ്രതീക്ഷിച്ചപ്പോൾ മിശിഹാ പ്രതീക്ഷ ഒരു മിത്തായി കാണുന്ന കലീശർ വിശുദ്ധ ഭൂമിയുടെ തയ്യാറെടുപ്പിനുവേണ്ടി സ്വയം യഹൂദർ സംഘടിക്കണമെന്ന ആശയമാണ് മുന്നോട്ട് വെച്ചത്. ഇത് ഘട്ടംഘട്ടങ്ങളായി ക്രമേണ നടക്കേണ്ട ഒന്നാണെന്നും ഇരുകൂട്ടരും കരുതി. പശ്ചിമ യൂറോപ്പിൽ ലിബറലിസത്തിന്റെ ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന യഹൂദികൾ ഫലസ്തീനിലേക്ക് തിരിച്ചുപോകണം എന്ന ഇവർ രണ്ടുപേരുടേയും അഭിപ്രായങ്ങളെ ആദ്യകാലങ്ങളിൽ അവഗണിക്കുകയാണുണ്ടായത്. ക്രമേണ കലീശരുടെ 'പ്രായോഗിക മസീഹ് വാദം' നിരവധി യഹൂദികളെ ആകർഷിക്കുകയുണ്ടായി. അദ്ദേഹവും അനുയായികളും കൂടി 'ഇസ്രായേൽ ഭൂമി കോളനിവത്കരിക്കുന്ന സൊസൈറ്റി' (Society for the colonisation of the land of Israel) എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു. അങ്ങനെ സിയോണിന്റെ മതകീയ മിത്തും രാഷ്ട്രീയ ഇഛയും തമ്മിൽ സന്ധി ചെയ്തു.

പത്തൊമ്പതാം നൂറ്റാണ്ടിൽ കാലത്ത് ദേശീയതയെ യഹൂദികൾ അനുകൂലിച്ച കാലത്ത് തന്നെ അതിനെ ചോദ്യം ചെയ്തുകൊണ്ട് രംഗപ്രവേശനം ചെയ്ത ഒരു യഹൂദ ചിന്തകനാണ് പെരെസ് സ്മോളൻസ്കിൻ. വെള്ളക്കാരനായ ഈ റഷ്യൻ ജൂതൻ നിരവധി നോവലുകളുകളുടെ കർത്താവും യഹൂദർ പൊതുധാരയിൽ അലിഞ്ഞു ചേരുന്നത് സ്വന്തം പൈതൃകത്തെ നിരാകരിക്കലാണെന്ന് വാദിച്ചയാളുമായിരുന്നു. അദ്ദേഹത്തിന്റെ 'ഏം ഒലാം' (അനശ്വര ജനത) എന്ന ലഘുകൃതി യഹൂദജനതയുടെ ദേശീയതയെ വളരെ ശക്തമായി പിന്തുണക്കുന്നതായിരുന്നു. എമാൻസിപ്പേഷനും അസിമിലേഷനും വിധേയമായ പാശ്ചാത്യൻ യഹൂദികളെ അദ്ദേഹം നിശിതമായി വിമർശിക്കുന്നുണ്ട്. 1880ൽ റഷ്യയിൽ നടന്ന പ്രോഗ്രോം (യഹൂദവേട്ട) മിന്ന് വിധേയനായ സ്മോളെൻസിയുടെ വികാരം യഹൂദ മതദേശീയതയെ ശക്തമായി ന്യായീകരിച്ചു കൊണ്ടുള്ളതും പൊതു ദേശീയതയിലലിഞ്ഞു ചേരുന്നതിനെതിരുമായിരുന്നു. 'യഹൂദ ജനതയുടെ മോചനം അവരുടെ വ്യതിരിക്തതയിലാണ് നിലനിൽക്കുന്നത്. പുനർദേശീയ വത്ക്കരണം മാത്രമാണ് ഇനി ജൂത പ്രശ്നത്തിന്റെ ഒരേയൊരു പരിഹാരം' എന്ന് അദ്ദേഹം വാദിച്ചു (Jacob Rasin; The Haskalah Movement in Russia P. 262)

കിഴക്കൻ യൂറോപ്പിലെ മറ്റൊരു രാജ്യമായ റുമാനിയായിൽ 1883 ൽ വിതരണം ചെയ്ത ഒരു ലഘുലേഖയിൽ പറയുന്നു. 'അമേരിക്കയിലെ അടിമകൾ വിമോചിതരായി. റഷ്യയിലെ സ്ലാവുകൾ സ്വതന്ത്രരായി. ബൾഗേറിയക്കാരും മോചിക്കപ്പെട്ടു. ഇതാ ഇസ്രായേലിന്റെ വിമോചനത്തിനുള്ള സമയം സമാഗതമായിരിക്കുന്നു." (Amos Elon, the Israelis Founders and Sons P. 34)

യഹൂദ ദേശീയ വാദത്തോട് ഏറ്റവും മൗലികമായി പ്രതികരിച്ചത് ജർമ്മനിയിലെ ബോണിൽ ജനിച്ച മോസസ്സ് ഹെസ്സ് എന്ന യഹൂദ ചിന്തകനായിരുന്നു. സ്പിനോസയുടെ ആരാധകൻ കൂടിയായിരുന്നു ഇദ്ദേഹം ജർമ്മനിയിലെ ഒരു യാഥാസ്ഥിതിക യഹൂദ കുടുംബത്തിൽ ജനിച്ച മോസസ്സ് ഒരു ഹെഗേലിയൻ അരാജകവാദിയും തികഞ്ഞ കമ്മ്യൂണിസ്റ്റുമായിരുന്നു. കമ്മ്യൂണിസ്റ്റ് ആചാര്യനും യഹൂദനുമായ കാറൽ മാർക്സിനോടൊപ്പം പ്രവർത്തിച്ച മോസസ്സ് ഹെസ്സ 1848 ൽ ജർമ്മനിയിലെ വിപ്ലവത്തിൽ പങ്കെടുക്കുകയുണ്ടായി. വിപ്ലവം പരാജയപ്പെട്ടതിനെ തുടർന്ന് ഫ്രാൻസിലേക്ക് പലായനം ചെയ്തു. യഹൂദനായതിന്റെ പേരിൽ ക്രൂരമായ പീഡനങ്ങൾ അനുഭവിച്ച മോസസ്സ് ഹെസ്റ്റ് ക്രിസ്തുമതത്തിന്റെ സ്വാധീനത്തെ വെറുത്തു. കടുത്ത യഹൂദ ദേശീയവാദിയായിത്തീർന്ന മോസസ്സ് ഹെസ്സ് 1862ൽ എഴുതിയ Rome and Jerusalem എന്ന പുസ്തകത്തിൽ എഴുതിയത് കാണുക.

'നാം യഹൂദന്മാർ അന്യദേശീയതകൾക്കിടയിൽ എപ്പോഴും അപരിചിതരായിട്ടായിരിക്കും വർത്തിക്കുക. യഹൂദ മതം യഹൂദ ദേശീയതയേക്കാൾ ഉന്നതമാണെന്നതാണ് സത്യം.... എല്ലാ യഹൂദനും അയാൾ ആഗ്രഹിച്ചാലും ഇല്ലെങ്കിലും അവന്റെ ജന്മം കൊണ്ട് യഹൂദ ദേശീയതയുമായി ഐക്യദാർഢ്യം പ്രഖ്യാപിക്കേണ്ടതുണ്ട്..... ഓരോ യഹൂദനും ഇസ്രയേൽ രാഷ്ട്രത്തെ പുനരുജ്ജീവിപ്പിക്കാനുള്ള ബാദ്ധ്യതയും അതിനോട് ഐക്യദാർഢ്യവും പ്രഖ്യാപിക്കേണ്ട ഉത്തരവാദിത്വവുമുണ്ട്... യഹൂദ വിമോചനം യഹൂദ ദേശീയതയുമായി പൊരുത്തപ്പെടുന്നില്ല എന്നത് സത്യമാണെങ്കിൽ രണ്ടാമത്തേതിന് വേണ്ടി (യഹൂദ ദേശീയതക്ക് വേണ്ടി) വേണ്ടി ഒന്നാമത്തേത് (വിമോചനം) ത്യജിക്കൽ ഒരു യഹൂദന്റെ ചുമതലയാണ് .......... നമ്മുടെ മഹത്തായ ചിന്തകൾക്ക് രണ്ടാം സ്ഥാനം കൊടുക്കുന്ന കാലത്തോ ളം യൂറോപ്യൻ ജനത നമ്മെ ബഹുമാനിക്കില്ല. നാം നമ്മുടെ ഒന്നാമത്തെ ആദർശമായി 'ഉബി ബെന ഇബി പാത്റിയ' (ഞാൻ എവിടെ സൗഖ്യമായിരിക്കുന്നുവോ അവിടെ എന്റെ മാതൃരാജ്യമായിരിക്കും) സ്വീകരിക്കുക. ആദ്യമായി ഒരാൾ ജൂതനായിരിക്കണം രണ്ടാമതായി മനുഷ്യനും One must be a Jew first and human being second) (Rome and Jerusalem).

സിയോണിസത്തിന്റെ യൂറോപ്പിലെ ആദ്യകാല നേതാക്കളിലൊരാളായിരുന്ന ലിയോ വിൽസ്കർ തന്റെ Auto Emancipation എന്ന ലേഖനത്തിൽ നിന്നുള്ള ഉദ്ധരണി Harward M. Sacher എടുത്ത് ചേർത്തിട്ടുള്ളത് ഇപ്രകാരമായത്.

*(ശേഷം 41-ാം പേജിൽ)*

ലേഖനം

# മനുഷ്യഹൃദയം

**സക്കരിയ്യാവിർക്**

◆

**മനുഷ്യഹൃദയം കേവലം ഒരു പമ്പ് മാത്രമല്ല ധാർമ്മികതയുടെ ഇരിപ്പിടവുമാണ്**

◆

മനുഷ്യഹൃദയം എല്ലാ വികാരങ്ങളുടേയും ഉറവിടമാണ്. എന്നാൽ ചീത്ത വികാരങ്ങളേയും ചിന്തകളേയും കൊണ്ട് നിറഞ്ഞ ഹൃദയം പിശാചിന്റെ ഇരിപ്പിടവുമാണ്. അവിശ്വാസികളുടേയും സംശയഗ്രസ്ഥരുടേയും, തിന്മ വിതക്കുന്നവരുടേയും ഹൃദയം മുദ്രവെക്കപ്പെട്ടതാണെന്ന് ഖുർആൻ പറയുന്നു. 'ഇപ്രകാരമാണ് നാം അവിശ്വാസികളുടെ ഹൃദയങ്ങളെ മുദ്രവെക്കുന്നത്'. (10;75) 'അവിശ്വാസികളുടെ ഹൃദയത്തിൽ നാം ഭയം ഇടുന്നതാണ്' (8:13). മനുഷ്യഹൃദയത്തെ പറ്റി അത്തരം നിരവധി പരാമർശങ്ങൾ ഖുർആൻ നടത്തുന്നു. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നല്ല ഹൃദയങ്ങളെക്കുറിച്ച് ഒരുപാട് ഗുണങ്ങൾ വർണിക്കുന്നുണ്ട്. സംതൃപ്തമായ ഹൃദയം പരിധിയില്ലാത്ത സ്നേഹത്തിന്റെ ഉറവിടവും ദൈവത്തേയും മനുഷ്യനേയും അവന്റെ സൃഷ്ടികളെയും സംബന്ധിച്ച അഗാധമായ ജ്ഞാനത്തിന്റെ നിലയവുമായിരിക്കും. ഉദാഹരണത്തിന് വിശുദ്ധഗ്രന്ഥം പറയുന്നു: 'അല്ലാഹുവിന്റെ സ്മരണ കൊണ്ട് മാത്രമേ മനസ്സമാധാനം കൈവരുകയുള്ളൂ' (13:28) 'അങ്ങനെ നിങ്ങളുടെ ഹൃദയത്തെ അന്യോന്യം ഇണക്കി' (3:104) 'നിങ്ങളുടെ ഹൃദയം സമാശ്വാസം കൊള്ളുന്നതിന് വേണ്ടി' (3:127).

ഒരാളുടെ ശാരീരികമായ ആരോഗ്യവും അയാളുടെ ചിന്തകളും തമ്മിൽ ബന്ധമുണ്ടെന്ന് ശാസ്ത്രീയ ഗവേഷണങ്ങൾ തെളിയിച്ചിരിക്കുന്നു. ആരോഗ്യമുള്ള ഒരു ഹൃദയം ആരോഗ്യമുള്ള മനസ്സ് ഉല്പാദിപ്പിക്കുകയും ആരോഗ്യമുള്ള ഒരു മനസ്സ് ആരോഗ്യമുള്ള ഒരു ഹൃദയം ഉല്പാദിപ്പിക്കുകയും ചെയ്യും. ഒരാളുടെ സ്വഭാവം അയാളുടെ ചിന്തകളാണ് രൂപപ്പെടുത്തുന്നത്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ നാം ചിന്തിക്കുന്നത് എന്താണോ അതാണ് നാം. (we are, what we think) കരുണാനിധിയായ അല്ലാഹു അവന്റെ മഹത്തായ അനുഗ്രഹത്താൽ നമുക്ക് നമ്മുടെ ചിന്തകൾ തിരഞ്ഞെടുക്കാനും അതിനെ ഭരിക്കാനും അതുമുഖേന ഒരു സ്വഭാവം രൂപീകരിക്കാനും കഴിവ് നൽകിയിരിക്കുന്നു. ഇതിന് നാം അല്ലാഹുവിനെ സ്തുതിക്കേണ്ടതുണ്ട്. അധാർമ്മികമായ സ്വഭാവം വളരുന്നത് അധാർമ്മികമായ ചിന്തകളുടെ വിത്തിൽ നിന്നാണ്. അതുപോലെ നന്മയുടെ സ്വഭാവം വളരുന്നത് നന്മയുടെ വിത്തിൽ നിന്നാണ്. മുകളിൽ പ്രതിപാദിച്ചത്പോലെ ഹൃദയമാണ് നന്മതിന്മകളുടെ വിളനിലം. അതുകൊണ്ട് സംശുദ്ധവും നിർമ്മലവുമായ ഹൃദയം കാത്തുസൂക്ഷിക്കേണ്ടത് അത്യാവശ്യമാകുന്നു. 1989 ഫെബ്രവരി മാസത്തിൽ പ്രസിദ്ധീകരിച്ച സൈക്കോളജി ടുഡേ (Psycology Today) എന്ന അമേരിക്കൻ പ്രസിദ്ധീകരണത്തിൽ ഹൃദയവും ആത്മാവും തമ്മിലുള്ള ബന്ധത്തെ ഇപ്രകാരം വിശദീകരിച്ചിരിക്കുന്നു.

'ശാസ്ത്രം ഹൃദ്രോഗങ്ങൾക്കെതിരെയുള്ള ചികിത്സയിൽ അത്ഭുതകരമായ പുരോഗതി കൈവരിച്ചിരിക്കുന്നു. വികാരങ്ങളുടെ ഉറവിടം ഹൃദയമാണെന്ന് മനുഷ്യരാശിയുടെ കാല്പനിക ഭാവന ശാസ്ത്രം നിഷേധിച്ചിരിക്കുന്നു. കൃത്രിമ ഹൃദയം എന്ന വൈദ്യശാസ്ത്രത്തിന്റെ ഉന്നതമായ സാങ്കേതിക ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ വികാരരഹിതമായ ഒരു പമ്പ് എന്ന നിലക്ക് ഹൃദയ ശാസ്ത്രക്രിയാവിദഗ്ധർക്ക് പേസ്മേക്കർ നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്. ബെർണിക്ലാർക്കും അതുപോലെയുള്ള ഹൃദ്രോഗവിദഗ്ധരും രസതന്ത്രം ഉപയോഗിച്ചിരുന്നപ്പോൾ മറ്റു ശാസ്ത്രജ്ഞന്മാർ മനഃശാസ്ത്രവും മറ്റു അനുബന്ധശാസ്ത്രങ്ങളുമാണ് ഹൃദ്രോഗങ്ങൾ കണ്ടെത്താനും ചികിത്സിക്കാനും ഉപയോഗിച്ചത്. ഹൃദ്രോഗങ്ങൾ ഒരുപക്ഷേ ആത്മാവിന്റെ രോഗത്തിന്റെ ഭാഗമായി

ഹൃദയത്തെ ബാധിച്ചതാകാം. ഹൃദ്രോഗ ബാധയുള്ള ആളുകളുടെ ആന്തരസംഘർഷങ്ങൾക്ക് ആത്മീയമായ ചികിത്സയായിരിക്കാം രോഗശമനത്തിന് വേണ്ടിയത്. ഹാർഡ്വാർഡിലെ കാർഡിയോളജിസ്റ്റായ ഹെർബർട്ട് ബെൻസൻ ഈ അഭിപ്രായത്തോട് യോജിക്കുന്നു. ആവർത്തിച്ചുകൊണ്ടുള്ള പ്രാർത്ഥനകൾ ഹൃദയസ്പന്ദനവും ഹൃദയസമ്മർദ്ദവും ഗണ്യമായി കുറക്കുന്നതെങ്ങിനെയെന്ന് പ്രായോഗികമായി അദ്ദേഹം തെളിയിക്കുകയുണ്ടായി. മേരിലാന്റ് യൂണിവേഴ്സിറ്റിയിലെ മനശ്ശാസ്ത്രവിദഗ്ധനായ ജെയിംസ് ലിൻച്ച് രക്തസമ്മർദ്ദത്തിന്റെ മനശ്ശാസ്ത്രപരമായ കാരണങ്ങളെപ്പറ്റി പഠനം നടത്തിക്കൊണ്ടിരിക്കുകയാണ്. നാം ഒരു വ്യക്തിയോട് സംസാരിക്കുമ്പോൾ രക്തസമ്മർദ്ദം കൂടുകയും ഒരു വ്യക്തിയെ കേൾക്കുമ്പോൾ രക്തസമ്മർദ്ദം കുറയുകയും ചെയ്യും' (Psychology Today).

## ഹൃദയത്തിന്റെ വ്യത്യസ്ത നിലകൾ

താഴെ ഉദ്ധരിച്ച ബൈബിൾ വചനം ഒരാളുടെ മനസ്സും ഹൃദയവും തമ്മിലുള്ള സാമ്യതയെ ഓർമ്മിപ്പിക്കുന്നു. 'അവൻ തന്റെ മനസ്സിൽ കണക്ക് കൂട്ടുന്നത്പോലെയാകുന്നു.' (സദൃശവാക്യം : 23:7). നമുക്കറിയാം നമ്മുടെ മനസ്സിന് ധാരാളം അവസ്ഥാഭേദങ്ങളുണ്ട്. അതുപോലെ ഹൃദയത്തിനും വിവിധ തരത്തിലുള്ള അവസ്ഥാഭേദങ്ങളുണ്ട്. ഓക്സ്ഫോർഡ് ഡിക്ഷണറിയിലെ അർത്ഥമനുസരിച്ച് ഹൃദയം (Heart) വികാരങ്ങൾ, ആത്മാവ്, മനസ്സ്, ധീരത എന്നിവയുടെ ഇരിപ്പിടമാണ്. ഒരാൾ മറ്റൊരാൾക്ക് നന്ദി പ്രകടിപ്പിക്കുമ്പോൾ ഒരാളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് അത് പ്രകടിപ്പിക്കുന്നു. ഒരാൾ ദുഃഖിതനാകുമ്പോൾ അത് ഹൃദയത്തെ പിടിച്ചുകുലുക്കുന്നു. ഒരാൾ ധീരനാണെങ്കിൽ നാം അയാളെ സിംഹഹൃദയനാണെന്ന് വിളിക്കുന്നു. ആത്മാർത്ഥതയെ സൂചിപ്പിക്കുവാൻ ഹൃദയാത്മനാ എന്ന് പറയുന്നു. അപ്രതീക്ഷിതമായ ഒരു വാർത്തയോ സംഭവമോ ഒരാളുടെ ഹൃദയം തകർക്കുന്നു. ഒരു വിഷയത്തിന്റെ കാതൽ മനസ്സിലാക്കുമ്പോൾ അതിന്റെ ഹൃദയം കണ്ടെത്തി എന്നു പറയുന്നു. ഒരാളെ നാം വിവരണാതീതമാംവിധം അഗാധമായി സ്നേഹിക്കുമ്പോൾ അയാളെ നാം അയാൾ 'തന്റെ ഹൃദയേശ്വരനാണെന്ന്' പറയുന്നു. (ഹൃദയത്തിന്റെ പരിവർത്തനം എന്നത് പ്രസ്താവ്യമാണ്)? അത് മനുഷ്യന് മാത്രമുള്ളതും മഹത്വമേറിയതും മറ്റ് ജീവികൾക്ക് നൽകപ്പെടാത്തതുമായ ഒരു പ്രത്യേകഗുണമാണ്. ചില ആളുകളിൽ ഹൃദയത്തിന്റെ മാറ്റം എളുപ്പമാണ്. എന്നാൽ മറ്റു ചിലരുടെ ഹൃദയം പാറപോലെ ഉറച്ചതാണ്.

ഒരു മുസ്ലിം അവന്റെ ഹൃദയത്തെ ഇടക്കിടെ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്. അതായത് അവന്റെ ഹൃദയം മറ്റുള്ളവരോട് ആർദ്രതയുള്ളതാണോ, അവന്റെ ലക്ഷ്യങ്ങൾ സത്യസന്ധമാണോ, അവന്റെ ഹൃദയം നിരന്തരം സത്യം അന്വേഷിക്കുന്നതും, ദൈവസ്നേഹം നിറഞ്ഞതുമാണോ എന്ന് ഓരോ മുസ്ലിമും നിരന്തരം ആരായേണ്ടിയിരിക്കുന്നു. അത്തരം ഹൃദയത്തെ സ്നേഹം, ധീരത, ഊഷ്മളത, സത്യസന്ധത, ആത്മാർത്ഥത, മനുഷ്യത്വം മുതലായ ഗുണങ്ങളുടെ സംക്ഷേപമായി കണക്കാക്കുന്നു. ഈസബ്നുമർയം(അ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടത് ഇപ്രകാരമാണ്. "ആരാണോ ദൈവത്തെ സ്നേഹിക്കുന്നത് അയാളുടെ ഹൃദയത്തിൽ ദൈവമുണ്ട്. ആത്മാവിൽ ദൈവമുണ്ട്, മനസ്സിൽ ദൈവമുണ്ട്'. റസൂൽ തിരുമേനി(സ) ഹൃദയത്തിന്റെ പരിശുദ്ധിയേയും നിരർത്ഥകയേയും പറ്റി പറയുകയുണ്ടായി. ആധികാരിക ഹദീസ് ഗ്രന്ഥമായ ബുഖാരിയിൽ പറയുന്നു: തന്റെ അനുചരനോട് റസൂൽ തിരുമേനി (സ) പറഞ്ഞു: 'മനുഷ്യശരീരത്തിൽ ഒരു മാംസക്കഷ്ണമുണ്ട്. അത് ആരോഗ്യമുള്ളതായാൽ മനുഷ്യശരീരം മുഴുവൻ ആരോഗ്യമുള്ളതായി. അത് രോഗാതുരമായാൽ മനുഷ്യശരീരം മുഴുവൻ രോഗിയായി മാറി. അറിയുക ആ മാംസകഷ്ണം ഹൃദയമാണ്.' ഈ ഹ്രസ്വമായ ഉദ്ധരണി മനുഷ്യഹൃദയം എല്ലാ വികാരങ്ങളുടേയും ഉറവിടമാണെന്ന് വ്യക്തമാക്കുന്നു. മാനവഹൃദയം സദ്വിചാരങ്ങളാൽ പൂരിതമാവുമ്പോൾ നമ്മുടെ കർമ്മങ്ങളെല്ലാം നന്മയുടെ മാർഗ്ഗത്തിലാവുന്നു. ഒരാളുടെ ഹൃദയം ദുശ്ചിന്തകളാലും ദുഷിച്ച ആശയങ്ങളാലും നിറയുമ്പോൾ അയാൾ ദുർമാർഗത്തിലൂടെ സഞ്ചരിക്കുന്നു.

ചിന്തകളും ആശയങ്ങളും ഒരു തോട്ടത്തിലെ വിത്തുകളെപോലെയാണ് മനുഷ്യഹൃദയത്തിൽ പ്രയോഗിക്കുന്നത്. അത് ഉടൻ തന്നെ പൊട്ടിമുളച്ച് വലിയ വൃക്ഷങ്ങളായി തീരുന്നു. ഹൃദയത്തിന്റെ നൈർമ്മല്യം സദ്വൃക്ഷത്തിന്റെ വളർച്ചയെ ത്വരിതഗതിയിലാക്കുന്നു. വിഷയത്തിന്റെ സാരാംശമിതാണ്. ഒരാളുടെ ഹൃദയം നല്ലതാവുകയാണെങ്കിൽ അയാളുടെ കൈകളും, കാലും, നാവും, മനസ്സും കണ്ണും എല്ലാം നല്ലതുതന്നെയായിരിക്കും. മറ്റുള്ളവരുമായുള്ള നമ്മുടെ ദൈനംദിന ഇടപാടുകളിൽ നാം വളരെ ശ്രദ്ധിക്കേണ്ട ഒരു തത്വമിതാണ്. 'നിങ്ങൾ നിങ്ങളെത്തന്നെ സ്വയം കൈകാര്യം ചെയ്യുമ്പോൾ നിങ്ങളുടെ തല ഉപയോഗിക്കുക, മറ്റുള്ളവരെ കൈകാര്യം ചെയ്യുമ്പോൾ ഹൃദയം ഉപയോഗിക്കുക.' ●

### ആരാണ് മിസ്കീൻ

ഒന്നോ രണ്ടോ പിടി ആഹാരമോ ഒന്നോ രണ്ടോ ഈത്തപ്പഴമോ കിട്ടിയാൽ തിരിച്ചുപോകാൻ സന്നദ്ധനായിക്കൊണ്ട് ആളുകൾക്കിടയിൽ ചുറ്റി നടക്കുന്നവനല്ല മിസ്കീൻ. പരാശ്രയമില്ലാതെ ജീവിക്കാൻ അയാൾക്ക് വഴിയില്ല. അവന്റെ യഥാർത്ഥനിലപാട് ഗ്രഹിച്ച് അവന് ആരും ഒന്നും ദാനം ചെയ്യുന്നുമില്ല. മനുഷ്യരുടെ മുമ്പിൽ ചെന്ന് യാചിക്കുന്നുമില്ല. അങ്ങനെയുള്ളവനാണ് മിസ്കീൻ.

*(നബിവചനം - ബുഖാരി)*

ലേഖനം

# സുഡാനിലെ മഹ്ദി: ഒരു വ്യാജവാദിയുടെ അന്ത്യം

ഏ.ക്യു. മഹ്ദി

✓

മുസ്‌ലിം മനസ്സുകളിൽ രൂഢമൂലമായ വാളേന്തിയ മഹ്ദി സങ്കല്പത്തെ രാഷ്ട്രീയ ലക്ഷ്യത്തിന്നായി ഉപയോഗിക്കുകയായിരുന്നു സുഡാനിലെ മഹ്ദി

✓

വടക്കു കിഴക്കൻ ആഫ്രിക്കയിലെ ഒരു രാജ്യമാണ് സുഡാൻ. ഇന്ത്യയുടെ മൂന്നിൽ രണ്ട് വിസ്തീർണം വരും (25 ലക്ഷം ചതുരശ്ര കി.മീറ്റർ). 1956–ൽ ബ്രിട്ടീഷ് ആധിപത്യത്തിൽ നിന്നും സ്വതന്ത്രമായ സുഡാൻ ഗോത്ര വഴക്കുകളുടെയും സംഘർഷങ്ങളുടെയും കൊടുംപട്ടിണിയുടേയും നാടാണ്. ഈ ആഫ്രിക്കൻ ഭൂമിയിലാണ് 19–ാം നൂറ്റാണ്ടിൽ താൻ മഹ്ദിയാണെന്ന് വാദിച്ചുകൊണ്ട് രക്തരൂക്ഷിതമായ യുദ്ധങ്ങൾ നയിച്ച ഒരാൾ പ്രത്യക്ഷപ്പെട്ടത്. അധികാര കേന്ദ്രിതവും ലോകോന്മുഖവുമായ അയാളുടെ സംഹാരാത്മക സമരങ്ങളെ ഇസ്‌ലാമിലെ മഹ്ദി സങ്കല്പവുമായി എളുപ്പത്തിൽ സമന്വയിപ്പിക്കാൻ സാധിച്ചിരുന്നു. ലോകസംഭവഗതികളിലും പ്രകൃതി പ്രതിഭാസങ്ങളിലും യഥാർത്ഥ മഹ്ദിയുടെ ആവിർഭാവത്തിന്റെ ദിവ്യസ്പന്ദനങ്ങൾ തുടിച്ചുനിന്നിരുന്ന പത്തൊമ്പതാം നൂറ്റാണ്ടിൽ വ്യാജമഹ്ദിമാരുടെ അവതാരങ്ങൾ ലോകത്തിലെ പല ദേശങ്ങളിലും അരങ്ങേറുകയുണ്ടായി. അത്തരത്തിലൊരു വ്യാജ മഹ്ദിയായിരുന്നു സുഡാനിലെ മഹ്ദി.

1850 മുതൽക്കെ സുഡാനിലെ ആഭ്യന്തരനില ആപത്ക്കരമായിരുന്നു. അടിമക്കച്ചവടക്കാരായ അറബിപ്രമാണികളുടെ ശക്തി വർദ്ധിച്ചു. അവർ ധാരാളം തോക്കുകളും വെടിമരുന്നും സമ്പാദിച്ച്, സ്വകാര്യ സൈന്യങ്ങളെ രൂപവത്കരിച്ച്, ഇക്വറ്റേറിയാപ്രദേശങ്ങളിലെ ആളുകളെ അടിമകളാക്കി പിടിച്ചുകൊണ്ടിരുന്നു. അടിമക്കച്ചവടത്തിന്റെയും അതിനുവേണ്ടിയുള്ള ആക്രമണങ്ങളുടേയും നില അസഹ്യമായിത്തീർന്നപ്പോൾ ഈജിപ്റ്റിലെ ഖെഡീവ് ഇസ്മായിലിന് ആ പൈശാചികാക്രമണങ്ങൾ അമർച്ചചെയ്യാൻ നിയമം തന്നെ പാസ്സാക്കേണ്ടി വന്നു. അദ്ദേഹം ഒരു പരീക്ഷണമെന്ന നിലയ്ക്ക് ഇക്വറ്റേറിയയിലും ഗവർണറായി ഒരു ബ്രിട്ടീഷുകാരനെ നിയമിച്ചു.

അങ്ങനെ സുഡാനിലെ ഭരണത്തിൽ ആദ്യമായി ബ്രിട്ടീഷുകാർ രംഗപ്രവേശം ചെയ്തു. സർ സാമുവൽ ബെക്കർ എന്ന ഇംഗ്ലീഷുകാരനായിരുന്നു ആദ്യ ഗവർണ്ണർ. ബെക്കറുടെ പിൻഗാമി ജനറൽ ഗോർഡനായിരുന്നു. ഗോർഡൻ പിന്നീട് സുഡാനിലെ ഗവർണർ ജനറലായിത്തീർന്നു. 1877 മുതൽ 1879 വരെ അദ്ദേഹം ഈ സ്ഥാനം വഹിച്ചു.

പക്ഷേ, ബ്രിട്ടീഷുകാരനെ നിയമിച്ചതുകൊണ്ടൊന്നും കുഴപ്പങ്ങൾ അവസാനിച്ചിരുന്നില്ല. തുർക്കികളുടെ ഭരണം, നാടിനെ അങ്ങേയറ്റം ദുഷിപ്പിക്കയും ക്ഷയിപ്പിക്കുകയും ചെയ്തു. അടിമവ്യാപാരം അനിയന്ത്രിതമായി തുടർന്നുകൊണ്ടിരുന്നു. നാട്ടുകാരിൽ നല്ലൊരു വിഭാഗം അടിമച്ചരക്കുകളായി പുറമേയ്ക്ക് കയറ്റി അയക്കപ്പെട്ടു. കലാപങ്ങൾക്കു പുറമേ സാംക്രമിക രോഗങ്ങളും രാജ്യത്തുടനീളം പടർന്നുപിടിച്ചു.

ഈ ഘട്ടത്തിലാണ് 'മഹ്ദി' യുടെ രംഗപ്രവേശം. താനൊരു നബിയാണെന്നു വാദിച്ച മുഹമ്മദ് അഹ്മദ് ജനിച്ചത്, ബോട്ടുനിർമ്മാണം കുലത്തൊഴിലാക്കിയ ഒരു കുടുംബത്തിലാണ്. സുഡാനെ തുർക്കിപ്പിശാചുകളിൽ നിന്നും രക്ഷിക്കാനാണ് താൻ ഒരു പ്രവാചകനായി, മഹ്ദിയായി അവതാരമെടുത്തതെന്നാണയാൾ അവകാശപ്പെട്ടത്. നിലവിലിരുന്ന ഭരണത്തിനെതിരെ അയാൾ തന്റെ നേതൃത്വത്തിൽ കുറേപ്പേരെ സംഘടിപ്പിച്ച് ഒരു വിപ്ലവം ആരംഭിച്ചു. കൊർദുഫാൻ എന്ന പ്രദേശത്താണ് ആദ്യമായി വിപ്ലവം പൊട്ടിപ്പുറപ്പെട്ടത്. പിന്നീട്, ഈ അഭിനവ പ്രവാചകൻ നയിച്ച അക്രമാസ്കതമായ വിപ്ലവം ദാർഫൂറിലേയ്ക്കും പടർന്നു. ഈ വിപ്ലവം അമർച്ച ചെയ്യാൻ 1883-ൽ ഫിക്സ് പാഷയുടെ കീഴിയിൽ ഈജിപ്റ്റിൽ നിന്നും ഒരു സേന അയക്കപ്പെട്ടു. ഈ വിപ്ലവത്തിന്റെ ആപത്ത് ഖാർത്തും, സെന്നാർ മുതലായ പ്രദേശങ്ങളിലേയ്ക്കും വ്യാപിക്കുമെന്നായപ്പോൾ സുഡാനിൽ അകപ്പെട്ടുപോയ ഈജിപ്ഷ്യൻ പട്ടാളക്കാരെയും അവിടങ്ങളിലെ ഈജിപ്ഷ്യൻ വംശജരേയും, പടക്കോപ്പുകളേയും രക്ഷപ്പെടുത്തി ഈജിപ്റ്റിലേയ്ക്കു കൊണ്ടുവരേണ്ടിവന്നു. സുഡാനെ അങ്ങനെതന്നെ കൈയ്യൊഴിയ്ക്കുന്നതാണ് നല്ലതെന്നും ഖെഡീവ് തീരുമാനിച്ചു. ഈ ഒഴിച്ചുപോക്ക് വിജയകരമായി നിർവ്വഹിക്കുന്നതിന് സർവ്വാധികാരവും നൽകിക്കൊണ്ട് പഴയ ഗവർണർ ജനറലായിരുന്ന ജനറൽ ഗോർഡനെ, ഖെഡീവ് ഇംഗ്ലണ്ടിൽ നിന്നും ക്ഷണിച്ചു വരുത്തി.

സുഡാനെ തുർക്കികളിൽ നിന്നും മോചിപ്പിക്കാനായി അല്ലാഹു അയച്ച മഹ്ദിയാണ് താനെന്ന് അവകാശപ്പെട്ടുകൊണ്ടാണ് അയാൾ വിപ്ലവകാരികൾക്കു വീര്യം പകർന്നുകൊടുത്തുകൊണ്ടിരുന്നത്.

ജനറൽ ഗോർഡൻ നയിച്ച ഈജിപ്ഷ്യൻ സേന ഖാർത്തൂമിന്റെ ഇരുവശങ്ങളിൽ നിന്നും ഞെരുക്കപ്പെട്ടു. സ്ഥിതി നിയന്ത്രണാതീതമായപ്പോൾ ഒരു ബ്രീട്ടീഷ് സേനാവിഭാഗം ഖാർത്തൂമിലേക്കു മാർച്ചു ചെയ്തു. പുതിയ പ്രവാചകന്റെ മതഭ്രാന്തിളകിയ അറബിവർഗ്ഗങ്ങളോടു പൊരുതി ബ്രിട്ടീഷ് പട്ടാളം നൈൽ നദിയിലൂടെ ഖാർത്തൂമിലേക്കു കുതിച്ചു. സുഡാനിൽ ഖെഡീവ്കളുടെ ഭരണം അവസാനിപ്പിക്കപ്പെട്ടു. ബ്രിട്ടീഷ് സേന ഖാർത്തൂം പിടിച്ചതിന്റെ അഞ്ചാം മാസത്തിൽ താൻ പ്രവാചകനെന്നു വാദിച്ച, 'അവതാരപുരുഷനായ' മഹ്ദി വധിക്കപ്പെട്ടു. അയാൾ കൊല്ലപ്പെട്ടതോടെ ദാർഫൂറിലെ ഒരറബി പ്രമാണിയായ അബ്ദുല്ലയാണ് പിന്നീട് സുഡാന്റെ ഭരണം ഏറ്റെടുത്തത്. അയാളുടെ ഭരണകാലമാണ് സുഡാൻ ചരിത്രത്തിലെ ഏറ്റവും ദുഷിച്ച അദ്ധ്യായം. നിഷ്ഠൂരമായൊരു കിരാതഭരണമാണ് അവിടെ നടന്നത്. അടിമജനസംഖ്യയിൽ പകുതിയും നശിച്ചു. ഭയങ്കരമായ ക്ഷാമവും സുഡാനെ ഗ്രസിച്ചു. ബാഹ്യലോകത്തു നിന്നും സുഡാൻ നിശ്ശേഷം ഒറ്റപ്പെട്ടുപോയി.

സുഡാൻ ഇങ്ങനെ നരകദണ്ഡനമനുഭവിക്കുമ്പോൾ, ഈജിപ്റ്റിൽ ബ്രിട്ടന്റെ ആജ്ഞാശക്തി കുറേശ്ശെയായി എത്തിനോക്കിക്കൊണ്ടിരിക്കയായിരുന്നു. 1882-ൽ മുഹമ്മദ് സെഫിക് എന്ന ഖെഡീവിന്റെ സൈന്യം ഈജിപ്റ്റിലെ ഭരണത്തിനെതിരെ വിപ്ലവം തുടങ്ങിയപ്പോൾ അതിനെ അമർത്താൻ വേണ്ടി അന്നത്തെ ഭരണാധികാരി ഒരു ബ്രിട്ടീഷ് സേനയെ ഈജിപ്റ്റിലേക്ക് ക്ഷണിച്ചുവരുത്തുകയുണ്ടായി. ബ്രിട്ടീഷ് സേന ആ വിപ്ലവം അടിച്ചമർത്തുകയും ഈജിപ്റ്റിന്റെ രക്ഷയ്ക്കുവേണ്ടി അവിടെത്തന്നെ നിലയുറപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു.

ഈജിപ്റ്റിന്റെ ഭരണവും ബ്രിട്ടൻ ഏറ്റെടുത്തുവെന്നു പറഞ്ഞാൽ മതിയല്ലോ. 1898-ൽ ബ്രിട്ടീഷുകാരും ഈജിപ്റ്റുകാരുമടങ്ങിയ ഒരു സംയുക്തസേന, സുഡാനിൽ സർവാധിപതിയായി വാണിരുന്ന അബ്ദുല്ലയുടെ കേന്ദ്രത്തിലേക്കു പുറപ്പെട്ടു. അബ്ദുല്ലയുടെ സൈന്യങ്ങളുമായി അട്ബാര, ഓംദുർമാൻ എന്നീ സ്ഥലങ്ങളിൽ വച്ച് സംയുക്തസേന നടത്തിയ ഭയങ്കരസമരങ്ങൾ ചരിത്രപ്രസിദ്ധങ്ങളാണ്. മരുഭൂമിയിൽ മയങ്ങിക്കിടക്കുന്ന ഈ പടക്കളങ്ങളുടെ സ്ഥാനങ്ങൾ ഇന്നും സന്ദർശകരെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ജനറൽ സർ റജിനാൾഡ് വിംഗേറ്റ് എന്ന ഇംഗ്ലീഷ് ഉപസൈന്യാധിപന്റെ സേനാവിഭാഗം അബ്ദുല്ലയുമായി ഏറ്റുമുട്ടി, അയാളുടെ സൈന്യത്തെ നിശ്ശേഷം ഒടുക്കിക്കളഞ്ഞു. 1899 നവംബർ 24-നു ഭരണാധികാരിയായ അബ്ദുല്ലയും കൊല്ലപ്പെട്ടു.

നോക്കുക, ഒരു രാജ്യത്തെ രക്ഷിക്കാനെന്ന ഭാവത്തിൽ അവതാരമെടുത്ത ഒരാൾ, താൻ പ്രവാചകനാണെന്നും മഹ്ദിയാണെന്നും സ്വയം അവകാശപ്പെടുകയും അല്ലാഹുവിന്റെ കരങ്ങളാൽ കൊല്ലപ്പെടുകയും ചെയ്തിരിക്കുന്നു. ഇന്ന്, യഥാർത്ഥ ഇമാം മഹ്ദിയുടെ ജമാഅത്ത്, ആ ഇരുണ്ട രാജ്യത്ത് സ്ഥാപിക്കപ്പെടുകയും, ആ സത്യമഹ്ദിയാൽ സ്ഥാപിതമായ ഖിലാഫത്ത് തുടർന്ന് നിലനിൽക്കുകയും ചെയ്യുന്നു. മാത്രമല്ല, കറുത്ത ആഫ്രിക്കയെയും, എന്നും കലാപകാരികളെന്നു ലോകം മുദ്രകുത്തിയ ഈ അറബ് സുഡാൻ വംശത്തെയും പുനരുദ്ധരിക്കാൻ അഹ്മദിയ്യാ ജമാഅത്ത് വിപുലമായ സംവിധാനങ്ങൾ അവിടെ ഒരുക്കുകയും ചെയ്തിരിക്കുന്നു. ഇത് ഇമാം മഹ്ദിയുടെ സത്യസാക്ഷ്യത്തിന്റെ ഉറച്ച തെളിവാണ്. കിഴക്കും പടിഞ്ഞാറും മാത്രമല്ല, വടക്കും തെക്കും ഇസ്‌ലാം അതിന്റെ ജൈത്രയാത്ര ആരംഭിച്ചുവെന്നതിന്റെ അടയാളം കൂടിയാണിത്. ആ വിജയമംഗളങ്ങൾക്കായി നമുക്കു പ്രാർത്ഥിക്കാം.

## ക്ഷമ

സന്ദർഭത്തെ നോക്കി ക്രോധത്തെ അടുക്കുന്നവരും ജനങ്ങൾക്ക് ക്ഷമിച്ചുകൊടുക്കുന്നവരും നന്മ ചെയ്യുന്നവരാകുന്നു.

(വി. ഖുർആൻ 3:138)

മുസാഫിർ

## കുറിപ്പുകൾ

# അന്ധനീതിയുടെ ബലിയാടുകൾ

വയനാട്ടിലെ നായ്ക്കാം ഇട്ടി പറമ്പിൽ ഷാജഹാനെ സഊദിയിലെ ഇസ്‌ലാമിക കോടതി മയക്കുമരുന്ന് കടത്തി എന്ന കുറ്റം ചുമത്തി തലവെട്ടിക്കൊല്ലുകയുണ്ടായി. ശിക്ഷ നടപ്പാക്കിയതിനുശേഷം ഷാജഹാൻ നിരപരാധിയായിരുന്നുവെന്ന് കേന്ദ്ര വിദേശ മന്ത്രാലയത്തിന്ന് സഊദിയിൽ നിന്നും റിപ്പോർട്ട് ലഭിച്ചിരിക്കുന്നു. (മലയാള മനോരമ, ഫെബ്രവരി 27). ദരിദ്രകുടുംബാംഗമായ ഷാജഹാൻ വിവാഹിതനും ഒരു പിഞ്ചുകുഞ്ഞിന്റെ പിതാവുമാണ്. അദ്ദേഹം നിരപരാധിയാണെന്നും മറ്റൊരാൾ അദ്ദേഹത്തെ കരുവാക്കിയതാണെന്നും കാണിച്ച് പാവപ്പെട്ട അദ്ദേഹത്തിന്റെ ബന്ധുക്കൾ ഇന്ത്യൻ വിദേശകാര്യവകുപ്പ് മുഖേന സഊദി കോടതിയെ യാഥാർത്ഥ്യം ബോധിപ്പിക്കാൻ ആവതും ശ്രമിച്ചു. ആ അർത്ഥനകളും വിലാപങ്ങളും അന്ധ നീതിപീഠത്തിന്റെ ബധിരകർണ്ണങ്ങളിലാണ് പതിച്ചത്. യാതൊരു തുടർ അന്വേഷണവും നടത്താൻ കൂട്ടാക്കാതെ മിന്നൽവേഗത്തിൽ വധശിക്ഷ നടപ്പാക്കുകയായിരുന്നു. അതിന്നുശേഷമാണ് ഇസ്‌ലാമിക കോടതിയിലെ ഖാസിമാർക്ക് ശിക്ഷിക്കപ്പെട്ടയാൾ നിരപരാധിയാണെന്ന് ബോധ്യം വന്നത്.

ചെന്നൈയിൽ നിന്നായിരുന്നു ഷാജഹാൻ സഊദിയിലേക്ക് വിമാനം കയറിയത്. അവിടെ നിന്ന് ഏജന്റ് അദ്ദേഹത്തെ യൂണിഫോം ധരിപ്പിക്കുകയും ഒരു ബാഗ് നൽകുകയും ചെയ്തു. ആ ബാഗിൽ ഒളിപ്പിച്ചു വെച്ച നിലയിലായിരുന്നു മയക്കുമരുന്നുണ്ടായിരുന്നതെന്ന് പറയപ്പെടുന്നു. ഇതൊന്നുമറിയാതെ ദമാം എയർപോർട്ടിൽ വന്നിറങ്ങിയ ഷാജഹാനെ സഊദി പോലീസ് പിടികൂടിയെന്നും പിന്നീട് കോടതി വധശിക്ഷ പ്രഖ്യാപിച്ചുവെന്നും റിപ്പോർട്ടിൽ കാണുന്നു. ഭാഷവശമില്ലാതിരുന്ന ഷാജഹാൻ ഖാസിയുടെ ചോദ്യങ്ങൾക്കെല്ലാം 'അതേ' എന്ന് ഉത്തരം പറഞ്ഞതായും കൂടുതലൊന്നും ചോദിക്കാതെ വധശിക്ഷ നടപ്പാക്കിയതായും പറയപ്പെടുന്നു. ഈ വാർത്ത ശരിയാണെങ്കിൽ അപരിഹാര്യമായ ഈ ഘോരാപരാധത്തിന് സഊദി ഇസ്‌ലാമിക കോടതിക്ക് എന്ത് മറുപടിയാണ് പറയാനുള്ളത്? തോരാത്ത കണ്ണുനീരുമായി സങ്കടക്കടലിൽ തള്ളപ്പെട്ട നിരാലംബരായ ആ അനാഥ കുടുംബത്തെ എന്തുവാക്കുകൾ പറഞ്ഞ് ആശ്വസിപ്പിക്കും?

നീതി നടപ്പാക്കി മനുഷ്യന്റെ ജീവനും സ്വത്തി നും രക്ഷ നൽകാൻ ഉത്തരവാദപ്പെട്ട കോടതിതന്നെ മറ്റുള്ളവരാൽ വഞ്ചിക്കപ്പെടുന്ന ഹതഭാഗ്യന്റെ യാഥാർ ത്ഥ്യം മനസ്സിലാക്കാൻ ശ്രമിക്കാതെ നിഷ്ക്കരുണം വധിച്ചുകളയുന്നത് പ്രാ കൃതവും മഹാപാപവുമല്ലേ? തൊണ്ടിവസ്തു ഒരാളുടെ കൈയ്യിൽ നിന്ന് പിടിക്കപ്പെട്ടത് കൊണ്ട് മാത്രം അയാൾ കുറ്റക്കാരനാകണമെന്നില്ല. നേരിട്ടുള്ള തെളിവു പോലെ സാഹചര്യത്തെളിവും അനുബന്ധതെളിവുമെല്ലാം (Resge state) സൂക്ഷ്മവും സമഗ്രവുമായി പരിശോധിച്ചതിന് ശേഷമാണ് ഒരാളെ കോടതി കുറ്റക്കാരനാണെന്ന് വിധിക്കുന്നത്. കുറ്റം ആരോപിക്കപ്പെട്ടയാളുടെ എതിർന്യായങ്ങൾ നിയമവിദഗ്ധന്റെ സഹായത്തോടെ കോടതിയെ ബോധിപ്പിക്കാൻ പ്രതിയെ അനുവദിക്കുകയും സംശയങ്ങളുടെ ആനുകൂല്യങ്ങളെല്ലാം പ്രതിക്ക് വകവെച്ച് കൊടുക്കുകയും വേണ്ടതാണ്. വധശിക്ഷ പോലെ പിന്നീട് പുനഃസ്ഥാപനത്തിന് കഴിയാത്ത ആത്യന്തികശിക്ഷകൾ പ്രഖ്യാപിക്കുമ്പോൾ ഈ കാര്യങ്ങളിൽ അവധാനതയും സൂക്ഷ്മതയും എത്രമാത്രം പാലിക്കണമെന്ന കാര്യം പ്രത്യേകം പറയേണ്ടതില്ലല്ലോ. രാഷ്ട്രാന്തരീയ മാനങ്ങളുള്ള കുറ്റമാണെങ്കിൽ കുറ്റത്തിന്റെ പ്രഭവകേന്ദ്രത്തിൽ വെച്ചുതന്നെ അന്വേഷണം നടത്തേണ്ടതുണ്ട്. അതിന് സാങ്കേതിക തടസ്സമുണ്ടെങ്കിൽ അത്തരം കുറ്റങ്ങൾ ചെയ്ത കുറ്റവാളിയിൽ ധൃതിപിടിച്ച് വധശിക്ഷ പോലെയുള്ള ശിക്ഷകൾ നടപ്പാക്കുന്നതിന് എന്ത് ന്യായീകരണമാണുള്ളതെന്ന് മനസ്സിലാവുന്നില്ല. അന്വേഷണം പൂർത്തിയാക്കാൻ ബുദ്ധിമുട്ടുണ്ടെങ്കിൽ വധശിക്ഷക്ക് പകരം ജയിൽശിക്ഷ നൽകിക്കൂടേ? സഊദിയുടെ ഇസ്‌ലാമിക നീതിപാലനം കാണുമ്പോൾ ഇസ്‌ലാമിക നിയമത്തിന്റെ ആകെ താല്പര്യം എങ്ങനെയെങ്കിലും മനുഷ്യനെ വകവരുത്തലാണോ എന്ന് തോന്നിപ്പോകും? വ്യഭിചാരത്തിന് അടി ശിക്ഷയെന്ന് ഖുർആൻ വ്യക്തമായി പറഞ്ഞിട്ടും സഊദി വധശിക്ഷയാണ് നടപ്പാക്കുന്നത്. ഇത്രയെല്ലാം കണിശമായി നിയമം നടപ്പാക്കിയിട്ടും അറബികളാകട്ടെ ലൈംഗിക സദാചാരത്തിന്റെ പരിശുദ്ധ മാതൃകകളാകുന്നുമില്ല. യൂറോപ്പിലേയും ഏഷ്യയിലേയും മാംസകമ്പോളങ്ങളിൽ നല്ലൊരു ശതമാനം ഉപഭോക്താക്കളും ശരീഅത്ത് നാട്ടിലെ പൗരന്മാരാണ്.

ഇതിന് സമാനമായ മറ്റൊരു വാർത്ത ഷാർജയിൽ നിന്നും റിപ്പോർട്ടു ചെയ്യപ്പെട്ടത് ഇപ്രകാരമാണ്.

പ്രകൃതി വിരുദ്ധ ലൈംഗിക കുറ്റത്തിന് വധശിക്ഷക്ക് വിധിക്കപ്പെട്ട കണ്ണൂർ സ്വദേശി അബ്ദുൾകലാം എന്ന യുവാവിനെ വളരെ യാദൃശ്ചികമായി അപ്പീൽ കോടതി നിരപരാധിയാണെന്ന് കണ്ടെത്തുകയും അബ്ദുൽ കലാമിനെതിരെ വ്യാജമായി ചമച്ച കള്ളകേസായിരുന്നു ഇതെന്ന് ബോധ്യമായ കോ ടതി അദ്ദേഹത്തെ വെറുതെ വിടുക യും ചെയ്തു. (മാധ്യമം - ഫെബ്രു. 28). 'ആയിരം അപരാധികളെ വെ റുതെ വിട്ടാലും ഒരു നിരപരാധിയും ശിക്ഷിക്കപ്പെടരുത്' എന്നാണ് നീതിവാക്യം. ഇസ്‌ലാമിക കോടതി എന്ന് പറഞ്ഞ് മുസ്‌ലിം നാടുകളിൽ നിലവിലുള്ള മുല്ലമാരുടേയും ശൈഖുമാരുടേയും കാടൻ രീതിയിലുള്ള നിയമവ്യവസ്ഥയും ബുദ്ധിശൂന്യമായ നീതിപാലന സംവിധാനങ്ങളും ഇന്നത്തെ മുസ്‌ലിം അവസ്ഥക്ക് ഭൂഷണം തന്നെ. നീതിബോധമുള്ള പ്രബുദ്ധ ലോകത്തിന് ഈ വ്യവസ്ഥ ജൂറാസിക് ദ്വീപുപോലെ പ്രാകൃതമായി തോന്നുന്നതി ൽ അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല.

സാമൂഹ്യജീവിതത്തിലെ എല്ലാറ്റിനേയും ജിഹാദീ ആവേശത്തോടെ ഇസ്‌ലാമികവത്കരിച്ച മുല്ലായിസത്തിന് നീതിസംവിധാനവും ശിക്ഷയും എത്രമാത്രം ക്രൂരമാവുന്നുവോ അത്രമാത്രം ഇസ്‌ലാമികമായിരിക്കും എന്നാണ് ധരിച്ചുവെച്ചിരിക്കുന്നത്. ശിക്ഷാശാസ്ത്രത്തിലും, കുറ്റശാസ്ത്രത്തിലുമുണ്ടാകുന്ന നൂതന വികാസങ്ങൾ ശ്രദ്ധിക്കാതിരിക്കുകയും മറ്റു മാനവീയ ശാസ്ത്രങ്ങളോട് മുഖം തിരിച്ചു നിൽക്കുകയും ചെയ്യുന്ന മുല്ലായിസം മധ്യകാലഘട്ടത്തിന്റെ തടവുകാരാണ്. അവരാണ് മുസ്‌ലിം രാജ്യങ്ങളിലെ നീതിപാലകർ. സഊദി അറേബ്യയിലെ ഗ്രാന്റ് മുഫ്തിയായിരുന്ന ശൈഖ് ഇബ്നുബാസിനെ ഓർക്കുക പരേതനായ ശൈഖ് അന്ധനായിരുന്നു. ഭൂമി പരന്നതാണെന്ന് അടിയുറച്ചു വിശ്വസിച്ച ഇബ്നുബാസായിരുന്നു സലഫികളുടെ മാതൃകാരാജ്യമായ സഊദിയിലെ മതവിധികൾ പുറപ്പെടുവിച്ചിരുന്ന പരമോന്നത മുഫ്തി. ഇതാണ് അവിടങ്ങളിലെ ന്യായാസനങ്ങളുടെ ശാസ്ത്രീയ പ്രബുദ്ധത. അല്ലാഹുവിന്റെ കഠിനശിക്ഷകളെപ്പറ്റി മാത്രം പറഞ്ഞ് ആളുകളെ ഭയപ്പെടുത്തി ശീലിച്ച മുല്ലമാർ അല്ലാഹുവിന്റെ കാരുണ്യത്തെ പറ്റിയും ഔദാര്യത്തെപററിയും അജ്ഞരാണ്. കുറ്റത്തെ കർശനമായി തടയാൻ തത്തുല്യശിക്ഷാസമ്പ്രദായം ആവിഷ്കരിച്ച ഖുർആൻ അതോടൊപ്പം തന്നെ കാരുണ്യവും മാപ്പും ഊന്നിപ്പറയുന്നത് ഇവർ ശ്രദ്ധിക്കുന്നില്ല. ഖുർആൻ ശിക്ഷയെക്കുറിച്ച് പറഞ്ഞിടത്തെല്ലാം മാപ്പും കരുണയും പ്രകടിപ്പിക്കണമെന്ന് പറഞ്ഞ കാര്യം ക്രൂരതയെ സ്നേഹിക്കുന്നവർ കാണാതെ പോകുന്നു. ഖുർആൻ പറയുന്നു" വിശ്വാസികളേ, വധിക്കപ്പെട്ടവരുടെ കാര്യത്തിൽ തത്തുല്യമായ പ്രതിക്രിയ ശിക്ഷാനിയമം നിങ്ങൾക്ക് വിധിക്കപ്പെട്ടിരിക്കുന്നു. ..............എന്നാൽ (കൊല്ലപ്പെട്ടവന്റെ) സഹോദരന്മാരിൽ നിന്ന് (കൊലചെയ്ത) ഒരുവന് വല്ല മാപ്പും ചെയ്യപ്പെടുന്നപക്ഷം ന്യായയുക്തമായ നിലയിൽ നടപടി സ്വീകരിക്കുകയും അവന് (മാപ്പ് ചെയ്തവന്) നല്ല നിലയിൽ നഷ്ടപരിഹാരം കൊടുത്ത് വീട്ടുകയും ചെയ്യേണ്ടതാണ്. ഇതാകട്ടെ നിങ്ങളുടെ നാഥനിൽ നിന്നുള്ള ലഘൂകരണവും കാരുണ്യവുമത്രെ'. (2:179)

ഇസ്‌ലാമിൽ കളവിന്നുള്ള കൈമുറിക്കൽ ശിക്ഷയെ വ്യാഖ്യാനിച്ചുകൊണ്ട് വിശ്വപ്രസിദ്ധ ഖുർആൻ നിയമപണ്ഡിതനും ലോകകോടതി ജഡ്ജിയുമായിരുന്ന സർ സഫറുല്ലാഹ്ഖാൻ (റ) പറഞ്ഞ അഭിപ്രായം ശ്രദ്ധേയമാണ്.

'അവരുടെ കൈകൾ മുറിക്കുക' എന്ന് പ്രത്യക്ഷാർത്ഥം നൽകാവുന്ന അറബിവാക്കുകൾ ഖുർആനിലുണ്ടെന്നത് നേരാണ്. മദ്ധ്യകാലത്ത് അതിന് ആ അർത്ഥം തന്നെയാണ് നൽകപ്പെട്ടിരുന്നതും...." "രണ്ടുകൈകളും" മുറിക്കുക (മൂലവാക്കിൽ പ്രയുക്തമായ പദങ്ങൾ) എന്ന ശിക്ഷ നൽകപ്പെട്ടിരുന്നില്ല. ഏകവചനം ഉപയോഗിക്കേണ്ടിടത്ത് ബഹുവചനരൂപത്തിലുള്ള പ്രയോഗം ശ്ലേഷോക്തിപരമായ ഒരു രഹസ്യം മനസ്സിലാക്കിത്തരുന്നുണ്ട്. 'ഐദീ' (കൈകൾ) എന്ന പദത്തിന് പ്രാഥമികമായ ഒരർത്ഥത്തിന് പുറമെ ഒരു വ്യഞ്ജകാർത്ഥം കൂടിയുണ്ട്. ഉദാഹരണമായി ഇബ്രാഹിം ഇസ്ഹാഖ്, യഅ്ഖൂബ് എന്നിവരെപ്പറ്റി. 'കൈകളും കണ്ണുകളുമുള്ളവർ' (ഉലിൽ ഐദി വൽ അബ്സാർ) എന്ന് പറയപ്പെട്ടിരുന്നതിന് (38:46) കഴിവും ഉൾക്കാഴ്ചയും ഉള്ളവർ എന്നാണർത്ഥം. ഇത് വ്യക്തമാണ്. 'ഐദീ (കൈകൾ) എന്ന പദത്തിന് ശക്തി കഴിവ് എന്നിങ്ങനെയുള്ള ദ്യോതകാർത്ഥങ്ങളുമുണ്ടെന്ന് ഇതിൽ നിന്നും സിദ്ധിക്കുന്നു. 'ഖത്ത്അ്' (മുറിക്കൽ) എന്ന പദത്തിന്നും ഒരു ഉദ്ദേശ്യാർത്ഥമുണ്ട്. ഉദാഹരണമായി 'ഖത്ത്ഉല്ലിസാൻ' (നാവു മുറിക്കൽ) എന്ന് പറഞ്ഞാൽ നിശ്ശബ്ദമാക്കുക അഥവാ സംസാരത്തെ നിരോധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്ക എന്നാണർത്ഥം. ആകയാൽ 'കൈകൾ മുറിക്കുക' എന്നതിന് അവരുടെ കഴിവും പ്രവർത്തനശേഷിയും പരിമിതപ്പെടുത്തുക അഥവാ അവരുടെ സ്വതന്ത്ര വിഹാരം നിയന്ത്രിക്കുക എന്നിങ്ങനെയും അർത്ഥം സിദ്ധിക്കുന്നു. (ഇസ്‌ലാമും മനുഷ്യാവകാശവും - സർ സഫറുല്ലാഹ് ഖാൻ - മലയാള പരിഭാഷ: പേ. 104)

ലോകത്തിലെ തന്നെ നീതിവ്യവസ്ഥയെ പരിഷ്കരിക്കുകയും വളരെയേറെ മുന്നോട്ടു കൊണ്ടുപോകുകയും ചെയ്ത മുസ്‌ലിം ലോകം ഇന്ന് നിയമവുമായി ബന്ധപ്പെട്ട മാനവീയ ശാസ്ത്രങ്ങളെപ്പറ്റി യാതൊരു ബോധവുമില്ലാത്ത മുല്ലാക്കളെയാണ് നിയമം കൈകാര്യം ചെയ്യാൻ ഏല്പിച്ചിട്ടുള്ളത്. കുറ്റം ആരോപിക്കപ്പെട്ട പ്രതിക്ക് സംശയത്തിന്റെ എല്ലാ ആനുകൂല്യങ്ങളും ലോകത്താദ്യമായി അനുവദിച്ചത് ഇസ്‌ലാമാണ്. ആ മുസ്‌ലിം നാടുകളിൽ നിരപരാധികളായ ആളുകളെ ഖാസിമാരുടെ മുട്ടാളത്തരം അന്വേഷിക്കാനുള്ള വൈമുഖ്യം, അന്വേഷണത്തിലെ വൈകല്യം, മറ്റു ശാസ്ത്രവിജ്ഞാനങ്ങളുടെ അഭാവം എന്നീ വൈകല്യങ്ങളോടെ വധശിക്ഷ പോലെയുള്ള അപരിഹാര്യമായ ആത്യന്തികശിക്ഷകൾ നൽകി വളരെ നിരുത്തരവാദിത്വപരമായി നീതി നട

ത്തുകയാണ്. അതും അതിവേഗത്തിൽ! വധശിക്ഷയുടെ കാര്യത്തിൽ വിചാരണ അല്പം സാവകാശമായാലെന്താണ്? ഒരുപക്ഷേ മനുഷ്യസഹജമായ കൈതെറ്റുകളോ പിശകുകളോ ഒരു നിരപരാധിയുടെ ജീവനെ നഷ്ടപ്പെടുത്തുന്നത് തടയുവൻ ഒരു പരിധിവരെ ഇത് മൂലം സാധിക്കുമല്ലോ?

എന്തുകൊണ്ട് മുസ്‌ലിം രാജ്യങ്ങളിൽ ഇങ്ങനെയൊക്കെ സംഭവിക്കുന്നു? Enlightened Moderation എന്ന വിഷയത്തെ അധികരിച്ച് ഒ.ഐ.സി.യിൽ നടന്ന ചർച്ചയിൽ എ.എം. അഷറഫ് എന്ന അഹ്മദി ചിന്തകൻ അവതരിപ്പിച്ച പ്രബന്ധത്തിൽ ഉന്നയിച്ച വസ്തുത മുസ്‌ലിം ലോകത്തെ ഇരുത്തിചിന്തിപ്പിക്കുന്നതാണ്. അദ്ദേഹത്തിന്റെ പ്രബന്ധത്തിൽ പാശ്ചാത്യൻ നാടുകളിൽ നിന്നും കുറ്റവാളികളായി അറസ്റ്റ് ചെയ്തവരെ മുസ്‌ലിം നാടുകളിലെ ജയിലുകളിൽ കൊണ്ടുവന്ന് ക്രൂരമായി ഭേദ്യം ചെയ്ത് ചോദ്യം ചെയ്ത് വിവരം ശേഖരിക്കുന്ന സംഭവങ്ങൾ ചൂണ്ടിക്കാട്ടുന്നു. അമേരിക്കയുടെ നിയന്ത്രണത്തിലുള്ള കുറ്റവാളികളെ കൈകാര്യം ചെയ്യാൻ അവരുടെ ദേശത്തിന്റെ നിയമാതിർത്തിക്ക് പുറത്ത് ദൂരെയുള്ള ഗൊണ്ടനാമോ ജെയിലിൽ കൊണ്ടുപോയി പീഡിപ്പിക്കുന്നതു പോലെയാണിത്. അമേരിക്കക്കാർ നിയമപരമായി കുറ്റക്കാർ ആകാതിരിക്കാൻ ചെയ്യുന്ന ഒരു തന്ത്രമാണിത്.

യൂറോപ്യന്മാരുടെ ഇത്തരം ജയിൽ പീഡനങ്ങൾ മുസ്‌ലിം രാജ്യങ്ങളിൽ അരങ്ങേറാൻ കാരണം പ്രബുദ്ധമായ ഒരു ജനാധിപത്യവ്യവസ്ഥയോ, മനുഷ്യാവകാശ സംഘടനകളോ, ഭരണകൂടത്തെ വിമർശക്കാനുള്ള സ്വാതന്ത്ര്യമോ സ്വതന്ത്ര പത്രപ്രവർത്തനമോ മുസ്‌ലിം രാജ്യങ്ങളിൽ ഇല്ല എന്നുള്ളതാണ്. പൗരാവകാശസംഘടനകളോ, മനുഷ്യാവകാശ പ്രസ്ഥാനങ്ങളോ ആ നാടുകളിൽ മിക്കതിലും കേട്ടുകേൾവിപോലുമില്ല. ഉണ്ടെങ്കിൽ തന്നെ അവ നിർജീവമാണ്. അതുകൊണ്ട് അവിടത്തെ ജെയിലുകളിൽ എന്തുമാകാം. പാശ്ചാത്യ രാജ്യങ്ങളിൽ അതല്ല സ്ഥിതി. അവിടെ കൊടും കുറ്റവാളിയോടുപോലും നീതി പൂർവ്വവും മനുഷ്യത്വപരവുമായി മാത്രമേ പെരുമാറാൻ സാധിക്കൂ. പോലീസധികാരികൾ മറിച്ച് പെരുമാറിയാൽ അത് അവിടെ വമ്പിച്ച പൊതുജനപ്രക്ഷോഭണങ്ങൾ ക്ഷണിച്ചുവരുത്തും. അതുകൊണ്ടാണ് മുസ്‌ലിം നാടായ ഇറാഖിലെ അബു ഗുറൈബ് ജയിലിൽ ചെന്നായ്ക്കളുടെ ഹൃദയവുമായെത്തിയ അമേരിക്കൻ ബ്രിട്ടീഷ് പട്ടാളക്കാർക്ക് അഴിഞ്ഞാടാൻ ധൈര്യമുണ്ടായത്. അവിടെ ആരേയും ഭയക്കേണ്ടതില്ലല്ലോ. എന്നിട്ടും പാശ്ചാത്യൻ നാടുകളിൽ നിന്നാണ് അതിനെതിരെ പ്രക്ഷോഭണങ്ങളും പ്രതിഷേധങ്ങളും ഉയർത്തുന്നത് എന്നതും ശ്രദ്ധേയമാണ്.

മുല്ലമാരും ശൈഖുമാരും നേതൃത്വം കൊടുക്കുന്ന മുസ്‌ലിം രാജ്യങ്ങൾ തന്നെ പാരതന്ത്ര്യത്തിന്റെ ഒരു ജയിലാണ്. പിന്നെ ജയിൽ പുള്ളികളുടെ സ്ഥിതി പറയണോ? ഇസ്‌ലാമിന്റെ കാരുണ്യമൂർത്തിയായ പ്രവാചകൻ തടവുകാരെ പറ്റി പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പ് പറഞ്ഞത്. ഏത് മനുഷ്യസ്നേഹിയുടെയും ചിന്തകളേക്കാൾ എത്രമാത്രം ഉദാത്തമാണ്! റസൂൽ തിരുമേനി(സ) അരുളിയ ഒരു മഹ്ദവചനം ഉദ്ധരിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കാം.

‘അല്ലയോ മനുഷ്യരേ, നിങ്ങളുടെ ഉടമസ്ഥതയിൽ ഇപ്പോഴും യുദ്ധത്തടവുകാരുണ്ട്. ഞാൻ നിങ്ങളെ ഉപദേശിക്കുന്നു. നിങ്ങൾ ഭക്ഷിക്കുന്നത് പോലെ അവരെയും ഭക്ഷിപ്പിക്കുക നിങ്ങൾ വസ്ത്രം ധരിക്കുന്നത് പോലെ അവരെയും വസ്ത്രം ധരിപ്പിക്കുക. അവർക്ക് വേദനയും വിഷമങ്ങളും നൽകുന്നത് ഒരിക്കലും അനുവദനീയമല്ല. (അബൂദാവൂദ്) ●

*(34 -ാം പേജിൽ നിന്ന് തുടർച്ച)*


“ജനതകൾ തമ്മിലുള്ള പരസ്പര ഇടപാടുകൾ പരസ്പര ബഹുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. മറിച്ച് സ്നേഹത്തിന്റെ അടിസ്ഥാനത്തിലല്ല നിലകൊള്ളുന്നത്. ഒരിക്കലും തന്നെ യഹൂദന് അത്തരത്തിലുള്ള ബഹുമാനം ലഭിക്കാൻ സാധ്യതയില്ല. കാരണം അവർക്ക് അത്തരത്തിലുള്ള ഒരു ദേശീയ സമത്വത്തിന്റെ അഭാവമുണ്ട്. ജൂത ജനതക്ക് അവരുടേതായ ഒരു പിതൃഭൂമിയില്ല. അവർക്ക് ഒരു ഭൂഗുരുത്വ കേന്ദ്രമല്ല. അവരുടേതായ ഭരണകൂടമില്ല. അവരുടേതായ ഔദ്യോഗിക പ്രതിനിധികളില്ല. ഒരു ദേശാതിർത്തി ഇല്ലാത്ത ജനതക്ക് ഒരു യാഥാർത്ഥ്യവുമില്ല. ഒരു മനുഷ്യന് നിഴലില്ലാത്തത് പോലെയാണത്”

യൂറോപ്പിലെ ദേശീയതയോട് ആഭിമുഖ്യമുണ്ടായിരുന്ന യഹൂദ ചിന്തകന്മാരെല്ലാം തന്നെ അതിനു മുമ്പത്തെ കാലത്തെ കടുത്ത യഹൂദ പീഡനങ്ങൾ നേരിട്ട് അനുഭവിച്ചവരായിരുന്നു. ദേശീയതയുടെ കാലത്തും റഷ്യയിൽ പോഗ്രോം എന്ന യഹൂദ വേട്ട അരങ്ങേറുകയുണ്ടായി. പതിനെട്ടാം നൂറ്റാണ്ടിലെ ദേശീയതയുടെ മുന്നേറ്റത്തെ യഹൂദികൾ അനുകൂലിച്ചെങ്കിലും ആ സ്വാതന്ത്ര്യങ്ങളെല്ലാം തങ്ങളുടേത് കൂടിയാണെന്ന് അവർക്ക് ഒരിക്കലും വിശ്വസിക്കാൻ കഴിഞ്ഞില്ല. ക്രിസ്തീയ യൂറോപ്പിൽ നിന്നും അവർ അത്രമാത്രം വിവേചനവും പീഡനവും അനുഭവിച്ചിരുന്നു. യഹൂദ പ്രശ്നത്തിന് യൂറോപ്യൻ ദേശീയതയുടെ പിന്നിൽ അണിനിരക്കുക എന്നത് ഒരിക്കലും പരിഹാരമല്ല എന്ന് അവർക്കറിയാമായിരുന്നു.

നൂറ്റാണ്ടുകളായി ക്രിസ്തീയ യൂറോപ്പിൽ നിന്ന് അനുഭവിച്ച പീഡനങ്ങൾ തങ്ങൾ ഒറ്റപ്പെട്ട ഒരു ജനതയാണെന്ന ബോധവും അവരിൽ രൂഢമൂലമാക്കി. അങ്ങനെ യൂറോപ്പിൽ അരങ്ങേറ്റം കുറിച്ച ദേശീയത യഹൂദരുടെ സ്വന്തം മത ദേശീയതക്ക് പ്രേരണയായി വർത്തിച്ചു.

(തുടരും) ●

## അനുസ്മരണം
## വി.പി. മുഹമ്മദ് സാഹിബ്



കൂടാളി: കൂടാളി ജമാഅത്തിലെ ഇമാമുസ്സലാത്ത് ആയിരുന്ന വി.പി. മുഹമ്മദ് സാഹിബ് ഫിബ്രവരി 6–ന് ഞായറാഴ്ച അന്തരിച്ചു. ഇന്നാലില്ലാ.....

ചെറുപ്പനാൾ മുതൽക്കേ തികഞ്ഞ ഭക്തിമാർഗ്ഗത്തിൽ ജീവിച്ച മുഹമ്മദ് സാഹിബ് നമസ്കാരം കണിശതയോടെ നിർവ്വഹിച്ചിരുന്ന ഒരു സാത്വികനും ജമാഅത്തിന്റെ ഒരു സജീവ പ്രവർത്തകനുമായിരുന്നു. ശാരീരിക അവശതകളാൽ ശയ്യാവലംബനാവുന്നത് വരെ അദ്ദേഹം ഇമാമുസ്വലാത്തായി സേവനമനുഷ്ഠിക്കുകയുണ്ടായി.

പഠിക്കുന്ന കാലത്ത് 'അക്ഷരശ്ലോക'ത്തിലും 'കണക്കി'ലും മുഹമ്മദ് സാഹിബിനെ കവച്ചുകടക്കാൻ ആരുമുണ്ടായിരുന്നില്ലെന്ന് സഹപാഠികളായ അഹ്മദികൾ പറയുന്നു! സ്വതസിദ്ധമായ ഈ കഴിവുകൾ പിന്നീട് ഖുർആൻ പഠനത്തിനും, ഖുർആൻ പാരായണത്തിനുമാണ് അദ്ദേഹം വിനിയോഗിച്ചത്! അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ജീവസന്ധാരണത്തിന് ഭക്ഷണമെന്നപോലെ നിത്യജീവിതത്തിന്റെ ഭാഗമായിരുന്നു ഖുർആൻ പാരായണം! തന്റെ ഓരോ മക്കളുടെ പേരിലും ഖുർആൻ ഓതിത്തീർക്കുന്ന സ്വന്തമായ ഒരു സമ്പ്രദായവും അദ്ദേഹം സ്വീകരിച്ചുവന്നിരുന്നു! ആസന്നമരണനായി രോഗശയ്യയിൽ കിടക്കുമ്പോൾ വരെ ഖുർആൻ ഓതിയത് കേട്ടപ്പോൾ അതിലുണ്ടായ തെറ്റ് അദ്ദേഹം തിരുത്തുകയുണ്ടായി. അത്രമാത്രം ഖുർആൻ പരായണ ശുദ്ധി അദ്ദേഹം പാലിച്ചിരുന്നു. രണ്ടു മാസം മുമ്പു വരെ വീടുവിട്ടാൽ മസ്ജിദും, മസ്ജിദ് വിട്ടാൽ വീടുമായിരുന്നു മുഹമ്മദ് സാഹിബിന്റെ ലോകം!

കൂടാളിയിലെ പടർന്നുപന്തലിച്ച ഒരു വലിയ കുടുംബത്തിലെ അംഗമായിരുന്ന അദ്ദേഹത്തിന്റെ സഹോദരീസഹോദരന്മാരിൽ ഇപ്പോൾ ജീവിച്ചിരിക്കുന്നത് ജമാഅത്തിന്റെ മുൻ പ്രസിഡണ്ടായിരുന്ന ജ്യേഷ്ഠസഹോദരൻ ജനാബ് വി.പി. അബ്ദുൽ ജലീൽ സാഹിബും, സഹോദരി വി.പി. മറിയം ബീവി സാഹിബയുമാണ്. പരേതന്റെ ഭാര്യ പഴയങ്ങാടിയിലെ മർഹൂം ടി.കെ.പി. കുഞ്ഞിമൊയ്തീൻ സാഹിബിന്റെ മകൾ എ.ടി. ഫാത്തിബി സാഹിബയാണ്. മക്കൾ : നിഗാറുന്നിസ, സാജിദ, മുബാറക്ക, സമീറ, വഹീദ, അൻവർ, അബ്ദുൽ ഹയ്യ്, മരുമക്കൾ : നാസർ (കണ്ണൂർ) അക്ബർ (കോഴിക്കോട്) നസീം അഹ്മദ് (കൊടിയത്തൂർ) അബ്ദുൽ ലത്തീഫ് (കോഴിക്കോട്) ഇഫ്തികാർ അഹ്മദ് (പഴയങ്ങാടി), ശബ്ന (കോഴിക്കോട്) റഫീള (പഴയങ്ങാടി). അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

**കെ.പി. അഹ്മദ്, കൂടാളി.**

### സൂഫിക്കഥ
# മിതവ്യയനായ ഔദാര്യവാൻ

ഒരിക്കൽ കടം കൊണ്ട് പൊറുതി മുട്ടിയ ഒരാൾ റസൂൽ തിരുമേനി(സ)യുടെ അരികെ വന്നു പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ; കടം കൊണ്ട് ഞാൻ വലഞ്ഞു പോയിരിക്കുന്നു. ആയിരം ദിർഹം ഉടനെ കിട്ടിയില്ലെങ്കിൽ പിന്നെ ജീവിച്ചിരുന്നിട്ടു ഫലമില്ല' തിരുമേനി (സ) യുടെ കൈയ്യിൽ അപ്പോൾ ഒന്നുമുണ്ടായിരുന്നില്ല. തിരുമേനിക്ക് (സ) സങ്കടമായി. അവിടുന്ന് അരുളി: താങ്കൾ ഉസ്മാനിബ്നി അഫ്ഫാ(റ)ന്റെ സന്നിധിയിൽ ചെന്നു പറയുക. ആയിരം ദിർഹം തരാൻ ഞാൻ പറഞ്ഞിട്ടുണ്ടെന്ന്.'

ആഗതൻ സന്തോഷപൂർവ്വം ഉസ്മാൻ (റ) ന്റെ സന്നിധിയിലേക്ക് പോയി സന്ധ്യാനേരത്തായിരുന്നു അദ്ദേഹം അവിടെയെത്തിയത്. അപ്പോൾ ഉസ്മാൻ(റ) തന്റെ ഭൃത്യനെ ശകാരിക്കുന്നതാണ് കേട്ടത്. എണ്ണ വിളക്കിന്റെ തിരി അല്പം നീട്ടിയതിനാണ് ശകാരം. ഇത് കേട്ടപ്പോൾ ആഗതൻ കരുതി. ധനികനായ ഉസ്മാൻ മഹാപിശുക്കനാണെന്ന്. ഉസ്മാനോട് (റ) ഒന്നു ചോദിക്കാതിരിക്കുന്നതാണ് നല്ലത്. അദ്ദേഹം തിരുനബി(സ)യുടെ അടുക്കലേക്ക് മടങ്ങി. സംഭവം പറഞ്ഞു.

തിരുമേനി(സ) അരുളി: 'മനുഷ്യാ ഉസ്മാൻ തന്റെ ഭൃത്യനെ ശകാരിച്ചത് അനാവശ്യമായി വിളക്ക് കത്തിച്ച് എണ്ണ ചിലവാക്കിയതിനാണ്. ധൂർത്തിനെ ഇസ്ലാം കഠിനമായി വിരോധിക്കുന്നു. ധൂർത്തരെ അല്ലാഹു സ്നേഹിക്കുകയില്ലെന്നു ഖുർആൻ പ്രഖ്യാപിക്കുന്നു. അനാവശ്യമായി ഒരു തുള്ളി പച്ച വെള്ളം പോലും ചിലവാക്കാൻ പാടില്ല. താങ്കൾ വീണ്ടും ചെന്ന് ഉസ്മാനോട് ചോദിക്കുക'

ആ മനുഷ്യൻ പിന്നെ സംശയിക്കാതെ ഉസ്മാൻ(റ)ന്റെ സന്നിധിയിലെത്തി. അസ്സലാമു അലൈക്കും

വ അലൈക്കുമുസ്സലാം.... സഹോദരാ ഇരിക്കൂ. ആഗതൻ ഇരുന്നു ഉസ്മാൻ കുശലാന്വേഷണങ്ങൾ നടത്തി. ആഗതൻ തന്റെ ആവശ്യമറിയിച്ചു. ഉസ്മാൻ(റ) ചോദിച്ചു: 'ആയിരം ദിർഹം കിട്ടിയാൽ കടമെല്ലാം തീരുമോ?

'അവധിയെത്തിയ കടം മുഴുവൻ തീരും. അദ്ദേഹം പറഞ്ഞു.

മുഴുവൻ കടവും തീരാൻ എത്ര പണം വേണം.'

സുമാർ രണ്ടായിരം ദിർഹം വേണ്ടിവരും. എങ്കിൽ മുഴുവൻ കടവും തീർത്തേക്കുക. രണ്ടായിരം ദിർഹം ഞാൻ തരാം.'

ഉസ്മാൻ (റ) രണ്ടായിരം ദിർഹം കൊടുത്തു.

**സമ്പാ: എ.എം.**